3079


# കളരി

പത്രാധിപർ:
എ. വി. എസ്സ്. പണിക്കർ.

| | | |
|---|---|---|
| പുസ്തകം 1 | 1954 നവംബർ | ലക്കം 6 |


## പത്രാധിപക്കുറിപ്പ്.

### ആൾ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ബ്രാഞ്ച് തൃശ്ശൂർ.

1938 ജൂലായി 3-ാംനു- ആണ്, "കൊച്ചിൻ സ്റ്റേറ്റ് മെഡിക്കൽ അസോസിയേഷൻ" എന്ന പേരിൽ 19 അംഗങ്ങൾ മാത്രമുള്ള ഒരു ചെറു സംഘടന ഡാക്ടർ ശ്രീ. ഏ. ആർ. പൊതുവാൾ അവർകളുടെ നേതൃത്വത്തിൽ സമാരംഭിച്ചത്. അല്പം ചില കാലംകൊണ്ട് അതു ക്രമേണ അഭിവൃദ്ധിപ്പെടുകയും, കൊച്ചിയിൽ അന്ന് സ്ഥാപിതമായിരുന്ന "കൊച്ചിൻ മെഡിക്കൽ അസോസിയേഷനുമായി യോജിച്ച് 1945ൽ ശ്രീ. ഏ. ലക്ഷ്മണസ്വാമിമുതലിയാരുടെ അദ്ധ്യക്ഷതയിൽ കൂടിയ മഹാസമ്മേളനത്തിൽവെച്ച് "ആൾ കൊച്ചിൻ മെഡിക്കൽ അസോസിയേഷൻ" എന്ന പേരിൽ ഒരു പൊതുസംഘടനയായി രൂപീകൃതമാകുകയും ചെയ്തു.

തദ്വാരാ, ഭരണനിപുണനും, സ്ഥിരോത്സാഹിയുമായ ഡാക്ടർ എം. എസ്സ്. മേനോൻ അവർകൾ ഈ സംഘടനയുടെ സിക്രട്ടറിസ്ഥാനം സ്വീകരിച്ചു നിരവധി അംഗങ്ങളെ ചേർത്തു പോഷിപ്പിക്കുകയും, തെക്കും വടക്കും രണ്ടു ശാഖകൾ സ്ഥാപിച്ചു സുസ്ഥിരമാക്കുകയും ചെയ്തു.

1948ൽ 'ആൾ ഇന്ത്യൻ മെഡിക്കൽ അസോസിയേന്നൻ" എന്ന കേന്ദ്രസംഘടനയോടുകൂടി ഇതു യോജിച്ച് ഇപ്പോൾ കേന്ദ്രത്തിന്റെ കീഴിലുള്ള "തിരു: കൊച്ചി മെഡിക്കൽ അസോസിയേഷൻ" എന്ന സംസ്ഥാനശാഖകളിൽ തൃശ്ശൂർ ശാഖയായി പരിലസിക്കുന്നു. ഇതിന്റെ വ്യാപകാതൃത്തി വടക്ക് ഭാരതപ്പുഴയും, തെക്ക് ചാലക്കുടിപ്പുഴയും, പടിഞ്ഞാറ് അറബിക്കടലും, കിഴക്ക് പശ്ചിമഘട്ടവുമായി വിപുലീകരിക്കുകയും വെയ്തിട്ടുണ്ട്. നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുതന്നെയാണ് ഈ സംഘടന വളർന്നുവരുന്നതു്

ഏതൊരു പൊതുസംഘടനയുടേയും അഭ്യുന്നതി അതാതുകാലത്തെ ഭരണകർത്താക്കളുടെ പരിതഃസ്ഥിതിയെ അനുകരിക്കുകയാണല്ലോ പതിവ്. തന്നെയല്ല, ആത്മാർത്ഥതയും, നിസ്വാർത്ഥതയും' സത്യസന്ധതയും നിറഞ്ഞ പ്രവർത്തനമാണ് ഏതൊരു സംരംഭത്തേ വിജയിപ്പിക്കുന്നതും.

പാശ്ചാത്യവൈദ്യശാസ്ത്രത്തിൽ ഉന്നതബിരുദകം നേടി പേരും പെരുമയും സമ്പാദിച്ച് വിശ്വവിഖ്യാതനായ ശ്രീ. ഡാക്ടർ വി. എൻ. കൃഷ്ണയ്യരാണ് ഇപ്പോൾ ഇതിന്റെ ചെയർമാൻ പദം അലങ്കരിക്കുന്നത്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ സന്ദർഭോചിതം ഔചിത്യബോധത്തോടെ പ്രവർത്തിക്കത്തക്ക പ്രാപ്തിയുള്ള ശ്രീ. ഡോക്ടർ കെ. ജി. സംഗം ഈ സംഘടനയുടെ ജനറൽ സിക്രട്ടറിപദം സ്വീകരിച്ചു സജീവമായി പ്രവർത്തനം ചെയ്തുവരുന്നുമുണ്ട്.

ഇക്കഴിഞ്ഞ ഒക്ടോബർ 24-ാംനു- നടന്ന മെഡിക്കൽ കോൺഫ്രൻസിൽ പ്രസിദ്ധംചെയ്തിരുന്ന സോവനീയരിന്റെ കോപ്പി അയച്ചു തന്നിരുന്നതു് വായിക്കുവാനിടയായി. അതിൽ ചെയർമാൻ അവർകളുടെ ''സ്വാഗത:'' പ്രസംഗത്തിൽ, ഓരോ വൈദ്യന്റെയും കർത്തവ്യങ്ങളെ പററിയും പരാമർശിക്കുന്ന കൂട്ടത്തിൽ സംഘടന ഉത്തരം പറയേണ്ട ചില പ്രത്യേക സംഗതി ഉന്നച്ചിട്ടുള്ളതു് ശ്രദ്ധാർഹമായിരിക്കുന്നു. ''നമ്മൾ, അഞ്ചു കൊല്ലത്തെ പരിശ്രമത്തിന്നിടയിൽ എന്തൊക്കെ ചെയ്തു? എന്താണ് അനന്തരഫലങ്ങൾ? നമ്മളുടെ പരിശ്രമങ്ങളും പ്രവർത്തനങ്ങളും അല്പമെങ്കിലും പുരോഗമിച്ചിട്ടുണ്ടോ? പൊതുജനൈശ്വര്യവും ക്ഷേമവുമാണ് എല്ലാ ഡാക്ടർമാരുടേയും കർത്തവ്യമെന്നിരിക്കെ ആയതിനെ ലക്ഷീകരിച്ചിട്ടുള്ള നമ്മളുടെ പ്രവർത്തനം ഇന്ന് എത്രത്തോളം ഫലപ്രദമായിട്ടുണ്ട്?'' എന്നും മററുമുള്ള ചോദ്യങ്ങൾക്ക് നാളിതുവരെ മറുപടി പറയത്തക്ക വിധത്തിലുള്ള ഒരു പുരോഗമനവും ഉണ്ടായില്ലെന്നുള്ളതുകൊണ്ട്, ഭാവിയിൽ ഓരോരുത്തരും തങ്ങളുടെ പ്രവർത്തനങ്ങളെ കുറേക്കൂടി ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു എന്നു ഉൽബോധിപ്പിച്ചിരിക്കുന്നു. ഇതിനുദാഹരണമായി അമേരിക്ക തുടങ്ങിയ വിദേശ രാഷ്ട്രങ്ങളിൽ ഇത്തരം സംഘടനകൾ പൊതുലോകത്തെ ഏതുപ്രകാരമാണ് സേവനം ചെയ്യുന്നതു് എന്നും, ആയതുകൊണ്ടു സിദ്ധിച്ച പ്രയോജനത്തെ സംബന്ധിച്ചുംമററും ചെയ്ത അദ്ദേഹത്തിന്റെ വിശദീകരണം സ്തുത്യർഹമാകുന്നു. ഒരു രാഷ്ട്രത്തിന്റെ നിലനിൽപ്പു തന്നെ തദ്ദേശീയ ജനതയുടെ ശരീരാരോഗ്യത്തെ അടിസ്ഥാനപ്പെടുത്തിയാണ്. അതിനുള്ള ഉപാധി വൈദ്യശാസ്ത്രത്തെ ആശ്രയിച്ചു നില്ക്കുന്നതുകൊണ്ട്, തൽഭാരവാഹികളുടെ നിസ്വാർത്ഥമായ പരിശ്രമം ഏററവും അവശ്യമാണെന്നും അദ്ദേഹം പറയുന്നു. 1953-ലെ കാനേഷുമാരി കണക്കപ്രകാരം 52 കോടിയിൽപരമുള്ള ഇന്ത്യൻ ജനതയുടെ സകലവിധ ഐശ്വര്യത്തിന്നും, ക്ഷേമത്തിന്നും കാരണഭൂതമായിട്ടുള്ളതു് ആരോഗ്യവർദ്ധനമാണെന്നും, ആയതിന്നു് ഉത്തരവാദപ്പെട്ടു നില്ക്കാവുന്ന ഒരു പരിത:സ്ഥിതിയിലാണ് ആൾ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ നിലകൊള്ളുന്നതെന്നും, പ്രസ്തുത സംഘടനയുടെ നട്ടെല്ലുകളായിരിക്കുന്ന നമ്മളിൽ നിക്ഷിപ്തങ്ങളായ കടമകൾ എത്രയോ മഹത്തരവും, ബഹുമാനാർഹവും അത്യന്താപേക്ഷിതവുമാണെന്നു കൂലംകഷമായി വിശകലനം ചെയ്തു മനസ്സിലാക്കി, ഉച്ചനീചത്വമനോഭാവമോ, വ്യക്തിവിദ്വേഷമോ കൂടാതെ ഏകയോഗക്ഷേമത്തിന്നു വേണ്ടി ഒത്തൊരുമിച്ചു് പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നും കൂടി അദ്ദേഹം അഭിപ്രായപ്പെട്ടു. ആത്മാർത്ഥതയുടേയും, ഭൂതദയയുടേയും, ഉത്തരവാദിത്വ ബോധത്തിന്റെയും, അടിത്തട്ടിൽ നിന്നും ആളിക്കത്തി വരുന്ന ഇത്തരം അഭിപ്രായങ്ങളെ ഏവക്കും സമ്മതിക്കാതെ നിവ്വാഹമില്ല.

ആയുർവേദത്തേയും, യഥാവിധി പോഷിപ്പിക്കേണ്ട ചുമതല കൂടി പ്രസ്തുത സംഘടനക്കുള്ളതാണ്. ഋഷിപ്രോക്തങ്ങളായ ആയുർവേദത്തെ ശരിയായി അഭ്യസിപ്പാനുള്ള കഴിവോ, അഭ്യസിപ്പിക്കാനുള്ള സാദ്ധ്യതയോ ഇല്ലാതെ ആയുർവ്വേദം അനുദിനം അധ:പതിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. ഒരുവിധത്തിലുള്ള പ്രോത്സാഹനവും അതിന്നില്ലതാനും. മരുന്നുകൾ വിധിയാംവണ്ണം പാകം ചെയ്യുവാനുള്ള കഴിവില്ലായ്മയും, മനുഷ്യന്റെ ധൃഷണമനസ്ഥിതിയുടെ വളച്ചയും ആണ് ആയുർവേദത്തെ ഇത്രയും അധ:പതിപ്പിച്ചതു്. ഒരേ വിധി അനുസരിച്ചുള്ള മരുന്നിന്നു് പലടിക്കിലും പല രൂപവും പല വിലയും ഫലവുമാണ് കാണുന്നതു്. ലാഭം ഇഛിച്ചുകൊണ്ടുള്ള വ്യാപാരമായിത്തീന്നതുകൊണ്ട് മാക്കററിൽ വിലപോകത്തക്കവണ്ണം വ്യാപാരികൾ പലവിധ കൃത്രിമങ്ങളും ചെയ്തുപോരുന്നുമുണ്ട്. ഇത്തരം സംഘടനകളുടെ ദയാദൃഷ്ടി ആയുർവേദത്തിന്റെ പുനരുദ്ധാരണത്തിന്നു് ഏററവും ആവശ്യമാണെന്നു് കൂടി ഞങ്ങൾ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

# സമസ്യാപൂരണങ്ങൾ

ഇക്കാണുന്ന മഹാസമുദ്രസമമാം വൻ
സേനയും, വ്യൂഹവും
ആർക്കും പാണ്ഡവസംഘവും,
ബഹളവും പുല്ലാണ ദുഃസ്സാദന!!!
ആർത്തത്രാണപരായണൻ യദുവരൻ
മായാവിയാം കൃഷ്ണനാ-
ക്കുന്തീനന്ദനരിൽ കടാക്ഷമിനി "വെ
ച്ചിടായ്കിൽ നേടാംജയം"

എ. വി. എസ്സ്. പണിക്കർ.

കാര്യാകാര്യവിവേചനപ്രതിഭയുണ്ടാ
ക്കീട്ടുവാൻ ശ്രദ്ധവെ-
ച്ചാകുംമട്ടുപദേശമേകിവരുമാസദ്
വൃത്തരാം മർത്ത്യരെ
സ്നേഹിക്കാതവരോടെതിർത്തുവെ
റുതേവൈരംപരംനേടുവാ-
നായിബ്ഭാവിയിലെങ്കിലും പഴുതു"വെ
ച്ചീടായ്കിൽ നേടാംജയം"

കെ. എൻ. കെ. പി.

തുല്യസ്നേഹനിലയ്ക്കുവാഴമിതരപ്പു
ത്രങ്ങളോടീർഷ്യയും,
കല്യന്മാരുടെ ലേഖനങ്ങൾ വിലവെ
ച്ചീടാതുപേക്ഷിക്കലും,
എല്ലാ മാന്യമഹാശയർക്കെഴുമഭി
പ്രായങ്ങളെത്തള്ളലും,
ചൊല്ലാമീവക ലേശവും മതിയിൽ
"വെച്ചീടായ്കിൽ നേടാംജയം"

സി. കെ. കുഞ്ഞുരാമുണ്ണിപണിക്കർ; ചുണ്ടൻ.

ഞാനെത്തേണമൊരുന്നതസ്ഥിതി
യിൽ,ലെൻപേരതു വർദ്ധിക്കണം.
മാനിക്കേണമശേഷരും, മഹിളമാർ
ക്കാരാദ്ധ്യനാനാവണം
നാനാചിന്തകളീവിധം തുടരുകിൽ
തെററില്ല; മററവരും
മാനംകെട്ടുഴലേണമെന്ന 'കറ'"വെ
ച്ചീടായ്കിൽ നേടാംജയം"

തെക്കേകുന്നത്ത് രാധാകുമാരിഅമ്മ.

ഗീർവാണീപദവൈഖരീപരിചയം
സിദ്ധിച്ചിടാതന്ധരായ്
ദുർവ്യാപത്പദമർത്ഥഭംഗരസ
വിശ്ചിത്തിയ്ക്കുറിത്തായിട്ടും
അർവാചീനകവിപ്പുംഗവകളിലെൻ
സർവേശപരൻ സർവദാ
നിർവ്യാജം കനിയുന്നതിന്നുമതി
"വെച്ചിടായ്കിൽ നേടാംജയം"

സരസകവി തുന്നത്തുള്ളി ഗോവിന്ദപണിക്കർ (ആശാൻ)

(ശേഷം 10-ാം പേജിൽ)

# വേനലും വർഷവും

പി. നാരായണൻകുട്ടി; ചേർപ്പ് (വിദ്യാർത്ഥി; കേരളവർമ്മ കോളേജ്)

ഏകാന്തത തൻ കരവലയത്തിലെൻ
ശോകാത്മ ചിന്തകൾ നീറിപ്പിടിയ്ക്കവേ,
പാടുന്നു മന്മനോവീണയിലൂടവേ
നീട്ടററ സൌഭാഗ്യഗീതം വൃഥൈവനി!
ചേതോഹരങ്ങളാം നാളുകളൊക്കെയും
ചേതനാഹീനമായ് പോയെന്നിരിക്കിലും,
ദേവി, ഞാനോർക്കയാണാമനോജ്ഞമാം
പാവനസന്ദർഭമോരോന്നുമിപ്പൊഴും!
കേവലം കാലപ്രകൃതി ഹാ, നമ്മളെ
യീവിധം വേർപിരിച്ചെങ്കിലും നിർമ്മലേ!
നിന്നെ മറക്കുകയില്ല ഞാൻ;—ജീവിത
പ്പൊന്നിൻകിനാക്കളാം സ്വർഗ്ഗീയ നാളുകൾ
വീണ്ടുമണഞ്ഞിടും;—കേഴേണ്ട ലേശവും
വീണമീട്ടാം നമുക്കപ്പൊഴുതോമലേ!
ഇക്കുളിരുട്ടകററീടുന്ന വാർതിങ്കൾ
വെക്കമുദിയ്ക്കുമെന്നോർത്തു കാത്തീടു നീ!
വാസ്തവം മിഥ്യയാകാ;—സുഖദുഃഖങ്ങ-
ളെത്തും, ഗമിയ്ക്കും—ഇതാണു ലോകസ്ഥിതി!
"വേനലും വർഷവും" വേണ,മെന്നാകിലേ
നൂനം ജഗത്തിൽ സമൃദ്ധി വളർച്ചിടൂ!
ഓർക്കുകിസ്സത്യത്തെ നന്നായി; മംഗല-
മാർഗ്ഗം തുറക്കാതിരിക്കയില്ലീശ്വരൻ!

# "കപടം പഠിയ്ക്കാത്ത കമ്മാൻ"

(സി. കെ. ഗോപിനാഥൻ, ചാഴൂർ കോവിലകം)

x

തുഴയ്ക്കു സഹോദരാ, ജീവിതത്തോണി അല്ലാ,
തുഴയ്ക്കു മരത്തോണി—സുഖമായ്ജ്ജീവിച്ചിടാൻ
എടുക്കു പങ്കായവും, ചൂണ്ടലും, വലയും പോ-
രടിയ്ക്കു കടൽജ്ജീവജാലത്തോടഹോരാത്രം!
നിലയറേറടത്തു നിന്നടരാടീടുന്ന നിൻ
നിലയെക്കാക്കും ലോക പാലകൻ ജഗന്നാഥൻ!
കല്പവൃക്ഷത്തിൻനിഴൽ നിന്നെയന്വേഷിച്ചെത്താൻ
നില്പാതെ, ശ്രീ ലാളിതനായി നീ മടങ്ങിടൂ!
മക്കളും, ദയിതയും, മററുള്ള കുടുംബങ്ങ-
ളൊക്കെയും നിന്നെത്തന്നെ നോക്കിയിരിയ്ക്കവേ
സന്തോഷസ്മിതം തൂകി, കൺകുളർപ്പിക്കും സ്വന്ത
സമ്പാദ്യങ്ങളുംകൊണ്ടു വന്നീടു സഹോദരാ!
കടലോടടരാടിക്കാലയാപനം ചെയ്യും
"കപടം പഠിയ്ക്കാത്ത കമ്മാൻ" ഭവാനല്ലോ!
വന്ദനം സഹോദരാ, താങ്കളെ രുചിയ്ക്കാതീ
മന്നിലില്ലാരും-കമ്മവാസനാബലം ചിത്രം!!

(പ്രോത്സാഹനാർത്ഥം ക. പ.)

# "പുരോഗമനം"

(കെ. കെ. രാജാ.)

എങ്ങും പുരോഗമനത്തിൻെറ ആഘോഷം മുഴങ്ങുകയാണിപ്പോൾ. ആദർശം, സാഹിത്യം, ജീവിതം ഇവിടെയെല്ലാം അതു കേൾക്കാം. പുതുമയും ഭംഗിയും അതിനുണ്ട്. പ്രസ്ഥാനത്തിൻെറ ലക്ഷ്യം ശരി തന്നെയോ. അക്കാര്യം സന്നിഗ്ദ്ധമായിരിക്കുന്നു. എങ്കിലും ഒരു സമാധാനമുണ്ട്. രണ്ടു പക്ഷക്കാർ എല്ലാ കാലത്തും ഉണ്ടാകും. ഒരു കക്ഷി പിഴച്ചുപോയെന്നു പറഞ്ഞാൽ മറുകക്ഷി ശരിയെന്നു വാദിക്കും. അതിനാൽ ഉല്പതിഷ്ണുതയുടെ ഏതു പുരോഗമനവും എന്നും പശ്ചാഗ്ഗമനമാകുവാൻ വഴിയില്ല.

ഭാരതത്തിലെ പുരാതന പുണ്യപുരുഷന്മാർ മനുഷ്യജീവിതത്തിൻെറ പരമപ്രയോജനം പൂർണ്ണതയിൽ എത്തിച്ചേരുകയാണെന്നും, അതിനുള്ള ഉപായങ്ങളിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളതു് അന്തർമ്മുഖമായ ഒരു നോട്ടമാണെന്നും തീരുമാനിച്ചു വെച്ചിട്ടുണ്ടു്. ഇതു് ശരിയാണെങ്കിൽ ഇന്നത്തെ പുരോഗമനപ്രസ്ഥാനം പിഴച്ചുപോയെന്നു തന്നെ ഒരു കക്ഷിക്കാർ പറയാതിരിക്കയില്ല.

യാവജ്ജീവം സുഖംജീവേൽ
ഋണം കൃത്വാഘൃതം പിബേൽ
ഭസ്മീഭൂതസ്യദേഹസ്യ
പുനരാഗമനം കുത:

എന്ന സിദ്ധാന്തം അനുവർത്തിക്കുന്നതു് ശരിയല്ല എന്നു അവർ വാദിക്കും. അവരുടെ അഭിപ്രായവും നവീനമായ ഒന്നല്ല. എല്ലാ മതഗ്രന്ഥങ്ങളിലും, എല്ലാ സാഹിത്യഗ്രന്ഥങ്ങളിലും ഈ അഭിപ്രായക്കാരേയും ഏതു കക്ഷികളേയും പററി വിശദമാംവണ്ണം വിവരിച്ചു കാണുന്നുണ്ടു്. ഭാഗവതത്തിലെ ഹിരണ്യകശിപുവും നരസിംഹവും പ്രശാന്തനായ പ്രഹ്ളാദനും ഭാരതത്തിലെ ഏതു കുട്ടിക്കും പരിചിതന്മാരാണല്ലോ. ആസുരശക്തിയുടെ അലയടിയും ലോകത്തിലുണ്ടാകും. ഹിരണ്യകശിപു (കനകഭാജനം) വാണ് ആദർശമെന്നു് പുരാതന ഭാരതം സമ്മതിച്ചിട്ടില്ലെന്നേയുള്ളു. അവർക്കാരാദ്ധ്യൻ പ്രഹ്ളാദൻ തന്നെ.

ലോകം ഇന്നു് ഹിരണ്യകശിപുവിൻെറ ചേതനയെ ഉച്ചത്തിൽ വിളിച്ചുകൊണ്ടിരിക്കുകയാണ്. എവിടേയും അദ്ദേഹത്തിൻെറ തിരുവാമൊഴികൾ ഓരോ തരത്തിൽ എഴുതിവെച്ചിട്ടുണ്ടു്. ഈശ്വരൻ ഇല്ല. ആകാശവും നക്ഷത്രങ്ങളും ആഴിയും ഊഴിയും "അവൻേറതല്ല. അവൻ ഒട്ടകത്തിനു് വാലും, ആടിനു് കഴുത്തിൽ മുലയും കൊടുത്ത മരമണ്ടനാണു്. കറവററ പശുവിനേയും, എൺപതു വയസ്സിൽ കൂടുതലായ മനുഷ്യനേയും (മച്ചികളുടെ കാര്യത്തിൽ ആക്ഷേപമുണ്ടോ ആവോ) ആവശ്യമില്ലാതെ വച്ചു പുലർത്തുന്ന അവൻെറ ചെ-ങ്കോൽ തെറിപ്പിക്കണം".

എപ്പോഴും ലോകത്തിൽ ദേവാസുരയുദ്ധം ഉണ്ടു്. ഒരുകക്ഷിയുടെ പടപ്പുറപ്പാടു് ആ കക്ഷിക്കു് പുരോഗമനമായിരിക്കും. മറുകക്ഷിക്കു് നേരെമറിച്ചും. ജയം ആർക്കാണെന്നു് ചോദിച്ചാൽ രണ്ടു കക്ഷിക്കും ഒന്നേ മറുപടിയുള്ളു. ഇരുളോ വെളിച്ചമോ ജയിക്കുക, എന്നു ചോദിച്ചാൽ ഇരുളും വെളിച്ചവും എന്നേ ഉത്തരം കാണുന്നുള്ളു.

# കുംഭമേള

(പുത്തേഴത്തു രാമമേനോൻ)

തീർത്ഥാടനത്തെക്കുറിച്ചു സാമാന്യമായും, കുംഭമേളയെക്കുറിച്ചു പ്രത്യേകമായും ശ്രീ. കെ. എം. മുൻഷി "കുലപതിയുടെ കത്തുകൾ" എന്ന ലേഖന പരമ്പരയിൽ ഒരിടത്തു പറഞ്ഞിരിക്കുന്നതാണീലേഖനത്തിന്റെ പ്രചോദനവും പാശ്ചാത്തലവും. തീർത്ഥങ്ങളേയും ക്ഷേത്രങ്ങളേയും കുറിച്ച് അവജ്ഞയും അനാദരവുമുള്ളവർ, വിശേഷിച്ചും, ഇതു വായിക്കുന്നതു പ്രയോജനപ്രദമായിരിക്കും.

കഴിഞ്ഞാണ്ടിലുണ്ടായ കുംഭമേളയ്ക്കു, കുറഞ്ഞതു് അയ്മ്പതു ലക്ഷം ജനങ്ങൾ, അവിടെ, ത്രിവേണിയിൽ, യമുനാഗംഗകളുടെ സംഗമസ്ഥാനത്തു്, ഒന്നു മുങ്ങുവാൻ മാത്രമായി, ഭാരതത്തിന്റെ നാനാഭാഗത്തുനിന്നുമായി എത്തിച്ചേർന്നു:— ആരും ക്ഷണിച്ചിട്ടു വന്നവരല്ല. എന്തെങ്കിലും ദ്രവ്യലാഭം ഇച്ഛിച്ച് എത്തികൂടിയവരല്ല. വല്ല സുഖസൌകര്യങ്ങളും സിദ്ധിച്ചേക്കുമെന്നു സങ്കല്പിച്ചു തടിച്ചുകൂടിയവരല്ല. സ്വയം പ്രേരിതരായി വന്നവരാണ്. ആ ദിവസം ആ നദിയിൽ ഒന്നു മുങ്ങണമെന്നു മാത്രം മോഹിച്ചു, വളരെ കഷ്ടപ്പെട്ടും നഷ്ടപ്പെട്ടും, വന്നുചേർന്നവരാണവർ! പന്ത്രണ്ടു കൊല്ലമായി, ആ സന്മുഹൂർത്തത്തിനു വേണ്ടി അത്യാഗ്രഹത്തോടും അത്യന്തം ആദരവോടും കൂടി ആവേശഭരിതരായി, അവരതിനെ കാത്തിരിക്കുകയായിരുന്നു. അല്പനേരത്തെ ആ മുങ്ങലിനുവേണ്ടി, അവസാനമില്ലാത്ത വിശ്വാസദാർഢ്യത്തോടുകൂടി അവർ അക്ഷമരായി കാത്തിരിക്കുകയായിരുന്നു. ഭാരതത്തിന്റെ ഏകീകൃതവും വിശ്വമോഹനവുമായ ഒരു വിശ്വാസത്തിന്റെ പ്രദർശനമാണ് അന്നവിടെ നടന്നതു്! എന്തായിരുന്നു ആ മാനസിക പ്രചോദനം? എങ്ങിനെയാണതു്, ഒരു മുങ്ങുകൊണ്ടു മാത്രം തൃപ്തിയടഞ്ഞതു്? വിജ്ഞാനത്തിന്റെ വിശുദ്ധ ശൃംഗങ്ങളിൽ വസിക്കുന്നവരും, അന്ധവിശ്വാസത്തിന്റെ അടിത്തട്ടിൽ കിടക്കുന്നവരും, ബ്രാഹ്മണനും ചണ്ഡാലനും, കുബേരനും കുചേലനും, വൃദ്ധനും ബാലനും, സ്ത്രീയും പുരുഷനും, എല്ലാ വർഗ്ഗക്കാരും ദേശക്കാരും ഭാഷക്കാരും വേഷക്കാരും ആ അയ്മ്പതു ലക്ഷത്തിൽ ഉൾപ്പെട്ടിരുന്നു. "മതം ആവശ്യമാണോ എന്നു്, അന്ധമായും, ആലോചന കൂടാതെയും ചോദിക്കുന്നവർക്കുള്ള ഉറച്ച ഉത്തരമായിരുന്നു, ആ കുംഭമേള. ആരാണീ ചോദ്യം ചോദിക്കുന്നവർ? ലെനിനേയും, സ്റ്റാലിനേയും, ഭൌതികവാദസംഹിതകളേയും വിശ്വസിക്കുന്നവർ; അന്ധമായും, അബദ്ധമായും വിശ്വസിക്കുന്നവർ; മതവിശ്വാസക്കാരിൽ ചിലരുടെ മർക്കടമുഷ്ടിയെക്കാൾ, മുഴുത്ത മർക്കടമുഷ്ടിയോടുകൂടി വാദിക്കുന്നവർ; എന്നാൽ മതഭ്രാന്തന്മാരെന്നു പറയുന്നവർക്കുള്ള ഉൽകൃഷ്ട ഭാവങ്ങളിൽ ഒന്നുപോലും തീണ്ടീട്ടില്ലാത്തവർ!!

മതം ആവശ്യമാണോ? എന്ന ചോദ്യം അർത്ഥമില്ലാത്തതാണ്. കൂടുതൽ നന്നായാൽ കൊള്ളാമെന്നു മനുഷ്യനു് ആഗ്രഹമുണ്ടായിരിക്കേണ്ടതു് ആവശ്യമാണോ? സ്വാതന്ത്ര്യം, സന്തോഷം, സംതൃപ്തി മുതലായവ പൂർവ്വാധികം കരഗതമാവണമെന്നു് ആഗ്രഹിക്കുന്നതു് അനാവശ്യമാണോ? അതുപോലെയുള്ള ഒരു ചോദ്യമാകുന്നു മതം ആവശ്യമാണോ എന്നുള്ള ചോദ്യവും. കേവലം യുക്തിവാദംകൊണ്ടു മാത്രം ഉത്തരം പറയാവുന്ന ചോദ്യങ്ങളല്ലാ അവ. വേറെ ഒരു വിശേഷമുള്ളതു്, മതം വേണ്ടെന്നു മുൻകൂട്ടി തീർപ്പു ചെയ്തു കഴിഞ്ഞിട്ടുള്ളവർ മാത്രമാണീ ചോദ്യവും കൊണ്ടു് പുറപ്പെടുന്നതു എന്നുള്ളതാകുന്നു! എന്താണ് "മതം" എന്നു മനസ്സിലാക്കീട്ടുള്ളവരോ, മനസ്സിലാക്കുവാൻ മിനക്കെടുവാൻ കൂടി തയ്യാറുള്ളവരോ അല്ലാ ഈ പ്രശ്നകർത്താക്കന്മാർ! ഭാരതത്തിൽ ഏതായാലും, മതത്തിന്റെ അർത്ഥം "ധർമ്മം" എന്നാകുന്നു. മനുഷ്യനെ ഉയർത്തുന്നതു്, ഉൽകൃഷ്ടനാക്കുന്നതു്, സത്യവാനും സദാചാര നിരതനും ആക്കുന്നതു അവനെ സാത്വികനും, സംതൃപ്തനും, ഈശ്വരോന്മുഖനുമാക്കുന്നതു് എന്നു തുടങ്ങിയവയുടെയെല്ലാം സമഞ്ജസമായ ഒരു

സമന്വയീഭാവമാകുന്നു "ധർമ്മം" എന്നു പറയുന്നത്. ആ ധർമ്മചിന്തയാണ്, ബോധമാണ്, ലക്ഷക്കണക്കിനു തീർത്ഥാടനക്കാരെ ത്രിവേണിയിലേക്ക് ആകർഷിച്ചത്. അവിടെ ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെയോ, മതക്കാരുടെയോ, സംഘടനയോ, സംവിധാനമോ ഒന്നുമില്ലായിരുന്നു. എല്ലാവരും സർവ്വതന്ത്ര സ്വതന്ത്രന്മാരായിരുന്നു ധർമ്മബോധവും, ധർമ്മത്തിലുള്ള അചഞ്ചല വിശ്വാസവും മാത്രമാണ് അവരെയൊക്കെ അടുപ്പിച്ചതും ഇണക്കി നിർത്തിയതും.

വാസ്തവത്തിൽ, വിശ്വാസം ഒന്നു മാത്രമാണ്, കാര്യക്ഷമമായും, സ്ഥായിയായും ഉള്ളതെന്നു, രണ്ടായിരത്തിലധികം കൊല്ലങ്ങൾക്കു മുമ്പു തന്നെ, ഭാരതത്തിലെ ഋഷീശ്വരന്മാർ മനസ്സിലാക്കിയിരുന്നു. ബുദ്ധിപരമായ പുരോഗമനത്തിന്റെ അതിവേഗതയിൽ, നിരീശ്വരവാദം, മനുഷ്യന്റെ അന്തഃസ്സിൽ നിന്നുള്ള വ്യതിയാനമായും സംഘടിതമതം ഒഴുക്കില്ലായ്കയാൽ കെട്ടിനിന്നു മലിനപ്പെടുന്ന തടാകമായും വന്നുചേരാമെന്ന് ശരിയായ വിശ്വാസത്തിന്റെ ഉറവുകൾ അടയപ്പെട്ടുമെന്നു അവർക്കറിയാമായിരുന്നു. അതുകൊണ്ടു, ശാശ്വതവും, മനുഷ്യസഹജവും ആയ മാനസിക പ്രചോദനത്തെ, പ്രവൃത്തിപ്പിക്കുന്ന ഒന്നിന്മേൽ വേണം, മതത്തെ അടിസ്ഥാനപ്പെടുത്താനെന്നായിരുന്നു അവരുടെ അഭിപ്രായം!

എന്താണ് ആ പ്രചോദനം, സത്യത്തെ ആരായുവാൻ, സമുന്നതിയെ പ്രാപിക്കുവാൻ, ആനന്ദ പ്രേമാദികളെ കൂടുതൽ അനുഭവപ്പെടുത്തുവാൻ, പ്രപഞ്ചസാമാന്യമായി നിറഞ്ഞുനില്ക്കുന്ന വ്യവസ്ഥാപിത നിയമങ്ങളെ മനസ്സിലാക്കുവാൻ, സ്വന്തം മനസ്സിനെയും, പ്രവണതകളേയും വർദ്ധിപ്പിച്ചും, വികസിപ്പിച്ചും അവയ്ക്കു പ്രപഞ്ച വിസ്തൃതി സമ്പാദിച്ച് സംതൃപ്തിപ്പെടുവാൻ; ചുരുക്കത്തിൽ, സച്ചിദാനന്ദാത്മകമായ പരാശക്തിയെ ഉപാസിക്കുവാൻ, അതിലങ്ങു ലയിക്കുവാൻ! ആ പ്രചോദനത്തിന്റെ പരമവും, പരിശുദ്ധവുമായ വികാസത്തിൽ മനുഷ്യൻ പ്രപഞ്ചത്തിലെ ഇതര സൃഷ്ടികളിൽ നിന്നു വ്യത്യസ്തനല്ലാതെ, എല്ലാറ്റിനേയും തന്നിലും തന്നെ എല്ലാറ്റിലും അങ്ങോട്ടും കാണുവാൻ അർഹനും, അധികാരിയുമാകുന്നു! അതാണു മൗലികമായി, മനുഷ്യനുള്ള മഹനീയമായ, അന്തർപ്രചോദനം; അതിന്റെ നാമരൂപാദികളും, ഭാവഭാവനാദികളും എങ്ങിനെയൊക്കെ മാറിമാറിക്കാണപ്പെട്ടാലും, അതാണു മനുഷ്യന്റെ ആത്മീയത, നാലുപാടും കാന്തിപ്രസരം പരത്തുന്ന ആദ്ധ്യാത്മികസത്ത അതിന്റെ പ്രേരണ മനുഷ്യസഹജമാണ്. അതനുസരിച്ചുള്ള പ്രവൃത്തി പ്രകൃത്യാനുസാരമാണ്. അതിനെയാണവൻ നേടുന്നതും, നേടേണ്ടതും; ക്ഷണഭംഗുരങ്ങളായ സൗന്ദര്യവും, ആനന്ദവും അല്ല, അവയ്ക്കപ്പുറമുള്ള അവയുടെ സനാതന രൂപമാണവന്റെ ലക്ഷ്യം. മാനസികവും അന്തർഗതവുമാണ് മേല്പറഞ്ഞ പ്രചോദനമെങ്കിലും, സാധാരണക്കാർക്ക്, അതിന്റെ അനുഭൂതിയുണ്ടാകുന്നതിനു, ബാഹ്യങ്ങളായ പല ചടങ്ങുകളും, സാധനസാമഗ്രികളും ആവശ്യകങ്ങളാകുന്നു. അവയാണു മതാചാരങ്ങളിൽ ഭൂരിപക്ഷവും. അവയിൽകൂടി വേണം, അവരുടെ ഭാവനകളെ വികസിപ്പിക്കുവാൻ, വിശുദ്ധിപ്പെടുത്തുവാൻ, അവയെ തങ്ങളുടെ പ്രവൃത്തികൾക്കുള്ള പ്രേരകങ്ങളാക്കി മാറ്റുവാൻ. അതിനു പര്യാപ്തങ്ങളായ മതാനുഷ്ഠാനങ്ങളും, വിശ്വാസപ്രമാണങ്ങളുമെല്ലാം അപരിഹാര്യങ്ങളും, പ്രയോ


## WANTED

Influvental persons man or woman to work as representatives for our guaranteed 18 ct: gold covering ornaments leather bags, suit cases and presentaion pens etc: on attractive commission basis or salary.

Apply sharp for terms and sample set to:—

THE KOHINOOR PRODUCTS,
P. O. PUDUKAD,
T. C. S.

ജനപഥങ്ങളുമാകുന്നു.

എല്ലാ കാലത്തും, രാജ്യത്തും മനുഷ്യൻ പ്രസ്തുത അന്തർപ്രചോദനങ്ങളാൽ ഉദ്ധപ്രേരിതനാണെന്നു കാണാവുന്നതാണ്. ഭൗതികവാദം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിലും, അതിന്റെ പ്രാർത്ഥനം ഭാവനാശൂന്യമായും, അഹംഭാവമായും, ആ വാദകോലാഹലങ്ങൾക്കിടയിലും നടന്നുകൊണ്ടിരിക്കുന്നുണ്ട്. മനുഷ്യൻ ഒരിക്കലും, അവനപ്പപ്പോൾ ഉള്ളതുകൊണ്ടോ, ലഭിക്കുന്നതുകൊണ്ടോ സംതൃപ്തനല്ല. അവനെപ്പൊഴും അതിന്നും അപ്പുറത്തുള്ളത് എന്തോ ഒന്നു വേണം; കൂടിയേ കഴിയുതാനം. ഭൗതികങ്ങളായ സർവ്വ സുഖസൌകര്യാദികളുടെയും കുന്നുകളോ, കായലുകളോ തന്നെ അവന്നു സ്വാധീനമായിരിക്കട്ടെ. എന്നാലും അവൻ തൃപ്തനല്ല. അവന്നു സുഖമില്ല. അവൻ വീണ്ടും ആശാപാശഗതങ്ങളാൽ ബദ്ധനാണ്! എന്താണതെന്നന്വേഷിച്ചാൽ, സൂക്ഷ്മ ദൃഷ്ടികൾക്കു കാണുവാൻ കഴിയും, പുറത്തുള്ളതൊന്നുമല്ല, അകത്തുള്ള എന്തോ ഒന്നാണു തൃപ്തിപ്പെടാത്തത് എന്ന്! അതാണവന്റെ ആത്മീയത, ആദ്ധ്യാത്മിക ബോധം, ഈശ്വരോന്മുഖത്വം, പുറപ്പെട്ട ദിക്കിൽ തിരിച്ചെത്താനുള്ള വ്യഗ്രത; അതിന്നുള്ള മാർഗ്ഗമറിയാതെയുള്ള വിമൂഢത!

ഭൗതികങ്ങളായ സമ്പൽസമൃദ്ധികൾ യഥാർത്ഥമായ സുഖതൃപ്തികളെ പ്രദാനം ചെയ്യാൻ ശക്തങ്ങളല്ലെന്നു ചരിത്രവും, നിത്യാനുഭവങ്ങളും തെളിയിക്കുന്നു! റോമിനെപോലെ കേമമായ ഒന്നിനെ ആകാശം കണ്ടിട്ടില്ലെന്നുള്ള പ്രശംസയെ അർഹിക്കുമാറ് പണ്ടത്തെ റോമാസാമ്രാജ്യം സമ്പത്തിലും, സമൃദ്ധിയിലും, ഭൌതികങ്ങളായ സകല വിഭവങ്ങളിലും, അങ്ങേ അററത്താണ വർത്തിച്ചിരുന്നത്. ഇന്നത്തെ അമേരിക്കയിലെ ഐക്യനാടുകൾ, ആ വിഷയത്തിൽ, റോമിനെ നിസ്സാരവും, നികൃഷ്ടവുമാക്കി ചെയ്യുന്നുണ്ട്! ഈ രണ്ടു രാജ്യങ്ങളിലും, ധനവാനായ ഏതൊരു മനുഷ്യന്റെയും, കേവലം ഒരു മൃഗമായി അധഃപ്പതിച്ചിട്ടില്ലാത്ത ധനാഢ്യന്റെ ഹൃദയം, അശാന്തവും അസംതൃപ്തവും ആകുന്നു! അന്യമായ ഒരാദർശത്തെ ആശാവേശത്തോടു കൂടി ചിലപ്പോഴെങ്കിലും ആഗ്രഹിക്കുന്നതുമാകുന്നു. ആ അന്തർപ്രചോദനം കെട്ടടങ്ങാതെ, അവിടെയും, അവരിലും, മങ്ങിക്കിടക്കുകയും തഞ്ചവും തരവും നോക്കി തലപൊക്കുകയും ചെയ്യുന്നു എന്നു താല്പര്യം! അതാണു മനുഷ്യന്റെ ആത്മീയമായ സത്ത; അതു നശിച്ചാലും, നശിക്കുന്നതല്ല; ജന്മാന്തരത്തിലെങ്കിലും അതു വിജയിക്കാതിരിക്കയില്ല.

ആ പ്രചോദനത്തിന്റെ പ്രേരണ വഴിക്കാണ കുംഭമേളയ്ക്കു ഭാരതഭൂമിയുടെ മുക്കിൽ നിന്നും, മൂലയിൽ നിന്നും കൂടി അമ്പതു ലക്ഷം ജനങ്ങൾ, അനേകങ്ങളായ കഷ്ടാരിഷ്ടങ്ങളെ അവഗണിച്ചുകൊണ്ടു, പ്രഫുല്ലഹൃദയരായി, ആവേശഭരിതരായി ആ സംഗമസ്ഥാനത്തിൽ, ആ തണുത്തു കലങ്ങിയ പുഴവെള്ളത്തിൽ, തിക്കിത്തിരക്കിയെങ്കിലും ഒരു മുങ്ങുമുങ്ങാനായി, സകലവും മറന്നും എല്ലാം പരിത്യജിച്ചും, അവിടെ സമ്മേളിച്ചതും, മേളിച്ചതും! അവരുടെ അന്തഃക്കരണം സംതൃപ്തിയടഞ്ഞു, അഭിലാഷങ്ങൾ സാധിത പ്രായങ്ങളായി, അവരൊന്നുയരുകയും, വിടരുകയും ചെയ്തു! വിശ്വാസികൾക്കതു വലിയ കാര്യമാണ്. അവിശ്വാസികൾക്ക് അതു മനസ്സിലാക്കുവാനേ സാദ്ധ്യമല്ല! ആ പരിഹാസക്കാരകൾ, അഹങ്കാരജടിലന്മാരും, വിനയത്തിന്റെ കണികപോലും കാണാത്തവരും, ആകുന്നു! തങ്ങളെക്കുറിച്ചുതന്നെ അറിയാത്ത അവർക്ക് അന്യരെക്കുറിച്ചെങ്ങിനെ അറിയാൻ സാധിക്കും? അജ്ഞന്മാരെന്നും, അന്ധവിശ്വാസികളെന്നും അപഹസിക്കപ്പെടുന്നവരിൽ ആരുടെയെങ്കിലും "വിശ്വാസ"ത്തിന്റെ ഒരു ചെറിയ കണികയെങ്കിലും ഈ പരിഹസിക്കുന്നവർക്കുണ്ടായിരുന്നു എങ്കിൽ—!!

പരപുച്ഛത്തിലും, പരിഹാസത്തിലും പരിതോഷിക്കുന്ന ആ പുരുഷ"പുംഗവന്മാർ", ക്ഷമയോടുകൂടിയ വിചിന്തനത്തിന്നു വിമുഖന്മാരാണ്. അവരോടു ചോദിക്കുക; നിങ്ങൾ സത്യധർമ്മാദികളെ ആദരിക്കുന്നില്ലേ? വ്യക്തികളുടെയും സമുദായത്തിന്റെയും ജീവിതം ശാന്തവും സുന്ദരവുമായിരിക്കണമെന്ന് അഭിപ്രായമില്ലേ? മനുഷ്യർ തമ്മിൽ തമ്മിൽ സ്നേഹാനുകമ്പാദികളും സഹായവിശ്വാസബന്ധിതികളും ആവശ്യമല്ലേ? മനുഷ്യർ സ്വതന്ത്രരും നിർഭയരുമായിരിക്കേണ്ടതല്ലേ? മൗലികങ്ങളായ വിശ്വാസങ്ങൾക്ക് ദാർഢ്യം വന്നാൽ മേല്പറഞ്ഞവയെല്ലാം അതു സഹായകമായിത്തീരുമെങ്കിൽ ആ വഴിക്കൊന്നു പരിശ്രമിക്കുന്നതിനെന്താണു വിരോധം? എന്നെങ്ങാനും ആ കൂട്ടത്തിൽ കൂടിചോദിച്ചുപോയി യെന്നിരിക്കട്ടെ, ചുവപ്പുകണ്ട കാളക്കുട്ടികളെപ്പോലെ, അവർപെട്ടന്നു ക്രൂദ്ധം കുത്തിമുക്രയിട്ടു കുതിക്കീറാൻ തുടങ്ങുകയായി! "നിങ്ങൾ മതം പ്രസംഗിക്കുകയാണൊ" എന്നുള്ളമെക്കിട്ടു കയററത്തിന്നു മുതിരുകയായി!

അവരൊക്കെ യുക്തിവാദികളാണ് "സയൻറിഫിക്ക്" മനസ്ഥിതിയോടുകൂടിയവരാണ്! എന്നാൽ, നിർഭാഗ്യവശാൽ, അവരുടെ യുക്തി, അവരിൽനിന്നു തന്നെ പുറപ്പെട്ട്, അവരിൽതന്നെ വിലയം പ്രാപിക്കുന്നതും, അവരുടെ "സയൻസ്", അതിൻെറ സൂക്ഷ്മസ്ഥിതി ധരിക്കാത്തതും ആകുന്നു! എന്താണീ സയൻസിൻെറ യഥാർത്ഥസ്വഭാവം? ദിവസംപ്രതി, ഒന്നിൽനിന്നു മറെറാന്നിലേക്കു, "പുരോഗമിച്ചു"കൊണ്ടിരിക്കുന്നതുകൊണ്ട്, ഒന്നിനെക്കുറിച്ചും സുദൃഢാഭിപ്രായരൂപീകരണം സാധിക്കാതെ സംശയങ്ങളുടെ ഭാണ്ഡമാണ്; ആപത്ത്ഗർത്തത്തിൽ മനുഷ്യലോകത്തെ ചാടിച്ചു, ദിവാനിശം ഭയപരിഭ്രമങ്ങളിൽവെച്ചുകൊണ്ടിരിക്കുന്നതാണ്! അതിൻെറ പേരിലാണ്, വിലമതിക്കാൻ വയ്യാത്ത വിശ്വാസത്തെ, അധിക്ഷേപിക്കുന്നതും, അവഹേളിക്കുന്നതും! അവരാണു ചോദിക്കുന്നത്, മതം ആവശ്യമുണ്ടോ എന്ന്! അവർ വേണ്ടെന്നു വെച്ചുപോയതു സ്വീകരിക്കേണ്ടിവന്നാലോ എന്നാണവരുടെ ഭയം! പരീക്ഷിക്കാൻ തയ്യാറുമില്ല. ഒരു ഡിഗ്രി സമ്പാദിക്കാൻ പതിനാലുകൊല്ലം പഠിക്കാം; ഒരു പെൻഷ്യൻ കിട്ടാറാവാൻ മുപ്പതുകൊല്ലം കഷ്ടപ്പെടാം. എന്നാലും, ഈശ്വരനുണ്ടോ ഇല്ലയോ എന്നൊന്നു പരീക്ഷിക്കാൻ പത്തുമിനിട്ടുപോലും ചിലവാക്കാൻ തയ്യാറുമില്ല!!

സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നൊക്കെയുള്ള മുദ്രാവാക്യങ്ങൾ മുഴങ്ങുന്നു. സഹതാപം, സദ്ഭാവന, സഹകരണം എന്നൊക്കെ നാലുപുറത്തുനിന്നും കേൾക്കുന്നു. സത്യം, ധർമ്മം, ത്യാഗം എന്നൊക്കെ നേതാക്കന്മാർ നടന്ന് പ്രസംഗിക്കുന്നു! എന്നാൽ, മതവും, ഈശ്വരനും, വിശ്വാസവും അവരിൽ ആർക്കുമില്ല, എവിടെയുമില്ല, ആദരവും അവ വായിൽ "പെട്ട"വരെയും നിന്ദിക്കയും നിരാകരിക്കയും ചെയ്യുന്നു! അജ്ഞാനികളിൽ ബുദ്ധിഭേദം വരുത്തി, അവരെ അവലംബഹീനരാക്കരുതെന്ന പ്രമാണികവാക്യം പോലും അവർ പഠിച്ചിട്ടില്ലെന്നു തോന്നിപ്പോകുന്നു. അവർ കണ്ണുണ്ടെങ്കിലും കാണാത്തവരാണ്. അഥവാ, വേണ്ടതു മാത്രം കാണുന്നവരും, കേൾക്കരുതാത്തതു മാത്രം കേൾക്കുന്നവരും, പറയരുതാത്തതുമാത്രം പറയുന്നവരും ആകുന്നു. അവർക്കും ദൈവമുണ്ട് പക്ഷെ അത് അവരവർ മാത്രമാണ്. അവർക്കും മതമുണ്ട്. അവരവരുടെ ഹിതം മാത്രമാണ് അവർക്കും കുംഭമേളകളുണ്ട്. അത് അവരുടെ സമ്മേളനങ്ങളാണ്. എന്നാൽ, അതുപോലെ മററുള്ളവരുമായിക്കൊള്ളട്ടെ, എന്നു വെയ്ക്കാനുള്ള സന്മനസ്സുമില്ല, സഹിഷ്ണുതയുമില്ല.

---


## ശ്രീ. പുത്തേഴത്തിൻെറ പുതിയ പുസ്തകങ്ങൾ

—x—

| | | | |
|---|---|---|---|
| 1. | സാഹിത്യാഭിരുചി | .... | 2—0—0 |
| 2. | ഹാസസാഹിത്യം | .... | 2—0—0 |
| 3 | പുസ്തകപൂജ | .... | 1—12—0 |

ആവശ്യപ്പെടുക,
മംഗളോദയം, തൃശൂർ.
(T. C. State)



# THE MODERN TILE & CLAY WORKS,

FEROKE - MALABAR. (S. INDIA.)

Founder: THE LATE SRI. M. KRISHNAN,

MANUFACTURES OF UP-TO-DATE ROOFING MATERIALS OF

## LOTUS BRAND

REPUTED FOR THEIR PERFECTNESS IN QUALITY, COLOUR AND DURABILITY, WIDELY POPULAR NOT ONLY THROUGHT INDIA, BUT ALSO IN CEYLON, BURMA, AUSTRALIA AND STRAITS SETTLEMENTS AND MALAYAN MARKETS,

Telegram: Moderntiles, Feroke,
Telephone: Calicut Exchange No. 574,

Rly. Stations: Feroke & Kallai,
Seaport: Beypore & Calicut.

Sr. Partner: M. K. SUBRAMANIAN.

# കൃത്രിമ ബീജോൽപ്പാദനം

എം. എസ്സ്. ബാലൻ, ഇഞ്ചമുടി.

ഭാരതത്തിലെ കന്നുകാലികൾ ലോകത്തിൽ ആകെയുള്ള കന്നുകാലി സംഖ്യയുടെ നാലിൽ ഒന്നാണ്. ഇന്ത്യ വിഭജിച്ചപ്പോൾ, നല്ല കന്നുകാലികളുള്ള കറാച്ചിയും, ധാരാളം പുല്ലുകളുള്ള മേച്ചിൽ സ്ഥലങ്ങളും പാക്കിസ്ഥാൻ ഭാഗത്തായി വന്നു. അപ്പോൾ, ഇന്ത്യയിലെ കന്നുകാലിവർഗ്ഗത്തിന്റെ ശോചനീയമായ നിലയെ ഭേദപ്പെടുത്താൻ ഇന്ത്യാ ഗവമ്മേണ്ട് വിവേകപൂർവ്വം കൈകൊണ്ട ഒരു പദ്ധതിയാണ് കൃത്രിമ ബീജോല്പാദനം.

ഏററവും നല്ല ഇനം വിത്തുകാളകളുടെ ബീജമെടുത്ത് ''പുള''യുള്ള അവസരത്തിൽ താഴ്ന്നതരം പശുക്കൾക്ക് കൃത്രിമ ബീജോല്പാദനം (കുത്തിവെപ്പ്) നടത്തിയാൽ, ആ വിത്തുകാളയുടെ ഗുണത്തിൽ 3-ൽ ഒരു ഭാഗം ആദ്യത്തെ പ്രസവത്തിൽതന്നെ കുട്ടിക്ക് സിദ്ധിക്കുന്നതാണ്. ആ കുട്ടി പശുക്കുട്ടിയാണെങ്കിൽ അതിന്നും മേൽപ്രകാരം ബീജോല്പാദനം നടത്തുന്നതായാൽ അതിൽനിന്നും ജനിക്കുന്ന കുട്ടിക്ക് 3-ൽ 2 ഭാഗം ഗുണം പൈതൃകമായി ലഭിക്കും. ഇങ്ങിനെ മൂന്നു പരിവൃത്തി ബീജസങ്കലനം നടത്തിയാൽ അതിൽനിന്നും ഉണ്ടാവുന്ന കുട്ടിക്ക് ഒരു നല്ല ഇനം പശുവിന്റെ സകല ഗുണങ്ങളും തികഞ്ഞുവരുന്നതാണ്. അതായത്, ഒരു ഹ്രസ്വകാലംകൊണ്ട് ഇന്ത്യയിലെ കന്നുകാലിവർഗ്ഗത്തെ ഏററവും നല്ല ഇനമാക്കി രൂപാന്തരപ്പെടുത്തുവാൻ സാധിക്കുന്ന ഒരു എളുപ്പവഴിയാണ് കൃത്രിമോല്പാദനം എന്നത്ഥം.

നല്ല ഇനം വിത്തുകാളകൾക്കും, പോത്തങ്ങൾക്കും, ഇന്ന് ഇന്ത്യയിൽ വളരെ ക്ഷാമമാണ്. വലിയ വില കൊടുത്ത് സാമാന്യ ജനങ്ങൾക്ക് വിത്തുകാളകളെയോ, പോത്തുകളെയോ വാങ്ങുവാൻ സാദ്ധ്യമല്ലാത്തതിനാൽ, കൃത്രിമോല്പാദനം സാവ്വത്രികമാക്കുക ഒന്നുകൊണ്ടു മാത്രമേ ഈ കുറവു നികത്തുവാൻ സാദ്ധ്യമാകുകയുള്ളു. ഒരു കുററനെക്കൊണ്ട് കൊല്ലത്തിൽ 150 പ്രാവശ്യത്തിൽ കൂടുതൽ ചവിട്ടിപ്പിക്കുവാൻ പാടുള്ളതല്ല അതിൽ കൂടുതലായാൽ അതിന്റെ ആരോഗ്യം നശിച്ചുപോകുന്നതാണ്. എന്നാൽ ഒരു കുററന്റെ ഒരു പ്രാവശ്യത്തെ ബീജം ശേഖരിക്കുന്നപക്ഷം അതുകൊണ്ട് ശരാശരി 20 പശുക്കൾക്കെങ്കിലും ബീജോല്പാദനം നടത്തുവാൻ സാധിക്കുന്നതാകുന്നു. ഇതു ഏററവും ആദായകരമാണല്ലൊ. അതായതു് ഒരു കുററനെക്കൊണ്ട് 3000 പശുക്കൾക്ക് കൃത്രിമോല്പാദനം നടത്താൻ സാധിക്കുമെന്ന് താല്പര്യം. പ്രകൃത്യാ ചവിട്ടിക്കുകയാണെങ്കിൽ 150 പശുക്കൾക്കെ ചിനപ്പിടിപ്പിക്കുവാൻ സാധിക്കയുള്ളു. അതുതന്നെ, ചവിട്ടിക്കുന്നതിൽ ഏററവും കൂടുതൽ 60 ശതമാനം മാത്രമേ ചിനപ്പിടിച്ചു കാണുന്നുള്ളു. കൃത്രിമോല്പാദനം നടത്തുന്നതായാൽ അതിൽ കൂടുതൽ ശതമാനം ചിനപ്പിടിപ്പിക്കുവാൻ സാധിക്കുമെന്ന് സ്ഥിതിവിവരകണക്കുകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അല്ല, 60 ശതമാനം മാത്രം കണക്കാക്കുന്നതായാൽകൂടി, ഒരു കുററനിൽനിന്ന് 1800 കുട്ടികൾ വീതം പ്രതിവർഷം ലഭിമെന്നു് താല്പര്യം. പ്രകൃത്യാ ഇണചേരുകയാണെങ്കിൽ കൂടിയതു് 90 കുട്ടികൾ മാത്രമെ ജനിക്കുവാൻ സാദ്ധ്യതയുള്ളു. ഇങ്ങിനെ ആദായകരമായ കൃത്രിമോല്പാദനത്തിന്ന് പ്രാധാന്യം എത്രയുണ്ടെന്ന് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യകരമാകുന്നു.

ഇന്ത്യയിൽ 1951ൽ മാത്രമാണ് ഈ പ്രസ്ഥാനം ഉടലെടുത്തതു്. ഇററലിക്കാരനായ ''സ്പെല്ലൻസാനി''യാണ് ഇതിന്റെ ജനയിതാവ്. അമേരിക്ക, റഷ്യ, കനഡ മുതലായ രാജ്യങ്ങളിൽ പ്രകൃത്യാ കന്നുകാലികളെ ഇണചേക്കുകയെന്ന സംപ്രദായം ഇപ്പോൾ തീരെ ഇല്ലാതായിരിക്കുന്നു.

ബീജശേഖരത്തിന്ന് കൊള്ളാവുന്ന ഏററവും നല്ല കുറെ കാളകളെ മാത്രം നിത്തി, ശേഷമുള്ളവയെ എല്ലാം രണ്ടു വയസ്സിന്നുമുമ്പ് ''ഉട''യെടുത്ത് അവയു

ഗദ്യകവിത.

# അതാണ് അതിന്റെ കർത്തവ്യം

(കെ. ജി. ബാലൻ, മരത്താക്കര)

ഹേ, സാഹിത്യകാരാ, നീ ഞങ്ങൾക്ക് അഭികാമ്യനാണ്;

ലോകത്തിന്റെ കാവൽക്കാരനാണ്!

ഇന്നല്ല,–

ഇന്നലെയല്ല,–

എന്നന്നേയ്ക്കുമായി–

മനുഷ്യ സമുദായത്തിലെ മഹത്തായ ആദർശങ്ങളെ സംഭരിച്ചുകൊണ്ട്,

തൂലിക ചലിപ്പിച്ചുംകൊണ്ട്–

ജീവിതത്തെ സ്നേഹിച്ചുംകൊണ്ട്–

നീ മുന്നോട്ട് നീങ്ങുന്നു.

നിന്റെ ഓരോ അടിവെപ്പിലും മാനവസമുദായം ഞെട്ടിയുണരുന്നു. ലോകത്തിൽ നിന്റെ പാദവിന്യാസം ബധിരാന്ധന്മാരായ ഞങ്ങളുടെ കർണ്ണരന്ധ്രങ്ങളിൽ പോലും മാദകമോഹനങ്ങളായ അമൃതതരംഗങ്ങളെ സൃഷ്ടിക്കുന്നു. മധുര മധുരമായ ആ ശബ്ദതരംഗങ്ങൾ ഞങ്ങളുടെ ഹൃദയകുഡ്മളങ്ങളെ ആനന്ദാന്ദോളിതമാക്കിത്തീർക്കുന്നു.

സമത്വത്തിന്റെ–

സാഹോദര്യത്തിന്റെ–

സൌഭാഗ്യത്തിന്റെ

ജീവിതമൂല്യത്തെസ്നേഹിക്കുന്ന സഹൃദയനായ സാഹിത്യകാരാ; നിന്റെ ഓരോ പാദവിന്യാസവും ജീവിതത്തിലെ പൈശാചിക ഭൂതങ്ങളുടെ മാരകമണി കൊട്ടുന്നവയാണ്.

മനുഷ്യ ഹൃദയത്തെ പ്രകാശമാനമാക്കിക്കൊണ്ട് ലോകത്തിന്റെ മാർഗ്ഗദർശകനായി മുന്നോട്ട് നീങ്ങുന്ന നീ ഞങ്ങളുടെ ആദർശ പുരുഷനാണ്, ലോകത്തിന്റെ ജീവനാണ്; മനുഷ്യഹൃദയത്തിൽ അനിർവ്വചനീയമായ ആനന്ദത്തിന്റെ അനശ്വര തരംഗങ്ങളെ നിർമ്മിച്ചുംകൊണ്ട് പ്രകൃതിയുടെ പുഞ്ചിരി പകർത്തുമ്പോൾ

സ്നേഹത്തിന്റെ ഉറവു നീരായി–

സാഹിത്യ സത്യമായി–

നിത്യ നിശ്ചലമായ ജ്യോതിർനാളമായി തന്നെ നീ നിലകൊള്ളുന്നു.

മഴക്കാറിനെ മാററിനിർത്തി രാത്രിയിൽ ആകാശവീഥിയിൽ തൂമന്ദഹാസം പൊഴിച്ചു നിൽക്കുന്ന ചന്ദ്രനേയും,

മുല്ലപ്പൂക്കൾ വാരി വിതറിയതുപോലെ ചിന്നിച്ചിതറി മിന്നിത്തിളങ്ങുന്ന താരഗണങ്ങളേയും—,

അവശരായി, അവലംബഹീനരായി,—അജ്ഞാനാന്ധരായി ജീവിതത്തിന്റെ ഒരററത്തുനിന്നു മറെറാരററത്തേക്ക് പുഴുവിനെപ്പോലിഴഞ്ഞിഴഞ്ഞു നീങ്ങുന്നവരേയും–

നീ താലോലിക്കുന്നു..........!

തഴുകുന്നു!!

വാരിയെടുക്കുന്നു..........

ലോകവും ലോകരും, തൂലികയും കടലാസും, അജ്ഞരും, അവശരും നിന്നെ കാത്തു നില്ക്കുന്നു;

---

ടെ ഉൽപ്പാദനശക്തി ക്ഷയിപ്പിക്കേണ്ടതും, തന്മൂലം അവ കൊഴുത്തു തടിച്ച് ആരോഗ്യപുഷ്ടിയോടുകൂടി വളരുന്നതും, അതിനാൽ അവയെക്കൊണ്ട് കൂടുതൽ പണിയെടുപ്പിക്കുവാൻ സാദ്ധ്യതയുണ്ടാവുന്നതോടുകൂടി തന്നെ, അവയുടെ മാംസം രുചികരമാവും തൂക്കവും ഉള്ളതായിത്തീരുന്നതുമാകുന്നു

ഇന്ത്യയിലും ഈ ഏർപ്പാട് വിജയകരമായിത്തീരണമെങ്കിൽ നിർബ്ബന്ധമായി, കൊള്ളരുതാത്ത നാടൻ കാളക്കിടാങ്ങളുടെയെല്ലാം "ഉട"യെടുത്ത് അവയുടെ ഉൽപ്പാദനശക്തി തടയുകതന്നെ വേണം. നമ്മുടെ ബഹുമാനപ്പെട്ട തിരു: കൊച്ചി ഗവമ്മേണ്ട് ഈയിടെ ഒരു ബിൽ ഇക്കാര്യത്തിന്റെ വിജയസാദ്ധ്യതക്കായി നിയമസഭയിൽ പാസ്സാക്കിയത്, ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണ്.

മനുഷ്യന്റെ ഹൃദയാന്തരീക്ഷത്തിൽ കൂടെ സ്നേഹത്തിന്റെ ഉറവുനീരുമായി ആനന്ദത്തിന്റെ പൊൻചിറകുമായി നീ പാറുയരുമ്പോൾ കാകോളം വർഷിക്കുന്ന കരിമേഘങ്ങൾ അകന്നൊഴിഞ്ഞു പോകുന്നു.

സന്തോഷത്തിന്റെയും–

ജീവിത വിജയത്തിന്റെയും–

സൗന്ദര്യമാഹാത്മ്യങ്ങൾ ലളിതലളിതമായ ഭാഷയിൽ സുസ്നിഗ്ദ്ധമായ ഹൃദയത്തോടെ നീ പറഞ്ഞുതരുമ്പോൾ,

ലോകം ഞെട്ടിയുണരുന്നു;–

ഹൃദയം വികസിതമാകുന്നു;—

കരം മുകുളിതമാകുന്നു.

മനുഷ്യജീവികളുടെ ചുടുകണ്ണുനീർ കണങ്ങളെ ഒപ്പിയെടുത്തുംകൊണ്ട് പ്രശസ്തിയുടെ ഉപരിമണ്ഡലങ്ങളിലേക്കു നീ കയറി നിൽക്കുമ്പോൾ

മാംസക്കൊതികൊണ്ട് അനീതികളിലും അക്രമങ്ങളിലും പെട്ടു അനന്തമായ അഗാധതയിലേക്കു അധക്കരിക്കപ്പെട്ട എത്രയെത്ര അധഃപതിതരെ; നോക്കിക്കൊണ്ടാണ് നീ കണ്ണീരൊഴുക്കുന്നത്;

കാലത്തിന്റെ കാലചക്രത്തിൽ സമുദായത്തിന്റെ അവജ്ഞാർഹങ്ങളായ ആചാരാനുഷ്ഠാനങ്ങളെ വാർത്തെടുക്കുന്ന അല്പജ്ഞന്മാരുടെ നേരെ നീ തൂലിക ചലിപ്പിക്കുമ്പോൾ;

സമുദായത്തിലെ ചില കാളസർപ്പങ്ങൾ ചീറിയടുക്കുന്നത് ഞങ്ങളറിയുന്നു;

അനന്യസദൃശനായ അല്ലയോ സാഹിത്യകാരാ; നീയെന്തിന്നു ഭയപ്പെടണം... ........?

ലോകത്തിന്റെ അഭിമാനഭാജനമായ നീ നിന്റെ അത്ഭുതപൂർവ്വമായ ഈ ജൈത്രയാത്രയിൽ ആയിരമായിരം ശീർഷകങ്ങൾ ഇതാ അനുഗമിക്കുവാൻ ഉയന്നു കഴിഞ്ഞു.

ജീവിതത്തിന്റെ ഇരുളടഞ്ഞ കോണുകളിലേക്കു ജ്ഞാനത്തിന്റെ വിളക്കുമായി ചെന്നെത്തുക!

അതാണു നിന്റെ കർത്തവ്യം.

?

TAILORING HALL

T. G. T. C. Society Ltd. No. 561.

നവീനരീതിയിലുള്ള എല്ലാ തരം തുന്നൽപണികൾക്കും പരിപൂർണ്ണ ഉത്തരവാദിത്വത്തോടുകൂടി കൃത്യസമയത്തു് തയ്യാർ ചെയ്തുകിട്ടുന്നതിന്നു ഞങ്ങളെ സമീപിക്കുക!

Tailoring Hall

NEAR THE MARAR BANK,
WEST NATAKKAV,
TRICHUR.

## പദ്യവീഥി

# ഭഗവൽ ഗാനം

കെ. ജി. പണിക്കർ കാക്കശ്ശേരി.

(കണികാണുന്നേരം)

കരുണാവാരിധേ, കമലാ കാമുകാ;
ഗുരുവായൂരപ്പാ, ഭഗവാനേ,
ചരണതാരിണ പണിയുന്നോരുടെ
ദുരിതക്കൂരിരുളൊഴിവാക്കി
പെരുതാമാനന്ദമിടവിടാതെന്നു
മരുളുവാനുള്ള പകലോനേ,
കരയില്ലാതുള്ള പരിതാപാം ഭോധി
ത്തിരതല്ലി കൈകാൽ കുഴയുന്നു
കയറുവാനായിട്ടുഴറുന്നു ചിത്തം
കയറില്ലാതുള്ള പരിബന്ധം
കളവാണിലോല മിഴികളാകുന്ന
വലയിങ്കലീഞാൻ വലയാതെ
നിലനിർത്തീടുവാൻ കനിവിയലേണ—
മലിവുഭക്തരിലുടയോനേ,
സുകൃതം ദുഷ്കൃതമിടകലർന്നുള്ള
തകൃതിയാണോർത്താലുലകിടം
പ്രകൃതവൈഭവമറിയുവാൻ ബുദ്ധി
മറിയുന്നു നല്ല മറിമായം!
ഒരു സൌഖ്യമില്ല ഭുവനാഭോഗത്തിൽ
നരകമാണൊക്കെ നരകാരേ,
പലതരം രോഗം, പലതരം രാഗം
ഒരുമിച്ചു കൂടുന്നവതാരം
കരുതുമ്പോളയ്യോ, കരിയുന്നു ചിത്തം
പരമാർത്ഥമാകെ തിരിയുന്നു!
സകല സൌഭാഗ്യം തിരളും ഭാവുക
മികവുചേർത്തെന്നെ കനിവോടെ
മുകിൽവർണ്ണാ, കണ്ണാ, പരിരക്ഷിക്കേണ
മിവനുണ്ടോ, പാർത്താൽ ഗതിവേറെ

# സമസ്യാപൂരണങ്ങൾ

(5–ാം ലക്കത്തിൽ നിന്നും തുടർച്ച)

———x———

അയനാമത്യുത്തമസാഹിതീരസ
ക്കയത്തിലാനന്ദ തരംഗമാലകൾ
ഉയർത്തുമസ്സൽകൃതി ചെയ്തകൌതുകാൽ
പയററണം നാം 'കളരിക്കകം സുഖം!

വിദ്വാൻ; വെള്ളായ്ക്കൽ ഗോവിന്ദമേനോൻ

ഉയർന്നവിശ്വോത്തര ചിന്ത മേൽക്കുമേൽ
സ്വയം വളർത്താനതിശ്രദ്ധ വെച്ചുടൻ
ജയം വരിക്കും വരെ നിഷ്കളങ്കരായ്
പയററണം നാം കളരിക്കകം സുഖം

കെ. എ. കെ. അയ്യപ്പൻ

ആടാമേതുമനസ്സുമീയവനിയിൽ, ദുർമ്മോഹവാരാശിയിൽ
ചാടാനുള്ള തരങ്ങളാണ് മഹിളാരത്നാദിസമ്പത്തുകൾ
വാടാതെപ്പൊഴുമീശ്വരങ്കലകതാരൊപ്പിച്ചു സന്തുഷ്ടനായ്
കൂടാംകന്മഷമാം മഷിക്കൊരിട "വെച്ചീടായ്കിൽ നേടാം ജയം"

കെ. ജി. പണിക്കർ, കാക്കശ്ശേരി

നാടാകെ പരിതുഷ്ടിയാർന്നിടുമനേകാശ്വാസകാര്യങ്ങളിൽ
കൂടാതെന്നു മനസ്സുവെച്ചനുദിനം യതിച്ചു നിഷ്കന്മഷം
കാടാകുന്ന ദുരന്തരാഗവഴിയെപ്പാടേ നശിപ്പിക്കുവാ–
നീടാർന്നുള്ള സമുദ്യമത്തിനെതിർ "വെച്ചീടായ്കിൽ നേടാം ജയം"

വിദ്യാർത്ഥി, എ. ഗോപാലകൃഷ്ണൻ സംസ്കൃത കോളേജ്,
പാവറട്ടി.

ജ്ഞാനം കിട്ടുകിലേതുകാര്യവുമുടൻ ചെയ്യേണമല്ലായ്കില–
ന്യൂനം വന്നു പുലർന്നിടാ കണിശമായ് കാര്യങ്ങളോരോ വിധം
മൌനം കാര്യവിഘാതമെന്നു കരുതീടേണം, ഇടക്കത്തില–
ധ്വാനം തോന്നിടു,മായതന്നുവിധ "വെച്ചീടായ്കിൽ നേട്ടാം ജയം"!

കെ. കെ. കയ്മൾ,

ക്ഷേത്രത്തിൽ സ്ഥിതിചെയ്‌വു ദൈവ;മവിടെ

പ്പൂജിക്കണം ദേവനെ;

സ്തോത്രം ചൊല്ലണ;മത്രയല്ല വഴിവാ–

ടേകേണമെന്നീവിധം

ചിത്രമാത്മവചഃ പ്രശസ്തതയെഴും

വൻകർമ്മാത്മാക്ക്,ഹോ–

രാത്രം, സ്മരികാം നേരുവാക്കിൽ മതിവെ

ച്ചീടായ്കിൽ നേടാം ജയം.

ആനന്ദവർദ്ധനത്തു, ആർ. രാമൻപിള്ള കിളിമാനൂർ.

ആരോ സ്വാതന്ത്ര്യ റിട്ടു സാധു ജനതാ

സൌഖ്യത്തിലാകാംക്ഷയാ—

ലോരോരോ പുതുമാർഗ്ഗമാപ്പൊതുജന

ക്ഷേമത്തിനൊക്കും വിധം

നേരെക്കൊണ്ടു വരുന്നതിന്നനുദിനം

യത്നിക്കവോനായവൻ

പേരിനും പെരുമക്കമാശഹൃദി

വെച്ചീടായ്കിൽ നേടാം ജയം.

എ. ബി. മേനോൻ മണലൂർ.

പുല്ലും വന്നണയും വിപത്തുമഖിലം

തുല്യം മഹത്തുക്കളിൽ

കില്ലും തോന്നുകയില്ല, സത്തമരതാ

രായില്ലയെന്നും ദൃഢം;

തെല്ലും ഭീതിയെഴാതെ യാത്രതുടരു

മാർഗ്ഗത്തിലുണ്ടായിട്ടും

കല്ലും മുള്ളുകളും ശരിക്ക വകവെ

ച്ചീടായ്കിൽ നേടാം ജയം.

ഡാക്ടർ, കെ. കെ. ആർ. ദാസ്സ്.

"സ്വാതന്ത്ര്യശ്ശിർകാററു വീശിയതിനാലിണ്ഭാരതോർവ്വിയ്ക്കുക–

ത്തോതാനാകരുതാത്തമട്ടിലനിശം സന്തുഷ്ടരാം നമ്മളിൽ

ഏതോ കഷ്ടമണഞ്ഞുവെന്നു വരികിൽത്തന്നേ, മനസ്സൊത്തു നാ–

മേതും ചെയ്തു ജനപ്പിളപ്പിനിട വെച്ചീടായ്കിൽ നേടാം ജയം"

കെ. ആർ. കേളക്കുറുപ്പ്, കാറളം.

---

# ഒതേനൻ *

(കെ. ജി. പണിക്കർ കാക്കശ്ശേരി)

1. പാരഞ്ചുമാറവയ്തമക്കളരിപ്പയറ്റി_
ലാരും ചൊടിച്ചു തലപൊക്കി വരാതവണ്ണം
വീരാഗ്രഗണ്യനൊരു നായർ "കടത്തനാട്ടു"
കാരനു, പുരാവിലസിനാ"നൊതനാ"ഭിധാനൻ

2. വിസ്താരമേറുമൊരുമാറിട, മേതൊരാൾക്കു_
മുൾത്താർ ചലിയ്ക്കുമതിഗൌരവമാന്ന നോക്കും,
അത്യായതസ്ഥിതിയിലുള്ള ഭുജങ്ങളും തൻ
ശക്തായമാനനിലകാട്ടി ലസിച്ചിരുന്നു!

3. "തച്ചോള്ളി"യെന്ന ഭവനത്തിനു പൊൻവിളക്കായ്
മെച്ചംപെടുംപടി വളന്നൊരു ശക്തിയുക്തൻ
ദുശ്ചേതനായുതരിപുപ്രകരത്തെയെല്ലാം
നിശ്ചേഷ്ടരാക്കിനിജപൌരുഷമൊന്നിനാലെ!

4. ധാരാളമൂക്കുവിളയിച്ചഥ ഭാരതത്തിൽ
പോരാടി നൂറവരെയൊക്കെ മുടിച്ച ഭീമൻ
തീരാത്തൊരാശയടരിൽബ്ഭ്രത! പൂണ്ടു വീണ്ടു_
മീമാഭുവിലവതാരമെടുത്തതാണോ?

5. അഭ്യാസശക്തി, പരമക്ഷരവിദ്യ, സാര
സഭ്യാധിപത്യ,മതിദീനദയാവിശേഷം,
അഭ്യാഗതാനുമതിതൊട്ടു ഗുണങ്ങളും കൊണ്ടു
സൽഭാസുരസ്ഥിതിയിലുള്ളവനായിരുന്നു!

6. അന്നാട്ടുകാർ പലരുമായുധവിദ്യയിങ്ക_
ലൊന്നാന്തരം വിരുതു നേടിയ കൂട്ടരത്രേ!
എന്നാലുമിപ്പുരുഷനോടു കിടയ്ക്കു നില്പാ_
നന്നാളിലില്ലൊരുവരും, ഭൃഗുരാമഭൂവിൽ!

7. ഇന്നും വിറയ്ക്കുമൊരു നാഭിധ കേൾക്കിലാരു_
മെന്നുള്ള വസ്തുത സമസ്തവുമോർത്തിടുമ്പോൾ
അന്നുള്ളകാലനില ഞാൻ പറയാതെ തന്നെ
തന്നുള്ളമേറുമെവനും, വചനം കിമർത്ഥം!

8. അന്നാട്ടുകാർക്കരചനായൊരു തമ്പുരാനു_
ണ്ടു,ന്നാഗമുഗ്രപടവാൾ തലതാനുയർത്തി
നിന്നാനതിന്റെയുരുഘോരത കണ്ടു ലോക_
മൊന്നാകെയന്നിളകിയാകുലരായിമേന്മേൽ!!

9. ഓരോതരം കഠിനകല്പനയാം വിഷത്തെ
പാരാതെപാരിലവനന്നു ചൊരിഞ്ഞിടുമ്പോൾ
തീരാത്ത ദുഃഖമൊടുനാട്ടിലുയർന്നു കഷ്ട
ഘോരാനലപ്പൊലിമയോർത്തറിയേണ്ടതത്രേ!!

---

* എഴുതിവരുന്ന കാവ്യത്തിൽനിന്നു്

# ആരു നീ?

(കൊല്ലറായ് കെ. എൻ. നമ്പീശൻ)

ആരുവാനെന്നെന്നുമെന്നുടെ പിന്നാലെ
പോരുന്നോരജ്ഞാതരൂപനാം നീ?
ഞാൻ നടന്നീടുമ്പോൾ നീയും നടന്നീടും
ഞാനിരുന്നീടിലിരിക്കും നീയും
ഞാൻ കിടന്നീടുമ്പോൾ നീയും കിടന്നീടു—
മാരു നീ മാമക തുല്യരൂപാ?
നന്ദിനീധേനുവെപ്പണ്ടാ ദിലീപനാം
മന്നവൻ സേവിച്ചഭീഷ്ടം നേടി.
എന്നെയതുപോലെ വിട്ടുപിരിയാതെ
നിന്നു നീയെന്തു കൊതിപ്പു നേടാൻ.
ജീവിതയാത്ര തുടന്ന മുതൽക്കെന്നെ
സേവിച്ചു പിൻതുടന്നീടുവോനെ,
കാലാബ്ധിതന്നിലീ ബിന്ദു ലയിക്കുമ്പോൾ
നീയുമതുവിധ മാവുകില്ലേ?
അല്ലെങ്കിലെന്നെ വെളിച്ചത്തിലല്ലാതെ
പിൻതുടന്നീടുന്നതുണ്ടോ നീയും.
എല്ലാമൊന്നെന്നുള്ള ബോധം വെളിച്ചത്തി–
ലല്ലെന്നോ? കൂരിരുൾച്ചാർത്തിലെന്നോ?
ചൊല്ലുന്നു നിന്നെ ജനങ്ങൾ നിഴലെന്നാ–
യല്ലീ, ഞാനപ്പോൾ യഥാർത്ഥമാണോ?
അല്ലെങ്കിൽ നീയൊരു സത്യമാം വസ്തുവും
കില്ലെന്യേ ഞാനോ നിഴലുമാകാം.
ശൂന്യത തന്നിലേക്കെന്നെ മറിക്കുവാ–
നുന്നി നടക്കും മരണമോ നീ?
ആരുവാനെന്നെന്നുമെന്നുടെ പിന്നാലെ
പോരുന്നോരജ്ഞാതരൂപനാം നീ.

# —കൈത്തിരി—

(ജനമേജയൻ, കല്ലിങ്ങൽ. ബി. എ. ബോംബെ)

വിത്താധികാര പ്രമാദലഹരിയിൽ
പട്ടണമാർത്തു പുളച്ചിടുമ്പോഴും,
മാമക ഭാവന പായുന്നു, പായുന്നു
മാമലനാടിനെപ്പുൽകിടുവാൻ

ആകാശവീഥിയെത്തൊട്ടു തലോടുമി–
ബ്ഭീകരസൌധങ്ങളെന്നു വേണ്ട,
വായുവെത്തോല്പിച്ചു പായുമീ വൈദ്യുത
വാഹനം തൊട്ടവ കണ്ടിടാതെ,
എന്തൊന്നാണ്; കൊച്ചുനാട്ടിലെപ്പുൽമാട–
പ്പൂമുറ്റത്തെന്നും വിളങ്ങിടുന്നു,
അക്കൊച്ചു ദീപത്തെക്കാണാനെൻ ഭാവന
റൊച്ചടിച്ചീടുന്നു, ചിത്രം! ചിത്രം!

എത്രയഹങ്കരിച്ചാർത്തു വിളിച്ചാലും
പട്ടണവീഥികളെന്തു കൊണ്ടും
അക്കൊച്ചു നാട്ടിലുടനീളം വാഴുമ–
സംസ്കാരസീമയിലെത്തുകില്ല!
ട്രാമുകളും, ബസ്സുകളും, റേഡിയോ തൊട്ടവ
താണ്ഡവമിങ്ങെത്ര ചെയ്തെന്നാലും,
പച്ചപിടിച്ചോരാ നെൽപ്പാട വീഥിതൻ
സ്വച്ഛത കാണാൻ കഴികയില്ല!

വീഥികൾതോറുമനവധി വൈദ്യുത
ദീപങ്ങൾ കത്തിജ്വലിച്ചിടട്ടെ,
അക്കൊച്ചു കൈത്തിരി പോരുമകൃത്രിമ
ഗ്രാമീണ സൌന്ദര്യ ഭംഗികാണ്മാൻ
അന്തഃപുരങ്ങളിൽ കാണാത്ത സൌഭാഗ്യം
ഹന്ത! കണ്ടീടുന്നു പുൽമാടത്തിൽ
രാജാധികാരത്തിൻ ചെങ്കോലു കൊണ്ടഹോ!
കാലിയെപ്പാലിച്ച പുണ്യനാടെ,
രാജസുഖങ്ങളുപേക്ഷിച്ചു പുൽക്കുടിൽ
പൂകിസ്വജീവിതം സാർത്ഥമാക്കി
ലോകത്തിന്നുൾക്കണ്ണിലാനന്ദക്കർപ്പൂര
സേചനംചെയ്തോർ ജനിച്ച നാടെ,
അന്തപ്പുരങ്ങളിൽ കാണാത്ത സൌഭാഗ്യം
ഹന്ത! കാണിപ്പൂ നീ പുൽമാടത്തിൽ!!
നിത്യമപ്പുൽമാടമുറ്റത്തു മിന്നുമെൻ
കൈത്തിരി മേൽക്കുമേൽ ശോഭിയ്ക്കട്ടെ!!

# സംസ്കൃത സാഹിത്യത്തെ പുനരുദ്ധരിക്കുക.

(പണ്ഡിതർ; എൻ. പി. രാഘവ പിഷാരോടി.)

———x———

ആധുനികം, സാംസ്കാരികം, സാങ്കേതികം, പാശ്ചാത്യം എന്നിങ്ങനെ ഗുരുതരങ്ങളായ വിഷയങ്ങളെ പരാമർശിച്ചുകൊണ്ടിരുന്ന ഒരന്തരീക്ഷത്തിലാണ് ഞാൻ ജീവിച്ചു പോന്നത്. അതുകൊണ്ട് അവയിൽ നിഗൂഢമായി കിടക്കുന്ന സാഹിത്യവിഷയങ്ങളെ പ്രതിദിനം പരിചയപ്പെടേണ്ടതായും, ചർച്ച ചെയ്യേണ്ടതായും വരാറുണ്ട്. തദ്വാരാ, യഥാർത്ഥവും, പ്രാചീനവും, ശ്രേഷ്ഠവുമായ സാഹിത്യ വിദ്യാഭ്യാസം എന്തെന്ന് ഭിന്നാഭിപ്രായമില്ലാതെ നിർവചിക്കുവാൻ ഇന്ന് ഞാൻ അശക്തനായിരിക്കയാണ്. എങ്കിലും, ഇതര സാഹിത്യങ്ങളെ സംബന്ധിച്ച് എനിക്കുള്ള അഭിപ്രായം, സംസ്കൃത സാഹിത്യത്തിന്റെ അജയ്യമായ മഹത്വത്തിൽ മറയപ്പെടുന്നു. അത്രയും സംസ്കരിക്കപ്പെട്ട ഒരു സാഹിത്യപ്രസ്ഥാനം ലോകത്തിൽ വേറെ വല്ലെടത്തും ഉണ്ടോ എന്നുപോലും ഞാൻ ശങ്കിക്കുകയും കൂടി ചെയ്യുന്നു.

“വിദ്യ” എന്നാൽ അറിവ് എന്നും, അത് അറിയേണ്ടതിനെ പററി ആയിരിക്കണമെന്നും, അറിയേണ്ടത് ഇന്നതാണെന്നും ഉള്ള പൂർവോക്ത സിദ്ധാന്തം മാനിയ്ക്കത്തക്കതു തന്നെ. പക്ഷെ, ഇന്നത്തെ ലോകം അത് വകവെച്ചു തരുമോ? ലോകം ഭിന്നരുചിയാണ്. അതിനാൽ ഏകീകൃതമായ ഒരു അഭിപ്രായത്തിന്ന് സാദ്ധ്യമല്ല. അതുകൊണ്ട് ഗീർവാണസാഹിത്യത്തെ സംബന്ധിച്ച്, അല്പജ്ഞന്മാർ അധികരിച്ചിട്ടുള്ള ഇക്കാലത്ത്, ഭൂരിപക്ഷാഭിപ്രായം സ്വീകാര്യമാകുന്നില്ല. ഇതര ഭാഷകളെ ആശ്രയിച്ച്, അല്പ ശ്രമം കൊണ്ട് വിജയം വരിച്ചിട്ടുള്ള സാഹിത്യ പ്രണയികളാണ് ഇന്ന് ഇതിന്ന് വിധി കല്പിക്കാനുള്ളത്. അവക്ക് ഇതത്ര രുചിക്കുമെന്ന് തോന്നുന്നില്ല. മററുള്ള സാഹിത്യ പദ്ധതികളും, ഗീർവാണ സാഹിത്യവും തമ്മിൽ ഒന്ന് താരതമ്യപ്പെടുത്തി നോക്കുവാൻ പോലും അവർക്കിന്ന് സന്മനസ്സില്ല; അഥവാ, അതിന്ന് കഴിവില്ല. വിദേശ സാഹിത്യ പ്രസ്ഥാനങ്ങൾക്ക് മഹത്വം കാണുന്ന ഇവർ സാഹിത്യശാഖയിൽ അവധാനപൂർവ്വം ഒന്നു ശ്രദ്ധിച്ചാൽ അവക്കു തന്നെ അറിയുവാൻ കഴിയും, സംസ്കൃത സാഹിത്യത്തിന്റെ വിശാല പദ്ധതികളാണ് അവക്ക് വഴികാണിച്ചു കൊടുത്തിട്ടുള്ളതെന്ന്. വേണ്ട, നമ്മുടെ കേരളീയ സാഹിത്യത്തെ തന്നെ പരിശോധിച്ചാൽ തമിഴിൽ നിന്നോ മറേറതു ഭാഷയിൽനിന്നോ ആവിർഭവിച്ചതായാലും ശരി—അതിലെ 75% പദങ്ങളും, ആശയവും ഗീർവാണിയുടേതാണെന്ന് കാണാൻ കഴിയും. അത്ര തന്നെയല്ല, കൈരളിയുടെ, അക്ഷരമാല പോലും ഗീർവാണിയോട് അങ്ങിനെ തന്നെ കടം വാങ്ങിയിട്ടുള്ളതാണ്. ആ അക്ഷരമാല വഴിക്കുവഴി എഴുതി ഉച്ചരിക്കുവാൻ കൂടി കഴിയാത്തവരാണ് ഇന്ന് നമ്മുടെ നാട്ടിൽ കാണുന്ന ബിരുദധാരികളിൽ അധികം പേരും എന്നുള്ളതാണ് പരമാർത്ഥം!

ഇന്ന് ശാസ്ത്രങ്ങളും, വേദങ്ങളും, പുരാണങ്ങളും നൽകുന്ന വിജ്ഞാനം ആർക്കും ആവശ്യമില്ല. അവയെ തീരെ വ്യാജകോടിയിൽ തള്ളിയിരിക്കയാണ്. മന്ദബുദ്ധികൾക്ക് സംസ്കൃത സാഹിത്യം രുചിപ്രദമല്ലെന്നത് പരമാർത്ഥം തന്നെ. പക്ഷെ, ബുദ്ധിക്ക് ആവശ്യമായ വ്യായാമം കൊടുക്കാതെയിരുന്നാൽ കാലാന്തരംകൊണ്ട് കാര്യമായ വിഷയങ്ങളെ ചിന്തിക്കുവാനോ, ചെയ്യുവാനോ അവർ കഴിവില്ലാത്തവരായി തീരും. അതിന്ന് ഉദാഹരണമാണ് ഇന്ന് സംസ്കൃത സാഹിത്യാഭ്യസനത്തിൽ കാണുന്ന വിമുഖത. 150 വർഷത്തെ വിദേശീയ ഭരണംകൊണ്ട് നമുക്ക് മുഖ്യമായി നഷ്ടപ്പെട്ടത് ആർഷസംസ്കാരവും ചിന്താശക്തിയുമാണ്. വിദേശീയർ ഭരിച്ചിരുന്ന കാലത്ത്, സംസ്കൃത സാഹിത്യത്തിന്ന്, യൂനിവേഴ്സിററികളിലും മററു വിദ്യാലയങ്ങളിലും, നാമമാത്രമായ സ്ഥാനമാണ് നൽകിയിരുന്നത്. ഇന്ന് അവരുടെ വാഴ്ച അവസാനിച്ചു. ഭാരതം സ്വന്തം കാലിൽ നില്ക്കുവാൻ ശ്രമിക്കുകയാണ്. ഈ പരിവർത്തനഘട്ടത്തിൽ, ഭാരതീയരായ നമുക്ക് അറിയുവാനും, ആചരിക്കുവാനുമുള്ള തത്വസംഹിതകളും, ദൈനദിന കർമ്മം വരെയുള്ള സർവവും എഴുതി സംഭരിച്ചിട്ടുള്ള സംസ്കൃത സാഹിത്യത്തെ പ്രചരിപ്പിക്കേണ്ടത് ഭര

ണസാമഗ്ര്യം വഹിക്കുന്ന നേതാക്കന്മാരുടെ ഒഴിച്ചുകൂടാത്ത കർത്തവ്യങ്ങളിൽ മുഖ്യമായ ഒന്നാകുന്നു.

വിദേശീയ സംസ്കാര പരിഷ്കാരങ്ങളെ പകർത്തി പരിശീലിച്ചു പോന്നിട്ടുള്ള ഇന്നത്തെ ലോകത്തിന്ന് അല്പം അസഹ്യമായി തോന്നുമെങ്കിലും, ആ പരിഷ്കാരം വരുത്തി വെച്ചിട്ടുള്ള നമ്മുടെ സാംസ്കാരികാധഃപതനത്തെ പുനരുദ്ധരിച്ചേ ഭാരതം ഭാരതമാകയുള്ളൂ. സാസ്കൃത സാഹിത്യത്തിന്റെ നേട്ടം ലോകം ഇന്നറിയുന്നില്ല. നമ്മുടെ മതപരമായ സർവവും—ആത്മീയവും, ഭൌതികവുമായ എല്ലാ വിജ്ഞാനവും—ആ സംസ്കൃത സാഹിത്യത്തോട് ഘടിപ്പിച്ചിരിക്കുകയാണ്. നമ്മുടെ അക്ഷരമാലയിലെ ഓരോ അക്ഷരങ്ങളും, ഓരോ ദേവതകളേയും, അവയുടെ ശക്തിയേയും കുറിക്കുന്ന ബീജാക്ഷരങ്ങളാകുന്നു. സ്നാനാനുലേപനങ്ങൾ, നാമോച്ചാരണങ്ങൾ ഭക്ഷണം (പഞ്ചപ്രാണാഹുതിക്ക് ശേഷം) ശയനം മൈഥുനം എന്നുവേണ്ട മററുവിനോദങ്ങൾപോലും മതത്തോടും, സംസ്കാരങ്ങളോടും സംഘടിപ്പിച്ചിരിക്കുകയാണ്.

അതുകൊണ്ട്, ഭാരതീയതത്വസിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുവാനും, മാനവസമുദായത്തിന്ന് ശാന്തിയും സമാധാനവും പുനഃസ്ഥാപിക്കുവാനും സംസ്കൃത സാഹിത്യഭ്യസനം അഭിവൃദ്ധിപ്പെടുത്തിയേമതിയാവൂ. ആയുർവേദം, ജോതിഷം തുടങ്ങിയ മററുശാസ്ത്രങ്ങളെ പൊതുലോകം ആദരിക്കുന്നകാലംവരെ സംസ്കൃതം നാമാവിശേഷമാകുവാൻ പോകുന്നില്ല. എങ്കിലും, ചിരകാലപരിചയംകൊണ്ട് ശീലിച്ചുപോയ സമ്പ്രദായങ്ങൾക്ക് വൈകല്യം സംഭവിച്ചേക്കുമെന്ന് ഭയപ്പെട്ട് പുത്തൻകൂററുകാർ ഒരുപക്ഷെ എതിർത്തുവെന്നും വരാം. അവരുടെ അനർഹവും, ആലോചനാരഹിതവുമായ അത്തരം എതിർപ്പുകളെ അവഗണിച്ചുംകൊണ്ട് ആർഷഭാരതത്തിന്റെ അമൂല്യസമ്പത്തായ സംസ്കൃതസാഹിത്യത്തെ സർവാത്മനാസമുദ്ധരിക്കുവാൻ സജ്ജനങ്ങൾ സന്നദ്ധരാകട്ടെ!!!

—x—


## മേഹസംഹാരി.

ആയുർവേദശാസ്ത്രത്തിന്റെ അത്ഭുതകരമായ നേട്ടം! മേഹരോഗങ്ങളാൽ വിവശരായി കഴിഞ്ഞുകൂടുന്ന രോഗികൾക്കു ശാശ്വതമായ സമാധാനം കാണുവാൻ ഞങ്ങളുടെ മേഹസംഹാരി എന്ന ഔഷധത്തിന്നു ആവശ്യപ്പെടുക.

ഉപയോഗക്രമം, ഫലസിദ്ധിയെ സംബന്ധിക്കുന്ന വിവരങ്ങൾ എല്ലാം അടങ്ങിയ വിജ്ഞാപനത്തിന്നു എഴുതുക.

**ജ്യോതി ആയുർവൈദ്യഫാർമസി,**

തിരൂർ,

മുളങ്കുന്നത്തുകാവ്.

# ഗർഭിണി

(തുടർച്ച)

എം. വി. ഉണ്ണിത്താൻ

കിടക്കാൻ സമയമായപ്പോഴേക്കും വേണുവിനു പനിക്കാൻ തുടങ്ങി. പനി, തലവേദന, മേലുവേദന—രാത്രി മുഴുവനും ഉറങ്ങുവാനിടകൊടുക്കാത്ത ശല്യങ്ങളായി. കഠിനമായ വേദനകളോടുകൂടെ പനി ആറേഴു ദിവസം നീണ്ടുനിന്നു. ഇടയ്ക്കിടക്ക് ദേഹത്തിലെ ചൂടിന്റെ നിലയറിയാൻ വേണ്ടി രാധയുടെ മാർദ്ദവമേറിയ കൈത്തലം തന്നെ സ്പർശിച്ചുകൊണ്ടിരുന്നപ്പോൾ, അയാളുടെ ഹൃദയസിരകൾ കുളുർത്തുപോയി. ഒരിക്കൽ അയാളങ്ങിനെ മയങ്ങിക്കിടക്കുകയായിരുന്നു. തലവേദനക്ക നെററിമേലിട്ടിരുന്ന ശീല വരണ്ടതു കണ്ടു രാധ, അതെടുത്തു മുലപ്പാലിൽ മുക്കി വീണ്ടും ഇടുകയായിരുന്നു. കിടക്കമേൽ കൈകുത്തി കുനിഞ്ഞുള്ള നിലയിൽ, ആ സമയത്ത് രാധയുടെ മുഖകമലത്തിൽ നിന്നു ഒരു നെടുവീർപ്പ്, അവളറിയാതെ, വേണുവിന്റെ അധരപുടത്തിൽ ചെന്നു തട്ടി. പെട്ടന്നയാൾ കൺമിഴിച്ചു നോക്കി. ഇരുപേരുടേയും ദൃഷ്ടികൾ തമ്മിലിടഞ്ഞു പതറാതെ നിന്നു.

രോഗിയായ ഭർത്താവിനെ ശുശ്രൂഷിക്കുന്ന ഭാര്യയുടെ കഴിവുകളൊന്നും അയാൾക്കിതുവരെ അനുഭവപ്പെട്ടിരുന്നില്ല. വാസ്തവത്തിൽ, മാദകമായ പ്രണയിനിയുടെ പരിചര്യ ഔഷധത്തേക്കാളും വിലപെരുത്തതാണ്. രോഗശയ്യയിലെ ഒരുവന്റെ പ്രശാന്തി, അവന്റെ പ്രിയതമയുടെ വാക്കിലും നോക്കിലും തങ്ങിക്കിടക്കുന്നു. വേണുവിനെ ഒരാഴ്ചക്കാലം ശയ്യാവലംബിയാക്കിയ രോഗം ജീവിത സൗഖ്യത്തിന്റെ ഒരു മഹാതത്വം അയാളെ ഗ്രഹിപ്പിച്ചു. അന്നുമുതല്ക്കു രണ്ടാളും സവിശേഷമായ ഒരാത്മാർത്ഥതയോടെ പെരുമാറുവാനും, മനസാ വധൂവരന്മാരാണെന്നു സങ്കല്പിക്കുവാനും തുടങ്ങി.

മാവുകളുടെ പൂത്തുനിന്ന കൊമ്പുകളിൽ മാങ്ങകൾ പഴുത്തു കണ്ടു, അവയും വീണൊടുങ്ങി. മഞ്ഞുകൊണ്ടു വിറകൊണ്ടിരുന്ന രാവുകൾ പോയി, വിശറികളിലും വിശ്രമമേലാത്ത കാലം കൊടുമ്പിരികൊണ്ടു. ഇക്കാലത്തിനകത്തു കുറെ ഷൊറണൂരിലും, കുറെ ഓച്ചന്തുരുത്തിലുമായി വേണുവിന്റെ ദിവസങ്ങൾ മുന്നോട്ടു കടന്നു. ഇടക്കു ഒരു സംഭവമുണ്ടായി അതു വീട്ടുകാരെ ശല്യപ്പെടുത്തി. ഒരിക്കൽ വേണുവിന്റെ വിവാഹിത രോഗാതുരയായി കിടപ്പിലായി. കുറെ മാസങ്ങൾ കഴിഞ്ഞിട്ടുണ്ട്. ഭാര്യയും ഭർത്താവും തങ്ങളിൽ കണ്ടിട്ട്. രോഗം അപകടസ്ഥാനത്തേക്കു തന്നെ നീങ്ങുമോ എന്ന നിലയായി. ഭർത്താവിനെ കാണണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഭാര്യയുടെ സന്ദേശം വീട്ടിലെത്തി എന്നാൽ, 'അത്യാവശ്യകാര്യമാണ്, മടങ്ങിവരട്ടെ' എന്നു വേണു ആ അഭ്യർത്ഥനയെ നിരസിച്ചു തൃപ്പൂണിത്തുറക്ക് യാത്രയായി. കുറെയിടവെച്ചു, ഭാര്യയുടെ വീട്ടിൽ പോകാതിരിക്കുന്നതിനെ പററി പലപ്പോഴും തങ്ങൾ നിർബ്ബന്ധിച്ചിട്ടും അഴഞ്ഞുകാണാത്ത മൗനം, ഇപ്പോഴത്തെ ഈ ഹൃദയശൂന്യമായ ഒഴിഞ്ഞുമാറൽ—രണ്ടും കൂട്ടിപ്പിടിച്ചപ്പോൾ, അത്യാവശ്യം പറഞ്ഞു കൂടെക്കൂടെ നടത്തിവരുന്ന യാത്രക്കും പ്രാധാന്യം കല്പിക്കേണ്ടി വരുമോ എന്നു വീട്ടിലുള്ളവർക്കു ആശങ്കയായി.

ഒരു ദിവസം രാജനെ വരുത്തി അന്വേഷിക്കുവാൻ വേണുവിന്റെ പിതാവു തീർച്ചപ്പെടുത്തി. രണ്ടാളും ഉററസ്നേഹിതന്മാരാണല്ലോ. പക്ഷെ, രാജനിൽ നിന്നു് പൂർണ്ണവിവരങ്ങളൊന്നും സിദ്ധിച്ചില്ല. രണ്ടാളും കുറച്ചുകാലമായി അങ്ങിനെ അടുത്തു പെരുമാറാറില്ല. രാജൻ ജോലിസ്ഥലത്തായിരുന്നു അധികവും. തന്റെ വിവാഹബന്ധത്തിൽ വേണു തീരെ അസംതൃപ്തനാണ്. എറണാകുളത്തടുത്തെങ്ങോ ഒരു യുവതിയുമാ

യുണ്ടായ പ്രണയകഥ അയാൾക്കു പറയുവാനുണ്ടാകും. അതിൽ സ്നേഹപൂർവ്വമുള്ള തന്റെ പ്രതിഷേധങ്ങളൊക്കെ പരാജയപ്പെടുകയാണുണ്ടായതു്—ഇത്രമാത്രമെ രാജനു പറയുവാൻ കഴിഞ്ഞുള്ളു. വീട്ടുകാരൊക്കെ ക്ഷോഭിച്ചുവശായി. പക്ഷെ, അതുകൊണ്ടെന്തു ഫലം?

അചിരേണ വേണുവിന്റെ അന്തരീക്ഷം പ്രസന്നമല്ലാതായി. വീട്ടിലുള്ളവർ വിരോധം ഭാവിച്ചു. തനിക്കിഷ്ടം പോലെ ചെലവു ചെയ്യുവാൻ പണത്തിനു വിഷമം നേരിട്ടു തുടങ്ങി. ജോലിയൊന്നുമായിട്ടില്ലാത്ത തനിക്കു് ആവശ്യത്തിനൊക്കെ വീട്ടിൽ നിന്നു തന്നെ പണമുണ്ടാക്കേണ്ടിയിരുന്നു. ദരിദ്രനായിട്ടെങ്കിലും, ഓച്ചന്തുരുത്തിൽ കഴിച്ചു കൂട്ടാമെന്നു വെച്ചാൽ അവിടേയും ദൌർഭാഗ്യം ചൂണ്ടുവിരൽ നീട്ടി ഭീഷണിപ്പെടുത്തി. മിലിട്ടറി സർവ്വീസിൽ ഇരുന്ന രാധയുടെ സഹോദരൻ സ്വദേശത്തു വന്നിട്ടു് കുറച്ചു ദിവസമായി. അയാൾ അയച്ചുകൊടുത്തിരുന്ന പണംകൊണ്ടാണു കുടുംബച്ചിലവിൽ ഏറിയ ഭാഗവും നടന്നുവന്നതു്. വേണുവിനെ വീട്ടിൽ കാണുകയും, രാധ ഗർഭിണിയാണെന്ന വിവരം അറിയുകയും ചെയ്തപ്പോൾ, അയാൾ ക്രുദ്ധനായി; കലഹത്തിനു പുറപ്പെട്ടു. അയൽപക്കക്കാരിൽ ചിലരെല്ലാം ആ കുടുംബഛിദ്രത്തിനു സഹായികളായി നിന്നു.

വേണു സ്നേഹപൂർവം തന്റെ നിഷ്കളങ്ക ഹൃദയം തുറന്നു കാണിച്ചു്; തന്റെ പൂർവബന്ധം ദുർബലപ്പെടുത്തുന്നതുവരെ കാത്തിരിക്കണമെന്നപേക്ഷിച്ചു. സമുദായം ക്ഷോഭിക്കാതിരിക്കുകയാണു തനിക്കാവശ്യമെന്നായി സഹോദരൻ. ഏതു വിധവും വേണു, അടുത്തുതന്നെ രാധയെ പരസ്യമായി വിവാഹം ചെയ്തേ തീരുവെന്ന ദിക്കായി.

രാധക്കോ കണ്ണീരും കയ്യുമായിരിക്കുന്നു. അമ്മയൊഴിച്ചു തന്നെ കാണുന്നവരാരും ഒരനുകമ്പയും പ്രകടിപ്പിക്കാറില്ല. സഹോദരന്റെ മുമ്പിൽ ചെല്ലുവാൻ അവൾ നടുങ്ങി. വേണുവിനു പണ്ടത്തെപ്പോലെ അവളുടെ ഗൃഹത്തിൽ നില്ക്കുവാൻ നിവൃത്തിയില്ലാതാണിരിക്കുന്നതു്. അതാലോചിക്കുമ്പോൾ, അവൾ വിങ്ങി വിങ്ങിക്കരയും. എന്തുതന്നെ വന്നാലും, പ്രിയതമൻ അടുത്തുണ്ടെങ്കിൽ, അവൾക്കതൊരാശ്വാസമാണു്. ഇല്ലാത്ത അവസരങ്ങളിൽ, മദ്ധ്യാഹ്ന രശ്മിയിലെ ഇളഞ്ചീരയുടെ വരളിച്ചയാണവൾക്കു്.

പരിശുദ്ധയായ തന്റെ പ്രണയ മഞ്ജൂഷികയെ വിട്ടു പിരിയുന്ന കാര്യം വേണുവിനു പരമ സങ്കടമായി. എന്നാൽ എങ്ങിനെയാണയാൾ വിട്ടു പിരിയാതിരിക്കുക? ഭാവിയിലെ പ്ലാൻ തീരുമാനിക്കുന്നതുവരെ കുറച്ചു ദിവസത്തിനിനി വേർപെട്ടിരിക്കുവാൻ തന്നെ ഒരു കുറി അയാൾ നിശ്ചയിച്ചു. എട്ടോ പത്തോ ദിവസം നീങ്ങിയിട്ടില്ല; ഹൃദയം എരിപൊരി കൊള്ളുവാൻ പുറപ്പെട്ടതോടെ ഷൊറണൂരു നിന്നയാൾ ഓച്ചന്തുരുത്തിലേക്കു മടങ്ങി. അവിടെ ചെന്നപ്പോൾ കണ്ട കഥ! രാധ, തന്റെ പ്രണയസർവസ്വം, ആധിയാൽ ചടച്ചു എല്ലും തോലിയുമായിരിക്കുന്നു. അവളുടെ സഹോദരനു തന്നെ കാണുന്നതു ചതുർത്ഥിയുമാണു്. വേണു എന്താണിനി ചെയ്യുന്നതു്? ആലോചിച്ചിട്ടു ഒരു വഴിയും കണ്ടുകിട്ടാനില്ല. ഹൃദയവേദന അനാദാരം—ഇവയുടെ സീമകളിൽ നിന്നോടി രക്ഷപ്പെടുവാൻ എവിടെയാണൊരിടം?

വേണു പരീക്ഷയിൽ ജയിച്ചിരുന്നു. ഒരു ബി. എ. ക്കാരനാണിന്നു്. ജോലിക്കൊന്നും കാര്യമായ അന്വേഷണം നടത്താനിതുവരെ സാധിച്ചിട്ടില്ല. സ്വൈരമായി ജീവിതം നയിക്കുവാൻ എങ്ങിനെയെങ്കിലും ഒരു ജോലി സമ്പാദിച്ചിരുന്നെങ്കിൽ, അയാൾക്കു വിഷമിക്കേണ്ടി വരില്ലായിരുന്നു. ജോലിക്കന്വേഷിക്കുവാൻ അയാളാഗ്രഹിച്ചു എന്നാൽ, രാധയെ വിട്ടുപോകുന്നതെങ്ങനെ ? പോകാതിരിക്കുന്നതെങ്ങനെ?

ഒരാഴ്ചക്കാലത്തെ അന്വേഷണത്തിന്റെ ഫലമായി കൊച്ചിൻ ഹാർബറിൽ അയാൾക്കൊരുദ്യോഗം സിദ്ധിച്ചു. ഇരുനൂറുറുപ്പികയാണു് മാസപ്പടി. വിഷമതകൾക്കൊക്കെ 'ദൈവാധീനം കൊണ്ടു ഒരു നിവൃത്തിയാ'യെന്നു് രാധയും സന്തോഷിച്ചു.

ഹാർബറിനടുത്തു്, പള്ളുരുത്തിയിൽ, ഒരു വീടു് വാടകയ്ക്കെടുത്തു് വേണു അവിടെ താമസമാക്കി. രാധയോടൊപ്പം പോരുമ്പോൾ അനുയാത്രയ്ക്കായി രാധയുടെ സഹോദരനെ ക്ഷണിച്ചുനോക്കി. ഫലമുണ്ടായില്ല. 'നിങ്ങളെ അളിയനായി കാണുന്നതിൽ എനിക്കു സന്തോഷം തന്നെ. പക്ഷെ........വിവാഹം നടക്കട്ടെ.'

ഹാർബറിലേക്കു പോകുവാൻ വേണുവിനു ഭക്ഷണം പാകപ്പെടുത്തിക്കൊടുത്തിരുന്നതൊക്കെ രാധ തന്നെയാണു്. ജോലിക്കു പോയാൽ പിന്നെ അയാൾ സന്ധ്യയോടു കൂടിയേ മടങ്ങിയെത്തുകയുള്ളു. വീട്ടിൽ തനിച്ചിരിക്കുമ്പോൾ സഹായത്തിനും, വീട്ടുവേലക്കുമായി രാധക്കു പിടിച്ചൊരു തള്ളയെ ഓച്ചന്തുരുത്തിൽ നിന്നു തന്നെ സമ്പാദിച്ചി

രുന്നു. തന്റെ നൂതനമായ ഗൃഹണീപദം രാധയെ സംതൃപ്തയാക്കി. വേണു വീട്ടിലില്ലാതിരിക്കുന്ന പകൽസമയമത്രയും, കഴിഞ്ഞുപോയ കാലവും, വിഷമതകളും അവളുടെ ഓർമ്മയിലുദിക്കും. തന്റെ പേരിലുള്ള പ്രേമം നിമിത്തം ആ യുവാവിനു സഹിക്കേണ്ടിവന്ന അല്ലലും അപമാനവും എന്തുമാത്രമാണെന്നു അവൾ വേദനപ്പെടും. സന്ധ്യക്കു വേണുവിനെ കണ്ടാൽ അവളുടെ ഭാവം പകരും. ഭർത്താവിനോടൊരുമിച്ചു വീട്ടിൽ കഴിഞ്ഞു കൂടുന്ന രാവുപകലുകൾ അവർക്കു പരമാനന്ദമയമായിരുന്നു.

ഞായറാഴ്ചയാണന്ന്. ഉച്ചയ്ക്കുള്ളണു കഴിഞ്ഞു വേണു വിശ്രമിക്കുകയാണ്. അരികത്തുണ്ടായിരുന്ന രാധ അയാളുടെ മുഖത്തേയ്ക്കങ്ങിനെ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നതിനിടയിൽ, അറിയാതെ ഒരു നെടുവീർപ്പിട്ടു. നോട്ടവും നെടുവീർപ്പും വേണുവിനെ ഇളക്കിതീർത്തു. അന്യോന്യം ഒരസുഖം കാണുക പൊറുക്കവയ്യെന്നുള്ളതാണ് ഈ നവദമ്പതികളുടെ പതിവ്. നിർബ്ബന്ധം കലശലായി; രാധക്കു സമാധാനം പറയാതെ തരമില്ലെന്നായി. ആ പ്രേമവതി ഹൃദയം മറച്ചു വെക്കാറില്ല.

“ഞാനോർത്തുപോയി, അവിടുന്നു എന്നെച്ചൊല്ലി എന്തുമാത്രം കഷ്ടതകൾ സഹിച്ചുവെന്ന്. ഈ ദരിദ്രയായ എന്നെച്ചൊല്ലി..........”

ആ നീലമിഴികളിൽ പൊടിഞ്ഞ ചുടുനീർകണങ്ങൾ സ്നേഹപൂർവ്വം തുടച്ചു കളഞ്ഞു വേണു അറിയിച്ചു.

‘ഓമനക്കു വേണ്ടിയാണു എന്റെ ജീവിതം’

ദൈവഗതി എന്നു പറയേണ്ടൂ. അവരുടെ ആ സുഖജീവിതം അങ്ങിനെ നീണ്ടുനിന്നില്ല.

പുതുതായി സൃഷ്ടിച്ച ഒരു സൂപ്പർവൈസറുടെ ഉദ്യോഗമായിരുന്നു വേണുവിന്റ്. ഇൻഡ്യാ ഗവമ്മേണ്ടു ആ തസ്തിക അംഗീകരിക്കാതെ പോയി. ഒരു ദിവസം, വിചാരിച്ചിരിക്കാതെ, വേണുവിനെ ജോലിയിൽ നിന്നു പിരിച്ചയച്ചു.

ഇനി എന്താണയാൾ ചെയ്യുക! പെട്ടെന്നു മററൊരുദ്യോഗത്തിനു വിഷമവുമായി. വീട്ടുചെലവുകൾക്കു കടം വാങ്ങി. സ്വന്തം ഗൃഹത്തിൽ നിന്നു ഒന്നും നേടുവാൻ അയാൾക്കു പാകമുണ്ടായിരുന്നില്ല. രാധയുടെ ബന്ധം ഗൃഹത്തിലുള്ളവരെ പരമശത്രുക്കളാക്കി തീർത്തിരുന്നു. അയാൾ ഷൊറണൂർക്ക് പോയിട്ടു തന്നെ രണ്ടു മാസം കഴിഞ്ഞിരിക്കുന്നു.

കടം എത്രകാലം വാങ്ങാം? അന്യദിക്കുകാരനും, തൊഴിലിലൊന്നും ഏർപ്പെടാത്തവനുമായ ഒരാൾക്കു എത്രപേരുണ്ടാകും കടം കൊടുപ്പാൻ? വീട്ടുചിലവുകൾ നടന്നുപോകാത്ത മട്ടിലായി. രാധ ഗർഭകാലത്തിന്റെ മദ്ധ്യദശ കടന്നിരിക്കുന്നു. പ്രസവവും അതിന്റെ ചെലവുകളും ഇനി വരാനിരിക്കുന്നതേയുള്ളു. എന്തു വേണമെന്നായി വേണുവിനു ചിന്ത. മുൻകാലത്തെ കഷ്ടതകൾ ബഹു നിസ്സാരങ്ങളായി തോന്നി. നഗ്നമായ ദാരിദ്ര്യം തുറിച്ചു നോക്കുന്ന നോട്ടം കണ്ടു അയാൾ വല്ലാതെ നടുങ്ങിപ്പോയി.

ഭാവിയിൽ വേണ്ടുന്നതിനെ പററി ഉറപ്പു വരുത്തുവാൻ വേണു പണിപ്പെട്ടു നോക്കി. രാധയുടെ മനസ്സിനെ വേദനപ്പെടുത്തരുതെന്നു കരുതി അവളിൽ നിന്നു എല്ലാം മറച്ചു പിടിച്ചു. രാത്രി കിടക്കുമ്പോഴായിരുന്നു ആലോചന മുഴുവനും. അയാൾ ശരിയായി ഉറങ്ങിയിട്ടു നാളുകൾ പലതായിരിക്കുന്നു.

രാധ ഓച്ചന്തുരുത്തിലെ സ്വന്തം വീട്ടിലേക്കും, വേണു ജോലി സമ്പാദിക്കുന്നതിനു മറുനാട്ടിലേക്കും— ഇങ്ങിനെ തല്ക്കാലം രണ്ടാളും പിരിയുകയേ നിവൃത്തിയുള്ളുവെന്ന മട്ടായി ഭർത്താവിനു ഈ തീരുമാനത്തിൽ വേദനയൊന്നും അനുഭവപ്പെട്ടില്ല. ഹൃദയത്തിലെ സ്വാ നാഡികളും വേണുവിനു മരവിച്ചതായി തോന്നി.

തന്റെ മനോഗതികളെ പ്രകാശിപ്പിച്ചുകൊണ്ടു്, ഒടുവിൽ, രാധയുടെ അമ്മയ്ക്കൊരു എഴുത്തെഴുതി അയച്ചിട്ടു വേണു, ഒരു ദിവസം രാവിലെ, കൊച്ചിൻ ഹാർബറിൽ നിന്നു തീവണ്ടി കയറി.

# രേഖാശാസ്ത്രം

ടി. അച്ചുതവാരിയർ.

ലോകത്തിൽ വെച്ച് ഏററവും പഴക്കം കൂടിയ ഒരു ശാസ്ത്രമത്രെ രേഖാശാസ്ത്രം. ഇതിൻെറ ഉത്ഭവം ആര്യന്മാരുടെ കാലത്ത് ഇന്ത്യയിൽ വെച്ചാണെന്ന് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. അതിനുശേഷം കാലക്രമത്തിൽ നാനാരാജ്യങ്ങളിലും വ്യാപിച്ചതായിട്ടാണ് അറിയുവാൻ കഴിഞ്ഞിട്ടുള്ളത്.

യൂറോപ്യന്മാരുടെ ഇടയിൽ ഈ ശാസ്ത്രത്തിന് വലിയ സ്ഥാനം ഉണ്ടായിരുന്നു. അനാക്സഃഗോറസ്, അരിസ്റ്റോട്ടിൽ, പ്ലിനി, ഹിസ്ഫാനസ് തുടങ്ങിയ പണ്ഡിത ശ്രേഷ്ഠന്മാർ ഇതിൽ വിശ്വസിച്ചിരുന്നു. ഹിസ്ഫാനസ് മഹാനായ അലക്സാണ്ടർക്ക് ഒരു ഗ്രന്ഥം തന്നെ അയച്ചു കൊടുത്തിട്ടുള്ളതായും, അതിൽ അദ്ദേഹത്തിൻെറ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതായും ചരിത്രത്തിൽ നിന്നും മനസ്സിലാകുന്നു. ചില രാജ്യങ്ങളിൽ പട്ടാളത്തിലേക്ക് ജനങ്ങളെ തിരഞ്ഞെടുക്കുമ്പോൾ അവരുടെ കയ്യിലെ രേഖകൂടി പരിശോധിക്കുക പതിവായിരുന്നുവത്രെ.

ശാസ്ത്രത്തിൻെറ അധഃപതനത്തിനു പലകാരണങ്ങളുമുണ്ട്. ഇന്ത്യയെ സംബന്ധിച്ചുനോക്കുന്നതായാൽ ഭാരതീയരുടെ പലേ ഗ്രന്ഥങ്ങളും വിദേശിയാക്രമണംകൊണ്ട് നഷ്ടപ്പെടേണ്ടതായി വന്നിട്ടുണ്ട്. അവശേഷിച്ചിട്ടുള്ളവ മററുള്ളവർക്കു കൊടുക്കാതെ അമൂല്യസമ്പത്തുക്കളായി സൂക്ഷിക്കുക എന്നത് ഇവിടത്തെ ജനങ്ങളുടെ ഒരു പതിവായും തീർന്നിരുന്നു. അതിനാൽ ഇന്ത്യയിൽ വീണ്ടും അതിന് അധികം വളരുവാൻ സാധിക്കാതെ വന്നു ചേരുകയും ചെയ്തു.

എ. ഡി. 315 ൽ ഇംഗ്ലണ്ടിൽ ശാസ്ത്രത്തെ നിരോധിച്ചുകൊണ്ടും മററും നിയമങ്ങൾ പാസ്സാക്കിയിരുന്നു. അതിനാൽ അവിടത്തെ ജനത ഭയവിഹ്വലതയോടുകൂടിയാണ് അതിനെ വിശ്വസിച്ചിരുന്നത്. 1445ൽ ബൈബിൾ ആദ്യമായി അച്ചടിച്ചുപുറത്തിറങ്ങിയതോടുകൂടി ഹാർട്ലിബ്ബ് എന്ന സന്യാസി രേഖാശാസ്ത്രത്തിൻെറ ആവശ്യകതയെ സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ പറഞ്ഞുമനസ്സിലാക്കുകയും തൽഫലമായി 1474ൽ അദ്ദേഹം ഒരു ഗ്രന്ഥം അച്ചടിച്ച് പുറത്തിറക്കുകയുംചെയ്തു. ഇതാണ് ബൈബലിനു ശേഷം ഒന്നാമതായി അച്ചടിച്ച പുസ്തകം.

ഹെൺറി 8—ാമൻെറ കാലത്തും ജോർജ്ജ് നാലാമൻെറ കാലത്തും ഈ ശാസ്ത്രത്തിൽ വിശ്വസിച്ചിരുന്നവരെ ശിക്ഷിച്ചിരുന്നു. എന്നാൽ 19—ാം നൂററാണ്ടിൻെറ ആരംഭത്തിൽ സയൻസിൽ കൂടുതൽ ജ്ഞാനം ലഭിച്ചതോടുകൂടി ജനങ്ങൾ രേഖാശാസ്ത്രത്തെ കൂടുതൽ വിശ്വസിക്കുവാൻ തുടങ്ങി തദ്വാരാ അജ്ഞതയുടേയും അന്ധവിശ്വാസങ്ങളുടേയും പര്യായങ്ങളല്ല രേഖാശാസ്ത്രം എന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടുതുടങ്ങുകയും ചെയ്തു.

തലച്ചോറിൽ ഉണ്ടാകുന്ന മാററങ്ങൾ അപ്പോഴപ്പോൾ കയ്യിൽ ഉണ്ടാകുന്നതായി ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചു. 1833ൽ സർ ചാറൽസ് ബെൽ എന്ന ഞരമ്പുവിദഗ്ദ്ധൻ തലച്ചോറും കയ്യും തമ്മിൽ അനവധി ഞരമ്പുകളാൽ കൂട്ടിഘടിപ്പിച്ചിട്ടുണ്ടെന്നും ദേഹത്തിൽ വേറൊരിടത്തും ഇത്ര ഞരമ്പുകൾ ഇല്ലെന്നും പ്രതിപാദിച്ചിട്ടുണ്ട്.

കൈവിരലുകളുടെ തുമ്പത്തു ഒരു ചതുരശ്രവരയിൽ 180 Red Corpuscles ഉള്ളതായി 1853ൽ മീസ്നർ എന്ന പണ്ഡിതൻ അഭിപ്രായപ്പെട്ടു. എന്നു മാത്രമല്ല, Red Corpuscles കയ്യിൻെറ ചുവന്ന രേഖകളിൽ മററ ഭാഗങ്ങളേക്കാൾ വളരെ കൂടുതലായും വിശേഷപ്പെട്ട രീതിയിലും കാണുന്നുണ്ടെന്നും, അതിനു ചില പ്രത്യേക ഫലങ്ങളുണ്ടെന്നും അദ്ദേഹം സമർത്ഥിച്ചിട്ടുണ്ട്.

കയ്യിലെ ഓരോ Red Corpusclesഉം തലച്ചോറിൽനിന്നുള്ള ഞരമ്പുകളാൽ ഘടിപ്പിച്ചിട്ടുണ്ടെന്ന് സർചാറൽസ് ബെൽ 1874ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കൈവിരൽ അടയാളം പരിശോധിച്ച് കുററക്കാരെ തിരിച്ചറിയുന്ന ഏൎപ്പാട് നടന്നുവരുന്നുണ്ടെന്നും, സ്കോട്ട്ലണ്ട്യാർഡ് ലൈബ്രറിയിൽ ആ തരം കണ്ടുപിടുത്തങ്ങളെ സംബന്ധിച്ച നിരവധി ഗ്രന്ഥങ്ങൾ ശേഖരിച്ചുവച്ചിട്ടുള്ളതായും കെയിറൊ എന്ന സുപ്രസിദ്ധ രേഖാശാസ്ത്രപണ്ഡിതൻ അദ്ദേഹം രചിച്ചിട്ടുള്ള പുസ്തകങ്ങളിൽ വിവരിച്ചു കാണുന്നു.

ഒരു ഡാക്ടൎക്ക് തിരിച്ചറിയുവാൻ സാധിക്കാത്ത പല സുഖക്കേടുകളും കൈരേഖകൾ പരിശോധിച്ചു കണ്ടുപിടിക്കുവാൻ സാധിക്കുന്നതാണ്. രേഖാശാസ്ത്രം ആരോഗ്യശാസ്ത്രപരവും കൂടിയാണെന്നുള്ളതിന് ഒരു ഉദാഹരണം എടുത്തു പരിശോധിക്കാം. ഡാക്ടൎമാർ പൾസ് പരിശോധിക്കുന്നതു കണ്ടിട്ടില്ലേ? രക്തനാഡി നേരെ തള്ളവിരലിന്റെ അടിവശത്തുള്ളതായ ശുക്രമണ്ഡലത്തിലേക്കാണ് പോകുന്നതു്. രക്തം ശരിയായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒരുവന്റെ ശുക്രമണ്ഡലം ഉയൎന്നും, വിശാലമായുമിരിക്കുന്നു. അത്തരത്തിലുള്ള ശുക്രമണ്ഡലത്തോടു കൂടിയവൻ ആരോഗ്യവാനായിരിക്കുന്നു.

സസ്യങ്ങളുടെ ഇലകളും ഞരമ്പുകളും പരിശോധിച്ചാൽ ആ ചെടി എത്ര കാലമായി വളരുന്നു എന്നും മററുമുള്ള പൂൎണ്ണചരിത്രം പറയുവാൻ സസ്യശാസ്ത്രവിദഗ്ദ്ധന്മാൎക്കു സാധിക്കുന്നു. അതുപോലെ തന്നെ രേഖാശാസ്ത്രജ്ഞൻ കയ്യിലെ രേഖകൾ സൂക്ഷ്മ പരിശോധന നടത്തി ഫലങ്ങൾ പ്രവചിക്കുന്നു.

രേഖാശാസ്ത്രത്തിൽ അല്പജ്ഞാനമെങ്കിലും ഉണ്ടായിരിക്കുന്നതു നല്ലതാണ്. ഒരുവന്റെ ജീവിതത്തിലുണ്ടാകുന്ന ഗുണദോഷഫലങ്ങൾ അറിഞ്ഞു നൽപഥത്തിൽക്കൂടി മുന്നോട്ടുപോകുവാൻ അതു നമ്മെ സഹായിക്കുന്നു.

രക്ഷകൎത്താക്കന്മാൎക്കു ഇതിൽ ജ്ഞാനമുണ്ടെങ്കിൽ തങ്ങളുടെ കുട്ടികളെ നേർവഴിക്ക് വിദ്യയഭ്യസിപ്പിക്കുവാൻ സാധിക്കുന്നതാണ്. കുട്ടികളുടെ അഭിരുചി അറിഞ്ഞു അതാതു വിദ്യകൾ അഭ്യസിപ്പിക്കുവാൻ അവൎക്കു ഈ ജ്ഞാനം ഉപകരിക്കുന്നു. മാതാപിതാക്കന്മാർ എത്ര പരിശ്രമിച്ചിട്ടും സ്കൂൾ വിദ്യാഭ്യാസത്തിന്നയക്കുവാൻ സാധിക്കാതെ വരുന്നതായ അവരുടെ മക്കൾ മററു തൊഴിലുകളിൽ ചേൎന്നു ഉന്നതി പ്രാപിച്ചു കാണുന്നതും നമുക്കു സൎവ്വസാധാരണമല്ലേ? ആദ്യമെത്തന്നെ അവരെ നേർവഴിക്കു നയിക്കാത്തതുകൊണ്ടല്ലേ ഇത്തരത്തിൽ സംഭവിക്കുന്നതു്? അങ്ങിനെയുള്ളവൎക്കു എത്ര കാലമാണ് വൃഥാവിൽ കളയേണ്ടിവരുന്നതു്? അതിനാൽ സമയം നഷ്ടപ്പെടുത്താതിരിക്കുവാനും, സ്വ സന്താനങ്ങളെ നേർവഴിക്കു നയിക്കുവാനും, ജയാപജയങ്ങൾ മനസ്സിലാക്കി ഉത്തമ ജീവിതം കരസ്ഥമാക്കുവാനും വേണ്ടി ഓരോരുത്തരും രേഖാശാസ്ത്രത്തിൽ അല്പമെങ്കിലും ജ്ഞാനമുള്ളവരായിത്തീരേണ്ടതു അത്യന്താപേക്ഷിതമാണ്.


## അലങ്കാരം സൌഭാഗ്യകരമാകുന്നു

ബാഹ്യസൌന്ദൎയ്യം ആഡംബരങ്ങളെ ആശ്രയിച്ചിരിക്കുന്നു. എത്ര താഴ്ന്നതരം തുണികളായിരുന്നാലും തുന്നൽക്കാരന്റെ കലാവൈദഗ്ദ്ധ്യം മോടിപ്പെടുത്തുന്നു. അതുകൊണ്ടു നിങ്ങൾ ആഡംബരങ്ങളെ അഭിലഷിക്കുന്നുവെങ്കിൽ വിശ്വസ്തതകൊണ്ടു വിഖ്യാതമായ ഭാരത ടൈലറിങ്ങ് കമ്പനിയിലേക്കു ഓർഡർ കൊടുക്കുക.

**THE BHARATH TAILORING COMPANY,**
**BROADWAY, ERNAKULAM.**

## ഇവരെ പരിചയപ്പെടുക.

### കെ. ബാലകൃഷ്ണമേനോൻ—

നമ്മുടെ ലഘുഗാനങ്ങളുടെ ലാളിത്യവും മനോഹാരിതയും ഏകകണ്ഠം ആസ്വദിച്ച് അവയുടെ സൃഷ്ടിപരമായ സ്വാധീനശക്തിയ്ക്കുടവു തട്ടാതെതന്നെ ഏത്രയും വ്യക്തിത്വത്തോടെ നീതിപൂർവ്വം അനുഭവസ്ഥരുടെ മുൻപിൽ അവതരിപ്പിക്കാൻ അഭിമാനപൂർവ്വം പരിശ്രമിക്കുന്ന അനുഗൃഹീത ഗായകൻ...............

(കാറളം ബാലകൃഷ്ണൻ)—

നിങ്ങൾ എപ്പോഴെങ്കിലും കോഴിക്കോട്ട് റേഡിയോ കേന്ദ്രത്തിൽ പോയിട്ടുണ്ടോ? ഇല്ലെങ്കിൽ ഇനിയെങ്ങാനും അവിടം വരെ പോകാനിട വന്നാൽ ഒരു കാര്യം പ്രത്യേകം ഓർമ്മിക്കുക. വെളുത്ത് മെലിഞ്ഞു് ഉയരത്തിൽ വെള്ളഷർട്ടും മുണ്ടുംധരിച്ച് അവിടവിടെ പരിസരങ്ങളെ മറന്നു എന്തോകാര്യമായി ചിന്തിച്ചുകൊണ്ട് ഒരു മുപ്പത്തഞ്ചുകാരൻ ചിലപ്പോൾ ആഫീസിലും സ്റ്റേഷൻപരിസരത്തിലും പ്രത്യക്ഷപ്പെടും. പരിഹാസവും തമാശയും ധ്വനിക്കുന്ന പുഞ്ചിരിയും അകാരണമെന്നു നമുക്കു തോന്നും വിധം കോപത്തിന്റെ അലകളും മാറിമാറിയുള്ള ഭാവഭേദങ്ങൾ കളിയിലും കാര്യത്തിലും എന്നാൽ പൊതുവെ സന്തോഷപ്രദമായിത്തന്നെ മുഖത്തു സ്ഫുരിപ്പിച്ചുകൊണ്ട് അധികമധികം ആരോടും സംസാരിയ്ക്കാതെ_എന്നാൽ എല്ലാവരോടും സൌഹാർദ്ദപൂർവ്വം സഹകരിച്ചും അവിടെക്കഴിഞ്ഞുകൂടുന്ന ആ വ്യക്തിയെ ക്കണ്ടാൽ ഉടൻ വിളിക്കുക: 'മി. ബാലകൃഷ്ണമേനോൻ' എന്നു്. അദ്ദേഹം നിശ്ചയമായും തിരിഞ്ഞു നില്ക്കും പക്ഷെ നിങ്ങൾക്കു പിന്നീടൊന്നും പറയാനില്ലെങ്കിൽ അദ്ദേഹം ഇങ്ങോട്ടു കുശലം ചോദിച്ചെങ്കിലായി_ഇല്ലെങ്കിൽ തിരിഞ്ഞു നടന്നെന്നും വരും. അതിൽ പരിഭവിയ്ക്കരുതു്; കാരണം-അത്ര തിരക്കിട്ട പരിപാടികളുടെ ചാർജ്ജു വഹിക്കുന്ന കലാകാരനാണദ്ദേഹം.

അതെ_കോഴിക്കോട്ടു റേഡിയോ കേന്ദ്രത്തിലെ നാടോടിപ്പാട്ടടക്കമുള്ള ഗ്രാമീണ പരിപാടികളുടെ ഉത്തരവാദിത്വം വഹിക്കുന്ന പ്രോഗ്രാം അസിസ്റ്റണ്ടന്മാരിൽ പ്രധാനിയായ കെ. ബാലകൃഷ്ണമേനവനെത്തന്നെയാണ് ഞാൻ നിങ്ങൾക്കു പരിചയപ്പെടുത്തിയതു്. കൊളമ്പിയായുടേയും എച്ച്. എം. വി. യുടേയും പ്രൈവററ് ഗ്രാമഫോൺ റിക്കാഡുകളിലൂടെ ഇന്നാട്ടിലെ കലാകുതുകികളുടെ ഹൃദയം കവർന്ന ഗായകനാണ് മേനോൻ. വളരെ നാളുകളായി മദിരാശി റേഡിയോവുമായി ബന്ധത്തിൽ കഴിഞ്ഞിരുന്ന അദ്ദേഹത്തെ കോഴിക്കോട്ടെ സ്റ്റേഷന്റെ ആവിർഭാവത്തോടെ അവിടത്തെ കലാകാരന്മാരിൽ ഒരാളായി നിയമിക്കുകയാണുണ്ടായതു്.

അമ്മയെന്ന ചിത്രത്തിലെ "ചുരുക്കത്തിൽ രണ്ടു ദിനം...." എന്നു തുടങ്ങുന്ന സരസമായ മാപ്പിളപ്പാട്ട് നിങ്ങൾക്കോർമ്മയില്ലേ? പക്ഷെ അതാരുടെ കണ്ഠനാളത്തിന്നതിന്നതാണെന്നു പലക്കും അത്ര നിശ്ചയമില്ല-എന്നാൽ ഇനി സംശയിക്കേണ്ടാ, മററാരുമല്ല അതു പാടിയതു്. അതുപോലുള്ള നിരവധി ഗാനങ്ങൾ കൊണ്ട് നമ്മുടെ മാനസിക വീണയുടെ മുഴുതന്ത്രികളിൽ അമൃതം പെയ്യുന്ന ബാലകൃഷ്ണമേനോൻ തന്നെയാണ് ആ ഗാനം നമുക്കു ആവേശപൂർവ്വം അനുഭവിയ്ക്കാൻ അവതരിപ്പിച്ചതു്. തനി മലബാറിന്റെ സ്വരജ്ഞാനത്തോടെ അഴകുററ തന്റെ കണ്ഠശുദ്ധിയിൽ അദ്ദേഹം വാർത്തിട്ടതാണാഗാനം.

മാപ്പിളപ്പാട്ടിന്റെ മണ്ണിൽ ജനിച്ചു വളൎന്ന മേനവനു് നമ്മുടെ നാടോടിപ്പാട്ടുകളിലുള്ള ജ്ഞാനം അവഗാഢമാണ്. പ്രാദേശികമായ ഒരിടുങ്ങിയ സാംസ്കാരിക മനോഭാവമാണിതെന്നു വിശ്വസിക്കുന്നവരുണ്ട്'. പക്ഷെ അതിൽ ഒരു ജനതയുടെ മുഴുവൻ ജീവിതത്തിന്റെ ലോലമായ ആനന്ദം കാണു

ന്ന മേനവനെപ്പോലുള്ളവരുടെ ഭാവന വിശാലമാണെന്നതിൽ അഭിപ്രായവ്യത്യാസത്തിന്നവകാശമില്ല. മനോഹരമായ നാടൻപാട്ടുകൾ സരസമായി ആകാശവാണിയിൽ അലിച്ചു ചേർക്കുന്നതിൽ അദ്ദേഹത്തിന്ന് ക്രിയാത്മകമായ ശേഷിയും സാമർത്ഥ്യവുമുണ്ട്. കോഴിക്കോഡ് റേഡിയോവിൽ നിന്നു പൊതുവെ എല്ലാ ദിവസങ്ങളിലും പ്രത്യേകിച്ച് ആഴ്ചയിലൊരിക്കലും നാട്ടിൻപുറത്തിന്നു പ്രാധാന്യം കല്പിച്ചിട്ടുണ്ട്. രസകരമായ ഈ പ്രക്ഷേപണ പരിപാടിയുടെ മുഴുവൻ ചുമതലയും മേനോനാണ്. ഗ്രാമീണ ഗാനങ്ങൾ നാടിൻെറ പൊതുജീവിതത്തെ സാരമായും ബാധിക്കുന്ന ഉത്സവാദിസന്ദർഭങ്ങളും വിജ്ഞാനപ്രദങ്ങളായ അപരിഷ്കൃത സാംസ്കാരിക മൂല്യങ്ങളാണെന്നും നമ്മുടെ ക്രിയാസംസ്കാരത്തിൻെറ അമൂല്യങ്ങളായ നേട്ടങ്ങളാണവയെന്നും മേനവൻ വിശ്വസിക്കുന്നു. നമ്മുടെ ഗ്രാമീണ ഗാനങ്ങളുടെ ഹൃദയസ്പന്ദനങ്ങൾക്ക് മിഴിവും ആവേശവും ജീവനും രൂപഭദ്രതയും നാൾക്കുനാൾ വളർന്നുവരുന്ന ഇക്കാലത്ത് മേനവനെപ്പോലുള്ളവരുടെ സേവനം നാളിതുവരെ ലഭിച്ചതിനുപുറമെയായി നമുക്കാവശ്യമായിത്തീർന്നിരിക്കുന്നു. ഇതു നാടൻ പാട്ടുകളുടെ യുഗമാണ്, അതാണിത്രയും ഇക്കാര്യം ഊന്നിപ്പറയാൻ കാരണവും.

നാട്ടിൻപുറങ്ങളുടെ മഹിമയെ വാഴ്ത്തുന്ന നാടൻ പാട്ടുകളെ ആരാധിക്കുന്നുവെന്നതുകൊണ്ട് ശാസ്ത്രീയമായ സംഗീതത്തിൽ മേനവൻെറ കഴിവുകളെ സംശയിക്കേണ്ടതില്ല. അനുഗൃഹീതമായ വാസനാസമ്പന്നത അദ്ദേഹത്തിന്ന് ആ ശാഖയിലുമുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ തന്നെയാണ് ആ കലാസപര്യ മുന്നേറുന്നതും. പക്ഷെ സംഗീതവിദ്വാന്മാരെന്നു ഞെളിയുന്നവരുടെ 'ഗമ'യും 'ഗോഷ്ടി'യും വഴങ്ങുന്നവനല്ല ബാലകൃഷ്ണമേനോൻ. 'നാട്യപ്രധാനം നഗരം ദരിദ്രം നാട്ടിൻപുറം നന്മകളാൽ സമൃദ്ധം....' എന്ന കവിവാക്യമാണ് നാഗരികതയിൽ നിന്ന സംഗീത ഗ്രന്ഥിയുടെ അധിപന്മാരെക്കുറിച്ച് അദ്ദേഹത്തിൻെറ അഭിപ്രായം. സിനിമയിലെ സംഗീതസംവിധായകരുമായി മി. മേനവന് കാര്യമായ അഭിപ്രായവ്യത്യാസമുണ്ട്. ഓരോ നാടിൻേറയും പ്രത്യേക സാംസ്കാരിക നവോത്ഥാനത്തിൻെറ പ്രാതിനിധ്യം അതിലുൾച്ചേർത്തുന്ന ഗാനങ്ങൾക്കുണ്ടായിരിക്കണമെന്നദ്ദേഹം വാദിക്കും. ഇമ്പം കലർന്നതും ഗംഭീര സ്വഭാവമുള്ളതുമായ ഗാനകല തന്നിൽ സുരക്ഷിതമായിരിക്കെത്തന്നെ ലളിതഗാനങ്ങൾക്കു വേണ്ടി ജീവൻ ഉഴിഞ്ഞു വെച്ചിരിക്കുന്ന ഗായകനാണ് ബാലകൃഷ്ണമേനോൻ. മലയാളക്കരയിൽ അതിൻെറ മണ്ണിൻേറയും വിണ്ണിൻേറയും മണമുള്ള ഗാനങ്ങളുണ്ടെന്നും അവയെ തനിരൂപത്തിൽ വെള്ളിത്തിരയിൽ പകർത്താൻ കഴിയുമെങ്കിൽ നമ്മുടെ ചലച്ചിത്ര നിർമ്മിതാക്കൾ ശ്രദ്ധിക്കണമെന്നും അദ്ദേഹം ശക്തിയുക്തം അവകാശപ്പെടുന്നതിലെന്താണ് തെററ്?

അത്യന്തസുന്ദരമായ മാപ്പിളപ്പാട്ടുകളെ 'നൌഷാദ് ഫോർമുല'യിൽ വളച്ചൊടിക്കുന്നതിനോ, തിരുവാതിരപ്പാട്ടുകളെ 'ഖണ്ഡശാലാപ്രമാണ'ത്തിൽ ഒതുക്കി നിർത്തുന്നതിനോ ഒരുമ്പെടുന്നത് അപരാധവും അപകടവുമാണെന്ന് അദ്ദേഹം സാഹസികർക്ക് മുന്നറിയിപ്പു നല്കുന്നു. അമ്മയിലെ മാപ്പിളപ്പാട്ടു തന്നെ ഇന്നത്തെ രൂപത്തിൽ പുറത്തു കൊണ്ടുവരുവാൻ ഗായകനായ അദ്ദേഹം എത്രമേൽ പരിശ്രമിച്ചിട്ടുണ്ടെന്നറിയാമോ? സംഗീത സംവിധായകൻ (ഇദ്ദേഹവും ഒരു മലയാളിയാണ്) മാപ്പിളപ്പാട്ടിൻെറ വർണ്ണമട്ടിൽ ഒരു പരിഷ്കാരം വേണമെന്നാവശ്യപ്പെട്ടുവത്രെ! ഏതായാലും ബാലകൃഷ്ണമേനവനെപ്പോലുള്ള ഒരു തനി ഗ്രാമീണ ഗാനകലാസേവകനല്ലായിരുന്നു ആ പാട്ടുപാടാൻ നിയുക്തനായിരുന്നതെങ്കിൽ—തീർച്ചയായും ആ മാപ്പിളമാട്ട് ഏതാണ്ടൊരു 'ശങ്കർ—ജയ്കിശൻ' ടൈപ്പിൽ നമുക്കാസ്വദിക്കേണ്ടതായി വരുമായിരുന്നു. ഭാഗ്യവശാൽ അതുണ്ടായില്ല. (അമ്മയുടെ നിർമ്മാതാക്കളോടും പ്രത്യേകിച്ചു അതിന്നു വേണ്ടി ശബ്ദമുയർത്തിയ ഗായകനോടും നമുക്കു നന്ദി പറയുക) കേരളത്തിൻെറ സ്വന്തം വ്യക്തിത്വത്തിൽ നാം വരുത്തി വെക്കുന്ന വേദന നിറഞ്ഞ ഇത്തരം കൊലപാതകങ്ങൾ നിർത്തണം. പിറന്ന മണ്ണിനോട് നമുക്കു കൂറുണ്ടാകുന്നത് അത്ര അക്ഷന്തവ്യമായ അപരാധമൊന്നുമല്ല.

കോഴിക്കോട്ട് റേഡിയോവിൻെറ നാട്ടിൻപുറം തുടങ്ങിയ ഗ്രാമീണ പരിപാടികളിൽ ചിലക്ക് ഇന്ന് അല്പം അഭിപ്രായവ്യത്യാസം ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്. അഭിന്നസ്വരമല്ല അതിന്നു കാരണം. നാടൻ പാട്ടുകളെ അവതരിപ്പിക്കുമ്പോൾ സ്വരവൈചിത്ര്യം എത്രയും കൂട്ടുന്നത് നന്നെന്ന അഭിപ്രായമാണ് പൊതുവെ മുന്തിനില്ക്കുന്നത്. തൻെറ സഹഗായകരെക്കുറിച്ചു മേനവൻ ഇതു് നിഷ്കൃഷ്ടമായി ശ്രദ്ധിക്കേണ്ടതാണ്. മി: മേനവനെപ്പോലുള്ള ദേശാഭിമാനികൾ

# സംസാരിക്കുന്ന കണ്ണുകൾ

(വി. കെ. സുകുമാരൻ)

മി: വി. കെ. ചിറമൽ, മി: ഗോപാലകൃഷ്ണൻ കോലഴി എന്നിവർ ഈയിടെ തൃശ്ശൂർ ആശാൻ പ്രസ്സിൽ നിന്നും അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ചെറു കഥാസമാഹാരമാണ് "സംസാരിക്കുന്ന കണ്ണുകൾ" ശ്രീ. സി. എ. കിട്ടുണ്ണി നല്ലൊരഭിപ്രായമെഴുതി ആ ചെറുപുസ്തകത്തെ മോടിപ്പെടുത്തിയിട്ടുണ്ട്. ശ്രീ. കിട്ടുണ്ണി പറയുന്നതുപോലെ "നോവലിനെക്കായിലും വേഗത്തിൽ കവിതയെക്കായിലും എളുപ്പത്തിൽ കാര്യം ഗ്രഹിക്കുവാനും ആസ്വദിക്കുവാനും കഴിയുന്നു; അപ്പോൾ കഥ ജനങ്ങളെ ആകർഷിക്കുന്നതിൽ തെറ്റുണ്ടോ" ഇല്ല; വളരെ ശരിയാണ്. പക്ഷെ കഥകൾക്കും അതിൻെറതായ അലങ്കാരവും രൂപഭദ്രതയും വേണം അതു നിഷേധിക്കാവതല്ല. ആഭരണങ്ങൾ അതർഹിക്കുന്ന സ്ഥാനങ്ങളിൽ അണിഞ്ഞാൽ മാത്രമെ അലങ്കാരമായിത്തീരുകയുള്ളു. കഥകൾ പൊതുവെ നന്നായിട്ടുണ്ടെങ്കിൽ തന്നെയും മുൻപറഞ്ഞ നിലയിൽ അവയ്ക്കു അല്പം നോട്ടപ്പിഴ പററിയിട്ടുണ്ട്. ഒന്നുരണ്ടു ഉദാഹരണങ്ങൾ കാണിക്കാം. "സ്ത്രീ തൊട്ടാൽ പൊട്ടുന്ന ആററംബോമ്പാണ്" എന്ന വിശേഷണം ഓർമ്മയിൽ വെച്ചു് കഥ വായിച്ചവസാനിക്കുമ്പോൾ അതിന്നു പ്രസക്തിയില്ലാതായിത്തീരുന്നു. "പ്രേമം ഭ്രാന്തായി പരിണമിച്ചവരെ പലരേയും എനിക്കറിയാം. സ്ത്രീയും പുരുഷനും, പുരുഷനും സ്ത്രീയും, ഞങ്ങളെ സംബന്ധിച്ചേടത്തോളവും അതു സംഭവിച്ചു". മിന്നൽ "പിണരുകൾ ചൊണ്ണാടിയാൽ ഊറിത്തെളിഞ്ഞു" "ജീവിതം പ്രേമത്തിൻെറ മുമ്പിൽ വിലങ്ങുതടിയായി നില്ക്കുന്നു" ഈ വിധം ആ ചെറിയ പുസ്തകത്തിൽ കേവലം 14 പേജുകൾകൊണ്ടു പറഞ്ഞവസാനിക്കുന്ന ആ ചെറുകഥയിൽ ഔചിത്യം വീക്ഷിക്കാത്ത ദോഷങ്ങൾ ധാരാളം കാണാം. അടുത്തതു് മി: ഗോപാലകൃഷ്ണൻ കോലഴിയുടെ "കെട്ടുതാലി"യാണ്. അതിൽ അത്തരം ദോഷങ്ങൾ താരതമ്യേന കുറവാണ്. എങ്കിലും "എൻെറ മുഖത്തു നിരാശ നിഴലിച്ചിരുന്നു" എന്നു സ്വയം പറയുന്ന ചില ഭാഗങ്ങൾ ഒഴിവാക്കിയാൽ സാമാന്യം കൊള്ളാവുന്നതും വായിക്കാവുന്നതുമായ ഒരു പുസ്തകമായി രൂപാന്തരപ്പെടുത്താൻ സാദ്ധ്യതയുണ്ട്. ടാഗൂർ പറഞ്ഞതുപോലെ "വല്ലതും അധികം എഴുതി പേരു് എടുക്കുന്നതേക്കായിലും നല്ലതു അല്പം എഴുതി പ്രശസ്തി എടുക്കുകയാണ്". ഇതാണ് ഇന്നത്തെ യുവകവികളും കഥാകൃത്തുക്കളും ശ്രദ്ധിക്കേണ്ടതു്. ഏതായാലും കഥയിൽക്കൂടെ കാര്യം പറയുവാൻ കെല്പുള്ള കൈകളാണ് ഇവർക്കുള്ളതു്. അതു അവധാനപൂർവ്വം നിയന്ത്രിച്ചു നയിക്കുകയാണെങ്കിൽ തികച്ചും ശോഭനമായ ഒരു ഭാവി ഇവർക്കുണ്ട്.

---

നമ്മുടെ നാടോടിപ്പാട്ടുകളേയും പഴയ നാടൻ ഗാനങ്ങളേയും പുതുതായി കണ്ടെത്തി അവയെ ബഹുജനത്തിന്നു ഉപര്യുപരി ആഹ്ളാദപൂർവ്വം ആനന്ദിക്കുമാറാക്കണം. ഇനിയും നമ്മുടെ കൺമുൻപിൽ നിന്നും മറഞ്ഞു കിടക്കുന്ന അമൂല്യ ഭാവനകളുണ്ട്. കന്യാകുമാരി മുതൽ കാസർഗോഡുവരെയുള്ള മണ്ണിൽ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന നമ്മുടെ പ്രാചീനമായ നാടൻപാട്ടുകളെ ഒരു ഗവേഷണമുറയിൽ കണ്ടെത്തി സഹൃദയരുടേ മുൻപിൽ പകർന്നു നല്കുവാൻ ഈ പരിശ്രമത്തിൻെറ ഉത്തരവാദിത്വം പോലും മേനവനിൽ നിക്ഷേപിക്കാൻ എനിക്കു തോന്നുന്നു. ഏതായാലും അവയെ അർഹിക്കുന്ന മേന്മയോടെ അവതരിപ്പിക്കാൻ നമുക്കീ ഗായകനോടഭ്യർത്ഥിക്കാം.

ഒരു സിനിമാഗായകനായി പേരെടുത്തു നടക്കാനുള്ള പ്രവൃത്തിയൊന്നും മേനവനില്ല. പക്ഷെ നമ്മുടെ നിർമ്മാണകൎക്ക് മാതൃഭൂമിയോടുള്ള കൂറു വർദ്ധിക്കുമ്പോൾ—മലയാള സിനിമയിൽ അതിൻേറതായ മനോമോഹനമായ ശബ്ദവീചികൾ അലിഞ്ഞു ചേരും. അന്ന് ബാലകൃഷ്ണമേനവനെപ്പോലുള്ളവരെ നമുക്കു തിരശ്ശീലക്കു പിന്നിൽ വീണ്ടും പ്രതീക്ഷിക്കാം ഉത്സാഹശീലനും സ്വദേശസ്നേഹിയുമായ അദ്ദേഹത്തെ നമുക്ക് അഭിവാദനം ചെയ്യുക!!!

# വേദം രക്ഷിക്കുവിൻ

(വി. കെ. നാരായണ ഭട്ടതിരി)

ഇന്നത്തെ യുവജനങ്ങളിൽ മതകാര്യങ്ങളിലുള്ള ശ്രദ്ധ കുറഞ്ഞതാണ് കാണുന്നത്. ഇന്നത്തെ വിദ്യാഭ്യാസരീതിയാണ് യുവജനങ്ങളെ ഇത്തരത്തിലാക്കി ത്തീർത്തിട്ടുള്ളത്. ഈ മത വൈമുഖ്യത്തെ ഇല്ലാതാക്കുവാൻ പലരും പല മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങളെല്ലാം അല്പാല്പം ഭിന്നരൂപങ്ങളാണ് എങ്കിലും മതപഠനം ആവശ്യമാണെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. മതത്തിന്റെ മൂലം വേദങ്ങളാ ണുകൊണ്ട് അവയെ സംരക്ഷിപ്പാനാണ് ആദ്യം ശ്രമിക്കേണ്ടതെന്ന് പറഞ്ഞുകൊള്ളട്ടെ. ഹൈന്ദവ വേദങ്ങളുടെ നില ഇന്ന് എന്തെന്നു നോക്കാം.

ഋഗ്വേദം മുതൽ നാലു വേദങ്ങളാണ്, ഹിന്ദുക്കൾക്കുള്ളത്. ആ വക വേദങ്ങളുടെ ഒരു സ്വരൂപത്തെപ്പററി സ്കൂളുകളിൽ പഠിപ്പിക്കുന്ന സമ്പ്രദായം എന്തെന്നു നോക്കുക. മദ്ധ്യേഷ്യയിൽ നിന്നോ മററോ ആര്യന്മാർ എന്ന ഒരു വർഗ്ഗക്കാർ ഭാരതത്തിലേക്കു കടന്നുവന്നു. അവർ കൊണ്ടുവന്നതാണ് ഈ വേദങ്ങൾ. പ്രകൃതിശക്തികളെ സമാധാനപ്പെടുത്തുവാൻ വേണ്ടി ചില യജ്ഞങ്ങളെല്ലാം ഈ ആര്യന്മാർക്കുണ്ടായിരുന്നു. ഹോമം മുതലായവ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രകൃതിശക്തികളെ സ്തുതിക്കുവാൻ അവർക്ക് പല മന്ത്രങ്ങളുമുണ്ടായിരുന്നു. ആ മന്ത്രങ്ങളാണ് ഋഗ്വേദം. ഈ യജ്ഞങ്ങളുടെ ചടങ്ങുകളേയും മററും പററിയാണ് യജുർവേദത്തിൽ പ്രധാനമായും പറയുന്നത്. യജ്ഞങ്ങളിൽതന്നെ പാട്ടുപാടേണ്ട ആവശ്യത്തിന്നുവേണ്ടിയാണ് സാമവേദം ഇന്ദ്രജാലം, ആഭിചാരം മുതലായ പല വിഷയങ്ങളെപ്പററി പറയുന്നതാണ് അഥർവ്വണവേദം. കാലക്രമേണ ആത്മചിന്ത ഇവർക്കു തുടങ്ങി. അതിന്റെ ശേഷം ആത്മപ്രതിപാദകങ്ങളായ ചില മന്ത്രങ്ങളും ഇതിലെല്ലാം കൂട്ടിച്ചേർത്തു. അതായത് ഒരു പരിഷ്കാരത്തിന്റെ ആദ്യഘട്ടങ്ങളിൽ ജീവിച്ചിരുന്ന ആര്യന്മാരുടെ കൃതികളാണ് വേദമെന്നു ചുരുക്കം. ശ്രീ അരബിന്ദഘോഷിനെപ്പോലെയുള്ള യോഗിവര്യന്മാരുടെ അഭിപ്രായം ഇതല്ല.

ആര്യന്മാർ പുറമെനിന്ന് വന്നിട്ടുള്ളവരാണ് എന്നതുതന്നെ സമ്മതിക്കാത്തവർ ധാരാളമുണ്ട്. ആര്യന്മാർ പുറത്തുനിന്നു വന്നവരാണെന്ന് വേദങ്ങളിൽ നിന്ന് കിട്ടുന്നില്ലെന്ന് സ്വാമി വിവേകാനന്ദൻ മദിരാശിയിൽവച്ച് പ്രസംഗിക്കുകയുണ്ടായിട്ടുണ്ട്. കുരങ്ങനിൽനിന്നാണ് മനുഷ്യനുണ്ടായതെന്ന് ഒരു വലിയ ശാസ്ത്രജ്ഞനായ ഡാർവിൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. അത്തരത്തിലുള്ള ഒരഭിപ്രായമായിരിക്കാം, ആര്യന്മാർ പഞ്ചാബുവഴിക്ക് ഇന്ത്യയിലേക്കു വന്നുവെന്ന സിദ്ധാന്തമെന്ന് ശ്രീ അരബിന്ദൻ പറഞ്ഞിട്ടുണ്ട്. "സപ്തസിന്ധവ:" —ഏഴു നദികളെപ്പററി വേദങ്ങളിൽ പലേടത്തും പറയുന്നു. പഞ്ചാബിലെ അഞ്ചു നദികളും ഗംഗയും യമുനയും കൂടിയവയാണ് ഈ ഏഴു നദികളെന്ന് ഇന്നത്തെ ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ അരബിന്ദൻ പറയുന്നത് വേദത്തിൽ കാണുന്ന സപ്തസിന്ധുക്കൾ ബാഹ്യങ്ങളായ നദികളല്ലെന്നാണ്. ലോകസംഭവങ്ങളെ നടത്തിക്കൊണ്ടിരിക്കുന്ന ശക്തി വിശേഷങ്ങളെ ഈശ്വരബുദ്ധ്യാ ആരാധിക്കുകയാണ് സൂര്യൻ വായു മുതലായവയെ സ്തുതിക്കുന്നതിന്റെ ഉദ്ദേശം. "സർവ്വം ബ്രഹ്മ" എന്നുള്ള തത്വത്തിലാണുതാനും ഈ സ്തുതികൾ. സഗുണമായും നിർഗ്ഗുണമായും ഈ സ്തുതികളെ സ്വീകരിക്കുവാനും വിരോധമില്ല എന്നാണ് ആചാര്യന്മാരുടെ അഭിപ്രായം. പുരാണങ്ങളിൽ വിഷ്ണു, ശിവൻ ഇത്യാദി ദേവന്മാർക്ക് പ്രാധാന്യം കാണുന്നു. വേദങ്ങളിൽ അവർക്ക് പ്രാധാന്യം ഇല്ലതന്നെ എന്നാണ് ചരിത്രകാരന്മാർ പറയുന്നത്. ശ്രീ അരബിന്ദൻ ഈ അഭിപ്രായത്തോടു തീരെ യോജിക്കുന്നില്ല അഗ്നി, ഇന്ദ്രൻ. മുതലായ ദേവതകളെ സ്തുതിക്കുന്ന മന്ത്രങ്ങൾ വേദങ്ങളിൽ സുലഭമാണ്. വിഷ്ണു, ശിവൻ മുതലായ ദേവതകളെ സ്തുതിക്കുന്ന

മന്ത്രങ്ങൾ വളരെ കുറവും. മാത്രമല്ല ശിവനെപ്പററി വേദങ്ങളിൽ ഒന്നും ഇല്ലെന്നുതന്നെ പറയുന്നു. രുദ്രൻ ഉണ്ട്. വേദത്തിലെ രുദ്രനും പുരാണത്തിലെ ശിവനും ഒന്നല്ലെന്നാണ് വേറൊരഭിപ്രായം. മന്ത്രങ്ങളുടെ കണക്കു നോക്കിയിട്ടല്ല ഒരു ദേവതയുടെ പ്രാധാന്യം തീർച്ചപ്പെടുത്തേണ്ടത്. വൈഷ്ണവമന്ത്രങ്ങൾ നന്നെ കുറയും; ഉള്ള മന്ത്രങ്ങളിൽ പുരാണങ്ങളിൽ കാണുന്ന വിഷ്ണുവിന്റെ പ്രാധാന്യമെല്ലാം കാണാം. ഇതുപോലെത്തന്നെ വേദത്തിലെ രുദ്രനും പുരാണങ്ങളിലെ ശിവനും ഒന്നാണെന്നു തെളിയിക്കാൻ വളരെ പ്രയാസമുണ്ടെന്നു മാത്രം പറയട്ടെ.

ഒരു പരിഷ്കാരത്തിന്റെ ആദിമദശയിൽ ജീവിച്ചിരുന്നവരാണ് വേദങ്ങളുടെ കർത്താക്കൾ എന്നുള്ളതിനേയും ശ്രീ അരബിന്ദൻ സമ്മതിച്ചിട്ടില്ല. മാത്രമല്ല, വേദകാലത്തിനുശേഷം അധഃപതനമാണുണ്ടായിട്ടുള്ളതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ചുരുക്കത്തിൽ പറഞ്ഞാൽ പാശ്ചാത്യപണ്ഡിതന്മാരുടേയും പൌരസ്ത്യരീത്യാ അഭ്യസ്തവിദ്യന്മാരുടേയും വേദത്തെപ്പററിയുള്ള അഭിപ്രായത്തിൽ വളരെ വളരെ വ്യത്യാസം കാണുന്നു. മാത്രമല്ല, പാശ്ചാത്യരീതിയിലുള്ള വൈദികാഭിപ്രായത്തെ സ്വീകരിക്കുന്നതായാൽ വേദമാകുന്ന വൃക്ഷത്തിന്റെ വേരു മുറിക്കുക എന്നാകുന്നു. വേദംകൊണ്ടു പണ്ടുള്ളവർ എന്താണോ ഉദ്ദേശിച്ചിരുന്നത് ആ ഉദ്ദേശത്തെ മനസ്സിൽ വച്ചുംകൊണ്ട് നമ്മൾ വേദതത്വചിന്ത ചെയ്യണം.

യജ്ഞം, ദേവതാതത്വനിർണ്ണയം, ആത്മസ്വരൂപം ഇവ മൂന്നുമാണ് മുഖ്യമായി വേദങ്ങളിലുള്ളത്. യജ്ഞം എന്നുള്ളതിനെ വിശാലമായ അർത്ഥത്തിൽ സ്വീകരിക്കണം. വിവാഹം കഴിച്ചു കുടുംബിയായി വീട്ടിൽ ജീവിച്ചിരിക്കുന്ന ഒരു ഹിന്ദു പഞ്ചമഹായജ്ഞം ചെയ്യണം. ദേവപൂജ, പിതൃപൂജ, ഹോമം അല്ലെങ്കിൽ വേദംപോലെയുള്ള ഉൽകൃഷ്ട ഗ്രന്ഥപാരായണം, മനുഷ്യപൂജ, പക്ഷി മുതലായവയെ പൂജിക്കുക — ഇവയാണ് പഞ്ചമഹായജ്ഞങ്ങൾ. വിസ്താരത്തിൽ [illegible] ഇങ്ങിനെ പറഞ്ഞുവരുന്നയുള്ളു. ധാർമ്മികമായ പെരുമാററം, സദാചാരജീവിതം — ഇവയെല്ലാം യജ്ഞങ്ങൾതന്നെ. വേദങ്ങളിൽ പ്രതിപാദിക്കുന്ന യജ്ഞങ്ങളും ഇവകൾതന്നെയാണ്. ഇതുപോലെ ദേവതാജ്ഞാനവും ഉണ്ടാവണം. ആകാരത്തോടുകൂടിയോ നിരാകാരനായോ എങ്ങിനെയും ഈശ്വരനെ കല്പിക്കുവാനും വിരോധമില്ല. [illegible] ഈശ്വരൻ എന്നു വേദങ്ങളിൽ കാണുന്നു. അതിന്റെ അർത്ഥം, ഉപാസകൻ ഏതു വിധത്തിൽ ഈശ്വരന്റെ വിഗ്രഹം കല്പിക്കുന്നു, അയാളെ സംബന്ധിച്ചേടത്തോളം ഈശ്വരസ്വരൂപം അതുതന്നെ എന്നാണ്. ഏതെങ്കിലും ഒരു തരത്തിൽ ഈശ്വരചിന്ത എല്ലായ്പോഴും ഉണ്ടാവണം. ഇങ്ങിനെ ഈശ്വരവിചാരം ഉണ്ടാവുകതന്നെയാണ് വേദങ്ങളിൽനിന്നുണ്ടാകേണ്ട ദേവതാജ്ഞാനം. ഇങ്ങിനെ സദാചാരജീവിതംകൊണ്ടും ഈശ്വരചിന്തകൊണ്ടും മനസ്സു പരിശുദ്ധമാകും. അപ്പോൾ ആത്മബോധം താനേ ഉണ്ടാകും. ആത്മബോധമുണ്ടാകുവാൻ ഏതുവിധത്തിലെങ്കിലും ശ്രമിക്കേണമെന്നു ചുരുക്കം. എന്നുവച്ച് ദ്രവ്യാർജ്ജനം മുതലായ ലൌകികകാര്യങ്ങൾ ഉപേക്ഷിക്കണമെന്നില്ല. ധർമ്മത്തോടുകൂടി ദ്രവ്യം സമ്പാദിക്കുക— അങ്ങിനെ സമ്പാദിച്ചതിനെ ധർമ്മത്തിന്നായി ചിലവിടുക എന്നുള്ളതാണ് ധർമ്മാർത്ഥങ്ങൾ. അവ രണ്ടും പുരുഷാർത്ഥങ്ങളാണ്. ഇങ്ങനെ ഇഹത്തിന്നും പരത്തിന്നും യോജിച്ച വിധം ജീവിക്കാറാവുക, കനകമൂലമോ കാമിനീമൂലമോ കലഹങ്ങളിൽ പെടാതിരിക്കുക തുടങ്ങി പലതുമാണ് വേദംകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളത്. അതിന്നു ഉതകുന്ന അർത്ഥം പാശ്ചാത്യന്മാരുടെ വേദാർത്ഥത്തിലോ പൌരസ്ത്യരീതിയിലുള്ള വേദാർത്ഥത്തിലോ ഉള്ളത് എന്നു നോക്കണം. ഞാൻ അറിഞ്ഞേടത്തോളം പറയുകയാണെങ്കിൽ അരബിന്ദൻ മുതലായവരുടെ വേദാർത്ഥചിന്താസരണിയാണ് വേദങ്ങളുടെ ഉദ്ദേശത്തിന്നും അധികം യോജിച്ചതെന്നു തോന്നുന്നു.

ആ വഴിക്ക് വേദത്തിനെപ്പററി മേലാൽ അല്പം എഴുതണമെന്നും വിചാരിക്കുന്നു.

---


നവമ്പർ 15-ാംനു-
ആദ്യലക്കം പുറത്തിറങ്ങുന്ന

"കലാദീപം"

(ഒരു സിനിമാ-സാംസ്കാരിക മാസിക)

പത്രാധിപർ
കെ സി. പൂങ്കുന്നം, ബി. ഏ

# മാസഫലങ്ങൾ

1954 നവമ്പർ മാസത്തെ ഫലങ്ങൾ.

എ. കെ. ശങ്കരപണിക്കർ, ആലൂര്.

## മേടക്കൂറ് അശ്വതി, ഭരണി, കാർത്തിക കാൽ.

1 മുതൽ 8 കൂടി തിയ്യതികളിൽ ഭയം, ബന്ധനം, ഉദരരോഗം, വിഷഭയം, മനോദുഃഖം, കലഹം, കാര്യവിഘ്നം, ധനനാശം. 9, 10 നം-കളിൽ ഭക്ഷണ സുഖം, ശയനസുഖം, വസ്ത്രലാഭം 11 12 നം- കളിൽ കാര്യവൈകല്യം, മാനക്ഷയം, ധനനാശം, 13 14 നം-കളിൽ സ്ത്രീസുഖം, വസ്ത്രലാഭം, കാര്യവിജയം 15 മുതൽ 17 കൂടി നം-കളിൽ രാജസഭാസംബന്ധമായ ഉദ്യോഗലാഭം 18 19 നം-കളിൽ വാതരോഗം, മനോദുഃഖം, കാര്യവിഘാതം 20 മുതൽ 24 കൂടി നം-കളിൽ സുഖം, ധനലാഭം, രോഗശത്രുനാശം, ഭക്ഷണസുഖം ശയനസുഖം, ബഹുമാനലാഭം, 25 മുതൽ 30 കൂടി നം-കളിൽ വിഷഭയം, മനോദുഃഖം, കലഹം, ഭയം, ബന്ധനം, ഉദരരോഗം എന്നിവ ഫലങ്ങൾ.

## ഇടവക്കൂറ്; കാർത്തിക മുക്കാൽ, രോഹിണി, മകീരത്തിൽ അര

1 2 നം-കളിൽ വിഷഭയം, മനോദുഃഖം, കലഹം, 5 മുതൽ 12 കൂടി നം-കളിൽ രാജകീയ കാര്യലാഭം, ബന്ധുസമാഗമം, ധനലാഭം, സുഖം, രോഗശത്രുനാശം, ഭക്ഷണസുഖം, ശയനസുഖം, വസ്ത്രലാഭം, 13 14 നം-കളിൽ കാര്യവിഘ്നം, മാനക്ഷയം, ധനനാശം, 15 മുതൽ 24 കൂടി തിയതികളിൽ ഭയം, ഉദരരോഗം, ബന്ധനം, നേത്രരോഗം, കൂപതടാകാദികളിൽ നിന്ന് ഭയം, വാതരോഗം, മനോദുഃഖം, കാര്യവിഘ്നം, 25 മുതൽ 27 കൂടി തിയതികളിൽ ഭക്ഷണശയനസുഖം, ധനബഹുമാനലാഭം, 28 മുതൽ 30 കൂടി വിഷഭയം, മനോദുഃഖം, കലഹം, ഇവ ഫലമാകുന്നു.

## മിഥുനക്കൂറ് മകീരത്തര, തിരുവാതിര, പുണർതത്തിൽ മുക്കാൽ

1 മുതൽ 6 കൂടി തിയതികളിൽ പ്രവൃത്തിനാശം ധനനാശം, മാനക്ഷയം, ദുഃഖം, കലഹം, ഭയം, ബന്ധനം, രോഗം. 7 8 തിയതികളിൽ കാര്യപുഷ്ടി 9 മുതൽ 12 കൂടി തിയതികളിൽ സർപ്പാദികളിൽ നിന്നു ഭയം, ദുഃഖം, കലഹം, കാര്യദോഷം, ദേഹാരിഷ്ടം, ധനനാശം, 13 14 തിയതികളിൽ ഭക്ഷണസുഖം, ശയനസുഖം, വസ്ത്രലാഭം, 15 മുതൽ 24 കൂടി തിയതികളിൽ പ്രവൃത്തിനാശം, മാനക്ഷയം, ധനനാശം, ബന്ധനം, ഭയം, ഉദരരോഗം, ജലഭയം, വാതരോഗം, ദുഃഖം, കാര്യവിഘ്നം, 25 മുതൽ 27 കൂടി സുഖം, ധനലാഭം, രോഗശത്രുനാശം, ശേഷം തിയതികളിൽ കാര്യഭംഗം, മാനക്ഷയം, ധനനാശം, ഇവ ഫലമാകുന്നു.

## കർക്കിടകക്കൂറ് പുണർതത്തിൽ കാൽ, പൂയം ആയില്യം

1 മുതൽ 4 കൂടി തിയതികളിൽ സുഖധനലാഭം, രോഗശത്രുനാശം, അശനശയനസൌഖ്യം, ബഹുമാനലാഭം, 5 മുതൽ 14 കൂടി തിയതികളിൽ വിഷഭയ ദുഃഖം, കലഹം, ഭയം, ബന്ധനം, ഉദരരോഗം, ജലഭയം, 15 മുതൽ 17 കൂടി തിയതികളിൽ ഭക്ഷണ ശയനസുഖം, വസ്ത്രലാഭം, 18 മുതൽ 24 കൂടി തിയതികളിൽ പ്രവൃത്തിനാശം, മാനക്ഷയം, ധനനാശം, സ്ത്രീസുഖം, വസ്ത്രധനലാഭം, ജയം, ജലഭയം, ശേഷം തിയതികളിൽ ഭക്ഷണസുഖം, ശയനസുഖം, വസ്ത്രലാഭം, ധനലാഭം, രോഗശത്രുനാശം, ഇവ ഫലങ്ങളാകുന്നു.

## ചിങ്ങക്കൂറ് മകം, പൂരം, ഉത്രത്തിൽ കാൽ.

1 മുതൽ 4 കൂടി തിയതികളിൽ വാതരോഗം, മനോദുഃഖം, കാര്യദോഷം രോഗം, ധനനാശം, 5 6 തിയതികളിൽ അശനശയനസൌഖ്യം, ധനബഹുമാനലാഭം, 7 8 തിയതികളിൽ സർപ്പാദികളിൽ നിന്നു ഭയം, ദുഃഖം, കലഹം 9 മുതൽ 18 കൂടി തിയതികളിൽ സ്ത്രീസുഖം, വസ്ത്രലാഭം, ധനലാഭം, കാര്യജയം, പ്രവൃത്തിഗുണം, ബന്ധുസംഗമം, കാര്യദോഷം, ധനനാശം, ദേഹാരിഷ്ടം 19 മുതൽ 24 കൂടി തിയതികളിൽ ഭക്ഷണസുഖം, ശയനസുഖം, വസ്ത്രലാഭം, ധനബഹുമാനലാഭം, സ്ത്രീസംഗമം, ജയം ശേഷം തിയതികളിൽ രോഗം, ദുഃഖം, കാര്യവിഘ്നം, ഭയം ഇവ ഫലമാകുന്നു.

## കന്നിക്കൂറ് ഉത്രത്തിൽ മുക്കാൽ, അത്തം, ചിത്രയിലര

1 മുതൽ 4 കൂടി തിയതികളിൽ രോഗം, ഭയം, ദുഃഖം, വിഘ്നം, 5 6 തിയതികളിൽ സുഖം, ധനലാഭം, രോഗശത്രുനാശം, 7 8 തിയതികളിൽ കാര്യവിഘ്നം, മാനക്ഷയം, ധനനാശം, 9 മുതൽ 12 കൂടി തിയതികളിൽ ബന്ധുസമാഗമം, ധനലാഭം, സ്ത്രീസുഖം, വസ്ത്രലാഭം, ജയം, കർമ്മഗുണം, രോഗശത്രുനാശം, 13 മുതൽ 27 കൂടി തിയതികളിൽ കാര്യവിഘ്നം, മാനക്ഷയം, ധനനാശം, സുഖം, വസ്ത്രധനലാഭം, ജയം, ശേഷം തിയതികളിൽ ഭയവും ഫലം.

തുലാക്കൂറ് ചിത്രയിൽ അര, ചോതി, വിശാഖത്തിൽ മുക്കാൽ.

1 മുതൽ 10 കൂടിയ നു-കളിൽ ഭക്ഷണശയന സൌഖ്യം, വസ്ത്രലാഭം, ജയം, കാൎയ്യപുഷ്ടി, രോഗശത്രുനാശം, ബഹുമാനലാഭം, 11 മുതൽ 19 കൂടിയ നു-കളിൽ വിഷഭയം, മനോദുഃഖം, കലഹം, ബന്ധനം, ഭയം, ഉദരരോഗം, പ്രവൃത്തിഗുണം, ബന്ധുസമാഗമം, ധനലാഭം, 20 മുതൽ 27 കൂടിയ നു-കളിൽ കാൎയ്യവിഘ്നം, ധനനാശം, ദേഹാരിഷ്ടം, ദുഃഖം, മാനക്ഷയം, ശേഷം നു-കളിൽ സ്ത്രീസുഖം, വസ്ത്രലാഭം, 20 മുതൽ 27 കൂടിയ നു-കളിൽ കാൎയ്യവിഘ്നം ധനനാശം, ദേഹാരിഷ്ടം, ദുഃഖം, മാനക്ഷയം ശേഷം നു-കളിൽ സ്ത്രീസുഖം, വസ്ത്രലാഭം, ധനലാഭം, ജയം ഇവ ഫലമാകുന്നു.

വൃശ്ചികക്കൂറ് വിശാഖത്തിൽ കാൽ, അനിഴം, തൃക്കേട്ട.

1 മുതൽ 8 കൂടിയ നു-കളിൽ കൎമ്മവൈകല്യം, മാനക്ഷയം, ധനനാശം, ഭയം, രോഗം, ബന്ധനം, 9 10 തിയതികളിൽ ദേഹാരിഷ്ടം, ധനനാശം, 11, 12 തിയതികളിൽ ഭക്ഷണസുഖം, ധനബഹുമാനാദിലാഭം. 13 മുതൽ 22 കൂടിയ തിയ്യതികളിൽ ജലഭയം, മനോദുഃഖം, കലഹം, ഭയം, ബന്ധനം, ഉദരരോഗം, ബന്ധുലാഭം, ധനലാഭം 23, 24നു-കളിൽ കാൎയ്യനാശം, ധനനാശം, ദേഹാരിഷ്ടം, 25 മുതൽ 27 കൂടിയ നു-കളിൽ ഭക്ഷണശയനസുഖം, വസ്ത്രലാഭം. ശേഷം നു-കളിൽ കാൎയ്യവിഘ്നം ഇവ ഫലമാകുന്നു.

ധനുക്കൂറ് മൂലം, പൂരാടം, ഉത്രാടത്തിൽ കാൽ.

1, 2 നു-കളിൽ വസ്ത്രലാഭം, സുഖം. 3, 4 നു-കളിൽ കാൎയ്യവൈകല്യം, മാനക്ഷയം, ധനനാശം, 5, 6 നു-കളിൽ സ്ത്രീസുഖം, വസ്ത്രലാഭം, ജയം. 7 മുതൽ 12 കൂടിയ നു-കളിൽ കൂപതടാകാദികളിൽ നിന്നു് ഭയം, വാതരോഗം, മനോദുഃഖം, കാൎയ്യവിഘ്നം, ധനനാശം, 13 മുതൽ 24 കൂടിയ നു-കളിൽ ഭക്ഷണസുഖം, ശയനസുഖം, ധനബഹുമാനലാഭം, ബന്ധുസമാഗമം, സ്ത്രീസുഖം, വസ്ത്രലാഭം, കാൎയ്യജയം, കൎമ്മപുഷ്ടി 25 മുതൽ 27 കൂടിയ നു-കളിൽ കാൎയ്യദോഷം, ധനനാശം, ദേഹാരിഷ്ടം, ശേഷം നു-കളിൽ സുഖം, ലാഭം ഫലമാകുന്നു.

മകരക്കൂറ് ഉത്രാടത്തിൽ മുക്കാൽ, തിരുവോണം, അവിട്ടത്തിൽ അര.

1, 2നു-കളിൽ കാൎയ്യദോഷം, ധനനാശം, ദേഹാരിഷ്ടം, 3 മുതൽ 11 കൂടിയനു-കളിൽ ഭക്ഷണസുഖം ശയനസുഖം, വസ്ത്രധനബഹുമാനലാഭം, ജയം, കൎമ്മപുഷ്ടി, 12, 13നു-കളിൽ രോഗം ദുഃഖം, വിഘ്നം, 13, 14നു-കളിൽ സുഖം, ധനലാഭം, രോഗശത്രുനാശം, 15 മുതൽ 22 കൂടിയനു-കളിൽ കൎമ്മവൈകല്യം, മാനക്ഷയം, അൎത്ഥനാശം, വിഷഭയം, ദുഃഖം, കലഹം, ഭയം, ബന്ധനം, രോഗം, 23 മുതൽ 27 കൂടിയ നു-കളിൽ കൎമ്മപുഷ്ടി, ബന്ധുലാഭം, ധനലാഭം, ശേഷം നു-കളിൽ കാൎയ്യദോഷം, ദേഹാസ്വാസ്ഥ്യം, ധനനാശം, ഇവ ഫലങ്ങളാകുന്നു.

കുംഭക്കൂറ് അവിട്ടത്തിൽ അര, ചതയം, പൂരുരുട്ടാതിമുക്കാൽ.

1 മുതൽ 6 കൂടിയ നു-കളിൽ ബന്ധുസംഗമം; ധനലാഭം; സുഖം, രോഗശത്രുനാശം, വസ്ത്രലാഭം, 7 മുതൽ 12 കൂടിയ തിയതികളിൽ പ്രവൃത്തിദോഷം, മാനഹാനി, ധനനാശം, ഭയം, രാജവിരോധം, രോഗം, ജലത്തിൽനിന്നു് ആപത്തു്, 13 മുതൽ 19 കൂടിയ തിയതികളിൽ ഭക്ഷണശയനസുഖം, ലാഭം, രോഗശത്രുനാശം, ബഹുമാന്യത. 20 മുതൽ 24 കൂടിയ തീയതികളിൽ വിഷഭയം മനോദുഃഖം, കലഹം ഭയം, ബന്ധനം, ഉദരരോഗം, ശേഷം തീയതികളിൽ കൎമ്മഗുണം, ബന്ധുപ്രാപ്തി, ധനലാഭം, ഇവ ഫലങ്ങളാകുന്നു.

മീനക്കൂറ്. പൂരോരുട്ടാതിയിൽ കാൽ, ഉത്രട്ടാതി, രേവതി.

1, 2 തീയതികളിൽ കാൎയ്യപുഷ്ടി, 3 മുതൽ 10 കൂടിയ തീയതികളിൽ വിഷഭയം, മനോദുഃഖം, കലഹം, വാതരോഗം, കൎമ്മവിഘ്നം, കാൎയ്യവിഘ്നം, മാനക്ഷയം, ധനനാശം, 11, 12 തീയതികളിൽ സ്ത്രീസുഖം, വസ്ത്രലാഭം, 13 മുതൽ 19 കൂടിയ തീയതികളിൽ ജലഭീതി, അശനശയനസൌഖ്യം, ധനബഹുമാനലാഭം, 23 മുതൽ 27 കൂടിയ തീയതികളിൽ വിഷജീവികളിൽനിന്നു് ഭയം, മനോവിഷമം, കലഹം, രോഗം, ബന്ധനം, ശേഷം തീയതികളിൽ കാൎയ്യഗുണം ഫലം.

## ശ്രീ: പി. ബാലകൃഷ്ണക്കുറുപ്പ് എഴുതുന്നു:

കളരി മാസിക 4–ാം ലക്കത്തിൽ കെ. ജി. കോയമ്പത്തൂരിന്റെ ജിജ്ഞാസ എന്ന ലേഖനത്തിന്ന്.

———x———

ആയുസ്ഥാനാധിപ:കേന്ദ്രെ–എന്ന പ്രമാണം സ്വകല്പിതമല്ലെന്നു ബൃഹൽപരാശരഹോര 19–ാം അദ്ധ്യായം 1–ാം ശ്ലോകം നോക്കിയാൽ അറിയാവുന്നതാണ്. ജാതകൈക്യം എന്ന എന്റെ പ്രസിദ്ധീകരണം മേൽകാണിച്ച ഗ്രന്ഥത്തേയും അതുപോലെ അനുഭവയോഗ്യങ്ങളായ ഇതരഹോരാ ഗ്രന്ഥങ്ങളേയും ക്രോഡീകരിച്ച് എഴുതുന്നതാണ്. കലിയുഗത്തിങ്കൽ പരാശരവചനത്തിന്ന് ആചാര്യന്മാർ പ്രാധാന്യം നല്കിയിട്ടുണ്ട്. അതുകൊണ്ട് വിദ്യാർത്ഥിയും ജിജ്ഞാസക്കധീനനുമായ താങ്കൾ താങ്കളുടെ ദൃഷ്ടിയിൽ പെടാത്തതായ എതെങ്കിലും പദ്യങ്ങൾ പ്രസിദ്ധീകരണങ്ങളിൽ കാണുന്നതായാൽ, കൂടാതെ ഹോരാ ഗ്രന്ഥങ്ങൾ അനേകമുണ്ടെന്നു മനസ്സിലാക്കി കഴിയുന്നതും ആ വക ഗ്രന്ഥങ്ങൾ മനസ്സു നിരുത്തി പരിശോധിച്ച് സംശയനിവൃത്തിവരുത്തുന്നതുമായിരിക്കും നല്ലത്. അങ്ങിനെ ചെയ്യുവാൻ ദയവുണ്ടാകുന്ന പക്ഷം കുറുപ്പിന്റെ ഉറപ്പ് ഉപ്പാണെന്നുതന്നെ താങ്കൾക്ക് ബോദ്ധ്യമാവുന്നതാണ്.

മേൽകാണിച്ച പ്രസിദ്ധീകരണത്തിൽ താങ്കൾക്കു ഇനിയും ജിജ്ഞാസക്ക് ഇടവരുത്തുന്നതായ പദ്യങ്ങൾ കണ്ടു എന്നു വന്നേക്കാം. പക്ഷെ അങ്ങിനെ കാണുന്ന പദ്യങ്ങൾ സ്വകല്പിതമല്ലെന്നും വെറും കട ശ്ലോകങ്ങളല്ലെന്നും ജിജ്ഞാസക്കധീനനായ താങ്കളെ അറിയിപ്പാനായി ഞാൻ ആഗ്രഹിക്കുന്നു.

ജാതകൈക്യമെന്ന പ്രസിദ്ധീകരണത്തിന്റെ വ്യാഖ്യാനത്തിൽ എതെങ്കിലും പിശകുകൾ സംഭവിക്കുന്നുണ്ടെങ്കിൽ അതിനെ ചൂണ്ടി കാണിച്ചു തന്നാൽ എന്നാൽ കഴിയുന്ന വിധം തെറുകൾ തിരുത്തുവാൻ ഞാൻ സന്നദ്ധനാണ്. വീൺവാദത്തിന്ന് എനിക്കു സമയമില്ലാത്തതിനാൽ ഇതോടുകൂടി ഈ പന്ഥാവിൽ നിന്നും ഞാൻ വിരമിക്കുന്നു.

എന്നു, ടി. ബാലകൃഷ്ണക്കുറുപ്പ്.

———


### ഭ്രാന്തോ? അതു് സാരമില്ല!!

ഭ്രാന്തു്, അപസ്മാരം, എന്നി മാനസീക രോഗങ്ങൾ എത്ര കാലപ്പഴക്കമുള്ളതായാലും ശരി! നിഷ്പ്രയാസം സുഖപ്പെടുത്തണമെങ്കിൽ! വൈദ്യൻ കെ. ജി. കുഞ്ഞുണ്ണിക്കുറുപ്പ് അവർകളെ സമീപിക്കുക.



വൈദ്യൻ, കെ. ജി കുഞ്ഞുണ്ണിക്കുറുപ്പ്,
P. O. ചേർപ്പ്. (T. C. State.)

N. B. കൈവിഷത്തിന്നു പ്രത്യേക സിദ്ധൗഷധങ്ങൾ.

# KALAKENDRAM MEDICAL STORES,

WEST NATAKKAW, TRICHUR.

ശാസ്ത്രീയമായി തെയ്യാർചെയ്തു സൂക്ഷിച്ചിട്ടുള്ള ആയുർവേദ ഔഷധങ്ങളും, പാണ്ഡിത്യവും, പ്രായോഗിക പാണ്ഡിത്യവും സിദ്ധിച്ചിട്ടുള്ള പ്രസിദ്ധന്മാരായ വൈദ്യന്മാരുടെ വൈദ്യസഹായങ്ങളും, നിങ്ങൾക്കു ഒരിടത്തുനിന്നുതന്നെ ലഭിക്കുന്നതാണ്. സമീപിക്കുക.

കലാകേന്ദ്രം മെഡിക്കൽ സ്റ്റോർസ്,
പടിഞ്ഞാറെ നടക്കാവ്, തൃശൂർ


---


# Save Time, Labour & Money

**HERE WE ARE AT YOUR SERVICE FOR**

REPAIRING RECONDITIONING, OVERHAULING
CLEANING

**and every other thing connected with a**
**TYPEWRITER of any make or model.**

## Repair of Numbering Machines

**A Speciality.**

RECONDITIONED AND 2ND HAND TYPEWRITERS ARE SOLD AT COMPETITIVE RATES.

## GUARANTEED WORKS & MODERATE CHARGES

**Prompt execution, Quick delivery, reasonable rates & satisfactory dealing are our MOTTO**

CONTACT:

# WESTERN TYPEWRITER Co.,

CHALISSERY BUILDINGS, TRICHUR.


---


## ഇതൊരു സുവർണ്ണാവസരമാകുന്നു!

ആയുർവേദ സിദ്ധവൈദ്യ സമ്പ്രദായങ്ങളിൽ ഉപരി വിദ്യാഭ്യാസം സിദ്ധിച്ച അനേകായിരം
രോഗികളെ ചികിത്സിച്ച് അത്ഭുതാവഹമായ ഫലസിദ്ധികൊണ്ട് പ്രശസ്തനായ
വൈദ്യകലാനിധി എം. കെ. കെ. പണിക്കർ **D. I. M. & S,** അവർകൾ
എല്ലാ ദിവസവും പകൽ 8 മണി മുതൽ ഉച്ച തിരിഞ്ഞ് 6 മണിവരെ വരുന്ന രോഗികളെ
പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതിനായി തൃശ്ശിവപേരൂർ പടിഞ്ഞാറെ
നടക്കാവിൽ പറോക്കാലിച്ചന്തക്കു സമീപം സ്ഥാപിച്ചിട്ടുള്ള അശോകാഫാർമസി
യിൽ ഉണ്ടായിരിക്കും. രോഗബാധിതർക്ക ഇതൊരു അനുഗ്രഹവും!
ആശ്വാസ പ്രദവുമാണ്.

ഉടനെ അപേക്ഷിക്കുക:

സിദ്ധമുറപ്രകാരമുള്ള നീററുമരുന്നുകളും ആയുർവേദമരുന്നുകളും
മിതമായ വിലക്ക് വിററുവരുന്നു.

എന്ന്, മാനേജർ, അശോകാ ഫാർമസി

# കലാകേന്ദ്രം റിപ്പോർട്ട്

തൃശ്ശൂർ കലാകേന്ദ്രത്തിന്റെ പ്രാധിനിധ്യത്തിൽ സമാരംഭിച്ചിട്ടുള്ള മെഡിക്കൽ വിഭാഗത്തെപ്പറ്റി നിങ്ങളെല്ലാവരും ഇതിനകം അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു.

ആയുർവേദത്തിന്റെ മഹത്വത്തെ ചോദ്യംചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആ ശാസ്ത്രത്തിന്റെ താത്വീക സിദ്ധാന്തങ്ങളെ വിശദീകരിച്ച് അതിന്റേതായ സ്ഥിതി പുനസ്ഥാപിതമാക്കേണ്ടതു ഭാരതീയരായ നമ്മുടെ ചുമതലയാകുന്നു.

അടുത്തു തൃശ്ശിവപേരൂർ കൂടിയ അഖിലേന്ത്യാ മെഡിക്കൽ കോൺഫ്രൻസിൽ ബഹുമാനപ്പെട്ട ഹൈദ്രബാദ് മന്ത്രിയും Dr. കരുണാകരനും ആയുർവേദത്തെ സംബന്ധിച്ച ചെയ്ത പ്രസംഗങ്ങൾ ഇതിനു ഉദാഹരണമാകുന്നു.

അതുകൊണ്ട് അലോപ്പതി വൈദ്യന്മാരുടേയും ആയുർവേദ വൈദ്യന്മാരുടേയും ഐകകണ്ഠ്യമായ അഭിപ്രായത്തോടുകൂടി ഒരു ആയുർവേദിക് നേഴ്സിങ്ങ് ഹോം തൃശ്ശിവപേരൂരിൽ സ്ഥാപിച്ച് പ്രവർത്തിക്കുവാൻ കലാകേന്ദ്രം ഭാരവാഹികൾ തീരുമാനിച്ചിരിക്കുന്നു.

അലോപ്പതി വൈദ്യന്മാരുടെ വിചക്ഷണമായ പരിശോധനകൾക്കുശേഷം തീരുമാനിക്കപ്പെട്ടിട്ടുള്ള വ്യാധികൾ—അവർ കൃച്ഛ്രസാദ്ധ്യങ്ങളെന്നു പറയുന്ന വ്യാധികൾ—എല്ലാം യഥാകാലം ആയുർവേദ വൈദ്യംകൊണ്ടു സുഖപ്പെടുത്തുവാൻ സാദ്ധ്യമാകുമോയെന്നു പരിശോധിച്ചറിഞ്ഞു പൊതുജനദൃഷ്ടിയിൽ പെടുത്തുവാൻവേണ്ടി പ്രശസ്തന്മാരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രശസ്തിയാർജ്ജിച്ചിട്ടുള്ള ഏതെങ്കിലും നേഴ്സിംഹോമിനോടു യോജിച്ചു "ഓൾ ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ" അറിവോടുകൂടി ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ വൈസ് പ്രസിഡണ്ട് ഡോക്ടർ വി. എൻ കൃഷ്ണയ്യർ അവർകളുടെ നേതൃത്വത്തിൽ അഷ്ടവൈദ്യന്മാരുടെ സഹായത്തോടുകൂടി കലാകേന്ദ്രം നേഴ്സിങ്ങ് ഹോം തുടങ്ങുവാൻ വേണ്ടതായ ഒരുക്കങ്ങൾ ചെയ്തുവരുന്നു.

കലാകേന്ദ്രത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഒരു മെമ്മോറാണ്ടമായി തിരു:കൊച്ചി രാജപ്രമുഖൻ തിരുമനസ്സിലേക്കു സമർപ്പിച്ചിരിക്കുന്നു.

———x———

# SHADOW GAZING

Dr. K. K. RAMDAS. Ph. D. Sc.

Ayurveda Sastry.

THE shadow is born with the person, hence it is called the twinborn. The mystery of the shadow is highly interesting to the research scholars in spiritualism. Even after the demise of the individual the shadow exists with full life. It moves about equally with all desires of its twinborn physical body before death.

Our ancient yogis and sidhas have done many unimaginable wonders through the shadows. Anybody who is interested in spiritual studies can practice the same by the directions of the Guru and gain the same results which our ancient sidhas were enjoying.

Even today some spiritualists highly cultured in clairvoyance and clairaudience, which are considered to be a section course of the so-called mesmerism, also do many wonders. They see far away persons by means of clairvoyance and hear their voices by clairaudience, and communicate with them telepathically.

The constant gazing practice in concentration on the shadow in daylight, morning and evening, and in moonlight, when the shadow is between ten and five feet in length by his own foot daily for twelve years brings him up to the success of spiritual communion. Such a person gets Ashtaiswarias in the end. Then the shadow will talk and move with the person and obeys all his commands. The practice of shadow gazing can be done inside a big and electrified room void of any sound and other articles of obstructions. The room must be very broad and high well cleaned and completely white-washed.

The subject must stand erect stretching down his hands gazing on the shadow from foot to head without winking for five to ten minutes. Then an aura will be visible sorrounding the shadow, which increases his will power and belief in the same.

After a few days constant practice, if in the electrified room suddenly look on the wall or ceiling, or if in the daylight or moonlight, look upon the clear sky, where a huge reflection of the shadow will be visualized in white smoky colour. This secret method of spiritual communion elevates the man to supreme divinity leading to the union with the infinite soul.

Our Rishis, sidhas and several other divine persons who were masters in occult sciences have forecasted their future, also by shadow gazing. If the reflection of the shadow seen is white means there is no fear of any calamities and his life will be long. The copper colour of the same indicates short life and black colour for evil effects. If the colour of it is golden he will enjoy all sorts of pleasures. If the hands or legs are invisible the person dies within six months. If the head is invisible the death is sure to be happend within three months.

The practice of shadow gazing is therefore another method of yoga practice lying hidden in our scriptures, which I put forth nackedly for the benefits of the readers who are extremely interested in the studies of occultism.

—x—

# இலக்கினபலன்

(தமிழ் ஜோதிடர் புத்தன்சிறை நடேசக்குறுப்பு)

## மேடம்.

(கவி)

நாடிய மேடலக்கின பலன்றன்
ராசபூச்சியன்றிரபுத்தி
நகைசெய்வனடிமையுளனுயர்தந்த
நலிந்தமெய்தனமுளன் சமர்த்தன்
நீடிய தரும சாத்திரங்கேட்ப
னீள்கழுத்தோனெறிவசனன்
நிறைந்திடு கோபியிளைத்திடு முழந்தா
ணேர்படு மிருகத்தை வதைப்பன்
வீடியவைந்திற்றீப்பயமேழிற்
பத்தினிற் சுரமிருபதிலோ
மேவுபாலவன் வாய் காதநோ யிரண்டு
வீறுபத்திரண்டினிற்பாம்பால்
தேடியவையைந்தினிற்சலகண்டஞ்
செழித்தநாலேழினிற்பிளவை
சென்மலக்கினந்தான் சுபக்கிரகங்க
டெரிசனை வயதுநூறுண்டே.

(இ-ள்) அரசராலபிமானம், திடப்பொருந்திய புத்தி, நகை, அடிமை, நீண்ட பல்லு மெலிந்த தேகம், செல்வம், சாமர்த்தியம், தருமசாஸ்திரகல்வி, நீண்ட கழுத்து, சத்தியவாக்கு கோபம், இளைத்தமுழங்கால், மிருகத்தை வதைத்தல், 5 வயதில் அக்கினி பீடை, 7-10, இந்த வயதில் ஜுரம், 20 வயதில் வாய் நோய், காதுநோய், 22 வயதில் பாம்பாற் பயம், 25 வயதில் ஜல கண்டம், 28 வயதில் பிளவை, இவைகள் மேட இலக்கினத்திற் பிறந்தவனுக்கு பலனும்.

(கவி)

மார்கழி பூரணைமன்னிய வியாழம்
ஏர்பெறுரோணியிரவொருபத்தாம்
சீர்பெருகடிகையிற்சேர்தலை நோயால்
நேர்பெறப்புகலுவர்கிரியாணமென்றே.

(இ-ள்) நூறுவது வயதிற் மார்கழி மாதத்தில் வியாழக்கிழமையும், பூரணைத்திதி யும், ரோகணிநக்ஷத்திரமும், கூடியதினம, இரவு 10 நாழிகைக்குள் தலைவலியால் மரணமாவ னென்று பெரியோர்கள் சொல்லுவார்கள். எ-று

# இடபம்.

(கலி)

ஆண்டிடுமிடபலக்கினம் பரமர்க்
கன்புறு பூசை சத்தியவா
னர்ப போசனவான்றூலதேகத்தி
னடிமையாளன்புளிப்பிரியன்
வேண்டிய கணிதன்வஸ்திராபரணன்
மெல்லிய செவியினன் புத்தி
விரும்பிய குழவிபோல் விளையாடி
வெற்றியாய்ப்பிறர்பொருள்கொள்வன்
தூண்டிடுமிருமலுளன் பெருமைந்தற்
சொல்விருப்பன்வயதைந்தில்
சுசிபயங்கழுத்திற்பிணிபதினாற்
றலங்குபத்தொன்பதிலிருமம்
தாண்டியவிருபதுடனிருபத்தேழ்
தன்னிலே சுரஞ்சுபக்கிரகம்
தானுமே பார்க்க வயதெழுபத்தேழ்
தரையினில் வாழ்ந்திருப்பானே.

(இ-ள்) ரஷபலக்கினத்திற் பிறந்தவன் பரமனை பூசை செய்பவனும், சத்தியவானுமாகும். மிதமாய் புசிப்பவனும், தூலதேகத்துடையவனும், அடிமைகள், புளிப்பிற் பிரியம், கணித வல்லான், வஸ்திராபரணங்கள், மெலிந்த செவி, பிள்ளைபோல் விளையாட்டம், அன்னியர்களுடைய செல்வம் அபகரிக்கப்பெடுதல், இருமல் நோய், பிள்ளைகளின் சொல்களில் விருப்பம், இவ்வகையுளனும். 5, வயதில் நெருப்பினல் பீடை. 16 வயதிற் கண்டமாலை, 19 வயதில் இருமல் நோய், 20, 27, வயதுகளில் ஜுரநோய் இவை உண்டாகும், சுபக்கிரகங்கள் பாற்வையுற்றால் 77 வயதுவரை வாழ்வன். எ-று.

(கலி)

ஆவணிமுற்பக்கத்திரயோதசி
மேவுநல்லுத்திராடமுந்திங்கள்
தாவறு சாயங்காலவேளையினில்
ஒவறுசுரத்தால் நிரியாணமுறுமே.

(இ-ள்) ஆவணிமாதமும், சுக்கிலபக்ஷதிரயோதசியும், உத்திராட நக்ஷத்திரமும், கூடிய திங்கட்கிழமையன்று சாயங்காலத்தில் ஜுரத்தால் மரணமாவான். எ-று.

# ॥ इन्द्रिय-विज्ञान ॥

## रुधिराभिसरण।

निखिलभारतवैद्यसदः सुधाधरकलेव गतत्रितयापहा।
विविधविज्ञनिबन्धमनोहरत्यतिमतीयमुदेति सुपत्रिका ॥

(नि० भा० आयुर्वेदमहामण्डलविद्यापीठतः प्रकाशिता)

[ लेखक डॉ. मल्हार विनायक आपटे, बी. एस्‌सी. एम्. बी. बी. एस्. पूना. ]

यहाँ तक आयुर्वेदसंहिताओं के जिन वचनों का ऊहापोह किया गया है उससे पाया जाता है कि उनमें मुख्य अभिसरण क्रिया का विचार नितांत थोडा हुआ है। जो कुछ कहा गया है, वह आयुर्वेदाचार्यों ने चिकित्साव्यवहार में जैसे आया वैसे अनुषंगरूपेण कहा है। किन्तु केवल शारीरक्रियाओं का अवलोकन एवं उनकी व्युत्पत्तिविषयक विचार करना इत्यादि क्रम उनका नहीं दिखाई देता। ऐसा होना स्वाभाविक है क्यों कि किसी की भी दृष्टि मानवी व्यवहार में ही विशेष रहा करती है। इस प्रकार के व्यावहारिक लोगों की जब अधिक संख्या होती है, तभी उनमें से कुछ लोगों को ज्ञान की किसी एक ही शाखा की ओर ध्यान देने का अवसर मिलता है। कदाचित् ऐसे ऋषि भी पहिले हुए होंगे किंतु उनकी कोई रचना संप्रति हमें उपलब्ध नहीं है। अस्तु,

आधुनिक शास्त्रों में अभिसरणक्रिया का विचार बहुत कुछ विस्तार से किया हुआ मिलता है। यह सच है कि व्यावहारिक वैद्य को इस विस्तृत विचार को स्वयं ढूँढ निकालने के लिए अवकाश नहीं है, तथा उतना उक्त विस्तृत विचार यदि किसी ने एक जगह कर रखा हो तो उसका आकलन करना कठिन नहीं है और न ऐसा करने से आयुर्वेद के विरुद्ध कुछ हो जाने की ही आशंका है। शारीरक्रिया के प्रपंच को हम नित्य प्रति देख रहे हैं। केवल इस मूल भावना के धारण करने से सब काम बन जाता है। हमें भली-भांति से देखना चाहिए कि इस में अनुभव का भाग कौन-सा है और कौन-सा भाग व्युत्पत्ति का है। अनुभव का सम्मान करना हमारे लिए परम आवश्यक है। इतना ही नहीं, जहाँ तक बने उसकी वृद्धि के लिए हमें लगातार प्रयत्न करना चाहिए। उपपत्ति के संबन्ध में हम पूर्ण स्वतन्त्र रह सकते हैं किन्तु मुख्य बात है कि उसका उद्देश हरदम हमारे ध्यान में बना रहे और वह यही है कि "कम से कम परिश्रम करके हम अधिकाधिक अनुभव प्राप्त करते रहें"।

अब इसके आगे हम रुधिराभिसरण संबन्ध में उपलब्ध हुए ज्ञान का सारांश कहेंगे, इसलिए कि कम से कम इतने भाग को प्रत्येक साधारण वैद्य का काम है कि वह जान लेवे।

शरीर में अहर्निश चालू रहनेवाली क्रियाओं में रुधिराभिसरणक्रिया बडे महत्त्व की है। इस क्रिया की इन्द्रियें हृदय और उससे जुडी हुई रक्तवाहिनियों का समूह है। इन में रक्त का फिरते रहना ही रुधिराभिसरण है। रक्तवाहिनी व्यूह के दो विभाग हैं, धमनियें और सिरायें। हृदय से रक्त को लेकर गात्रों की ओर ले जानेवाली वाहिनियें धमनियें कहलाती हैं और इसी प्रकार गात्रों की ओर से हृदय की ओर रक्त को वहा ले जानेवाली सिरायें कहलाती हैं। इनके अतिरिक्त इनसे जुडी हुई बहुत-सी बारीक से बारीक वाहिनियें हैं। उन्हें परिवाहिनियों कहना ठीक होगा। इन सब में केवल परिवाहिनियें ही ऐसी हैं, जिन में से रक्तद्रव निर्झर की तरह बाहर आ सकता है। परन्तु इनके छिद्र इतने सूक्ष्म होते हैं कि वे आंखों एवं सूक्ष्मदर्शक काच से भी दिखाई देने योग्य नहीं होते। इनकी बनावट इकहरी एवं पतली होने से उन में से द्रव भीतर और बाहर झरता रहता है। धमनियों तथा सिराओं के थर मांसल होते हैं किन्तु सिराओं का मांसल थर पतला रहता है और धमनियों का उनकी अपेक्षा बहुत गाढा। इसीलिए धमनियें बहुत बलिष्ठ रहती हैं। धमनियों और शिराओं की रचना का यह अन्तर हृदयगुहाओं में भी दिखाई देता है। धमनियें हृदय की निम्न गुहा से और सिरायें ऊपर की गुहा से जुडी रहती हैं और ऊपर की गुहा से नीचे की गुहा अधिक जाडी और बलवान् रहती है। अब हमें यह देखना है कि इन में यह भेद क्यों है?

किसी भी पदार्थ के गतिमान् रहने से उसकी गति किसी एक दिशा की ओर निरन्तर रहा करती है किन्तु उस में आगन्तुक प्रत्यवाय कदापि नहीं होना चाहिए। रक्ताभिसरण के विषय में देखा जाता है कि रक्तवाहिनियों के तट से रक्त का संघर्षण बहुत कुछ हुआ करता है। इतना ही नहीं, रक्त के एक एक कण एवं बूँद-बूँद में भी बहुत संघर्षण होता है। इसके सिवा रक्तवाहिनियों की दिशा भी क्षण क्षण में बदलती रहती है। इन सब कठिनाइयों में से अपना मार्ग बनाते हुए रक्त को बारंबार बडा जोर लगाना पडता है और इस जोर की प्राप्ति उसे हृदय के मांस की ओर से हुआ करती है। हृदय का मांस जब फैलता है, तब उसके कारण हृदयगुहाओं का कोठा कम पड जाने से उस में का रक्त बाहर आता है। हृदयगुहाओं के झडपों की रचनाविशेष के कारण बाहर आनेवाला रक्त केवल धमनियों में ही गिरता या पडता है। हृदय के मांस की तरह, धमनियों का मांस भी शिराओं में रक्त को ढकेल देने का कुछ थोडा काम भी करता है। किसी पम्प द्वारा ढकेला हुआ पानी जैसे लोहे या कपडे की नली द्वारा बहता है, उसी प्रकार हृदय एवं धमनियों का ढकेला हुआ रक्त भी सिराओं द्वारा बहता बहता हृदय की विकासित अवस्था में, उस में जा गिरता है। रक्त को आगे सरकने के लिए शिराओं के मांस से किसी प्रकार का बल प्राप्त नहीं होता।

(ഉടമം)